KOTTAYAM PUBLIC LIBRARY

Call No. M.[illegible] Acc. No. 13060

Author [illegible]

Title [illegible]

839

# Twelve Minor Prophets

13060

# പന്ത്രണ്ടു 'ചെറിയ' പ്രവാചകന്മാരുടെ ഗ്രന്ഥങ്ങൾ

ഗ്രന്ഥകർത്താവു:
റവ. കെ. മാക്ക്

NATIONAL BOOK STALL
SPCS LTD.
KOTTAYAM

PUBLISHED BY THE MALAYALAM CHRISTIAN LITERATURE COMMITTEE
WITH THE HELP OF THE INDIAN LITERATURE FUND OF THE
NATIONAL CHRISTIAN COUNCIL

1948

Price: 6 Annas.] [വില: ൬ അണ.

First Edition 1500 copies.

Printed at the Basel Mission Press, Mangalore.
P. I. C. Q. H. No. S.K. 1.—21-11.-'47.

Dedicated

To

Rev. A. Streckeisen

General President, Basel Missionary Society in India

as a token of deep reverence and affection

and

as a humble tribute for the invaluable services
he rendered as a silent worker both in the Mission
and the Church in Malabar.

*The Author*

# മുഖവുര.

പഴയനിയമത്തിലെ പന്ത്രണ്ടു 'ചെറിയ' പ്രവാചകന്മാരെപ്പററി റവ. കെ. മാക്ക് അവർകൾ എഴുതിയിട്ടുള്ള ഈ ലഘുഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിൽ മലയാള ക്രൈസ്തവ സാഹിത്യ സമിതിക്കു വളരെ സന്തോഷം ഉണ്ട്. വേദപുസ്തക പഠനത്തിനു ഇതു വളരെ സഹായം നല്കുന്നതാണ്.

ഈ പന്ത്രണ്ടു യെഹൂദപ്രവാചകന്മാർ ജീവിക്കയും പ്രവർത്തിക്കയും ചെയ്ത കാലത്തെ രാഷ്ട്രീയവും സാമൂഹ്യവുമായ സ്ഥിതിഗതികളും ആദർശങ്ങളും ഏതു വിധത്തിലുള്ളവയായിരുന്നു എന്നു സൂക്ഷ്മമായി മനസ്സിലാക്കിയാൽ മാത്രമെ അവർ ദൈവനാമത്തിൽ പ്രഖ്യാപനം ചെയ്ത ദൂതിന്റെ കരുത്തും വ്യാപ്തിയും നമുക്കു ഗ്രഹിപ്പാൻ സാധിക്കയുള്ളു. ഈവിധ കാര്യങ്ങളെപ്പററിയുള്ള അറിവു ഈ പുസ്തകംമൂലം വായനക്കാർക്കു ലഭിക്കുന്നു.

അനേക നൂററാണ്ടുകൾക്കു മുൻപു യെഹൂദജാതിയോടു പ്രത്യേകമായി പ്രസ്താവിക്കപ്പെട്ട സന്ദേശങ്ങളിൽ ഉൾക്കൊള്ളുന്ന ശാശ്വത തത്വങ്ങൾ ഇന്നത്തെ ലോകത്തിനും ഏററവും പററിയതാണ്. യെഹൂദജാതിക്കു് ലഭിച്ച ഉന്നതമായ ആത്മീയ ദർശനത്തെ അവർ വിസ്മരിച്ചു് പലപ്പോഴും ദൈവത്തിന്റെ വഴിയെ ഉപേക്ഷിച്ചു് അവരുടെ രാഷ്ട്രീയ നയവും സാമ്പത്തിക ഏർപ്പാടുകളും നിയന്ത്രിച്ചപ്പോൾ അകത്തുനിന്നും പുറത്തുനിന്നും അവർക്കു നേരിട്ട ആപത്തുകളെപ്പററി ഈ പ്രവാചകന്മാർ നല്കിയ അനുശാസനങ്ങളും ഉൽബോധനങ്ങളും, ഇന്നും ലോകത്തിലെ പല രാജ്യങ്ങൾ കാര്യമായി ശ്രദ്ധിക്കേണ്ടതായിട്ടാണു സ്ഥിതിചെയ്യുന്നതു. രാഷ്ട്രീയ സാമൂഹ്യ വ്യവസ്ഥിതികളിൽ അനീതിയും അക്രമവും പ്രബലപ്പെട്ടു് തൽഫലമായി ബഹു ഭൂരിപക്ഷം ജനങ്ങൾ ദാരിദ്ര്യത്തിലും ഭീതിയിലും ജീവിതം നയിക്കയും, ശക്തിയും സ്വാധീനവും കരസ്ഥമാക്കിയിട്ടുള്ള ചുരുക്കം ചില പ്രമാണികൾ സ്വാർത്ഥതല്പരരായി സുഖാവഹമായ രീതിയിൽ ജീവിക്കയും, ചെയ്യുന്ന സങ്കടകരമായ കാഴ്ച ഈ പ്രവാചകന്മാർ കണ്ടപ്പോൾ ഹൃദയവേദനയോടുകൂടെ അവർ ഉച്ചരിച്ച വചനങ്ങൾ നാം വായിക്കുന്നു. ഹൃദയംഗമമായ ഈ വാക്യങ്ങൾ നമ്മുടെ ഇന്നത്തെ ലോകത്തെ ഉദ്ദേശിച്ചു എഴുതപ്പെട്ടവയാണെന്നു തോന്നിപ്പോകുന്നു.

നീതിയും സ്നേഹവുമുള്ള ദൈവത്തിൽ ഈ പ്രവാചകന്മാർക്കു് ദൃഢവിശ്വാസം ഉണ്ടായിരുന്നതുകൊണ്ടു അന്ധകാരനിബിഡമായിരുന്ന ആ കാലങ്ങളിൽ അവർ നിരാശയ്ക്കു അധീനരായില്ല. അനീതിക്കും പാപത്തിനും ലോകത്തിൽ എത്രതന്നെ പ്രാബല്യം ഉണ്ടായാലും ഒടുവിൽ നന്മയും സത്യവും ജയിക്കതന്നെ ചെയ്യും എന്ന മഹനീയ ദൗത്യം അവർ വഹിക്കയും ഉൽഘോഷിക്കയും ചെയ്തു.

ദൈവാത്മപ്രേരിതരായ പ്രാചീനകാലങ്ങളിലെ ഈ യെഹൂദ മഹാത്മാക്കൾ ലോകത്തിന്നു നല്കിയ ശാശ്വതമായ അദ്ധ്യാത്മിക സന്ദേശങ്ങൾ വേണ്ട വിധം മനസ്സിലാക്കുന്നതിനും അവയെ ജീവിതത്തിൽ പ്രായോഗികമാക്കുന്നതിനും ഈ പുസ്തകം അനേകരെ സഹായിക്കട്ടെ.

**പി. ഒ. ഫിലിപ്പ്,**
കൺവീനർ,
മലയാള ക്രൈസ്തവ സാഹിത്യ സമിതി.

തിരുവല്ലാ,
നവംബർ **24, 1947.**

# അവതാരിക.

---

മംഗലപുരം ബാസൽ മിശ്യൻ സിമിനാറിയിൽ 1935 — 1937വരെ വൈദീക വിദ്യാപരിശീലനത്തിന്നായി പോയിരുന്ന വിദ്യാർത്ഥികളെ പഴയനിയമസംഹിതയും മററും പഠിപ്പിച്ചിരുന്ന അവസരത്തിലായിരുന്നു ഈ പുസ്തകത്തിന്നു ആധാരമായ സംഗതികൾ എഴുതിയുണ്ടാക്കിയതു.

ഇതു രചിക്കുന്നതിന്നു ഞാൻ ഉപയോഗിച്ച ഗ്രന്ഥങ്ങളുടെ പേരുകൾ താഴെ ചേർക്കുന്നു: —

(1) Rev. G. Luebke's notes on O. T. Introduction.

(2) One volume Commentary by The Rev. J. R. Dummelow, M.A.

(3) Peake's Commentary on the Bible.

(4) Scofield's Reference Bible.

(5) Driver's introduction to the O. T. Books.

(6) Hastings Dictionary.

ഇത്തരം വില പിടിച്ച ഗ്രന്ഥങ്ങൾ പഠനം ചെയ്യാൻ കഴിയാത്തവർക്കും വൈദീകവിദ്യാർത്ഥികൾക്കും വേദപഠനക്ലാസ്സുകൾക്കും ഈ രചന പ്രയോജനമായിരും എന്ന ഉദ്ദേശ്യമാണ് എന്നെ ഈ ചെറുപുസ്തകം എഴുതുവാൻ പ്രേരിപ്പിച്ചതു.

ഇന്ത്യായിലെ ബാസൽ മിശ്യൻ ജനറൽ പ്രസിഡെണ്ട് Rev. A. Strecheisen അവർകളോടു എനിക്കുള്ള ഹൃദയംഗമായ ബഹുമാനം, സ്നേഹം, കൃതജ്ഞത എന്നിവയുടെ ഒരു ചിഹ്നമായ ഈ രചന അദ്ദേഹത്തിന്നു സമർപ്പണം ചെയ്യുത് സദയം സ്വീകരിച്ചതിന്നു ഞാൻ കൃതാർത്ഥനായിരിക്കുന്നു.

ചാലപ്പുറം,
14—11—1947.

*K. Mark.*

# പൊരുളടക്കം


പുറം.

A. പ്രവചനഗ്രന്ഥങ്ങൾക്കുള്ള സാമാന്യസൂചകങ്ങൾ.

1. പ്രവാചകന്മാരുടെ ഉത്ഭവം . . . . . . . . . . 1
2. 'വലിയ' 'ചെറിയ' പ്രവാചകന്മാർ എന്ന നാമധേയത്തിനുള്ള കാരണം . . . . . . . . . . . . 3
3. പ്രവാചകന്മാരുടെ ജീവിതകാലപ്പട്ടിക . . . . . . 4
4. പ്രവാചകളിവ്യാവിഷ്കരണം. . . . . . . . 5
5. പ്രവാചകൻെറ കൃത്യം മൂന്നു വിധമായിരുന്നു . . . . 5
6. ഒരുവൻ യഹോവയുടെ പ്രവാചകനെന്നു തിരിച്ചറിയുന്നതെങ്ങിനെ. . . . . . . . . . . 8

B. 'ചെറിയ' പ്രവചനഗ്രന്ഥങ്ങൾക്കുള്ള അവതാരിക. . . . 9

ഹോശേയാ പ്രവാചകൻെറ പുസ്തകം . . . . . . 10
ആമോസ് പ്രവാചകൻെറ പുസ്തകം . . . . . . 20
യോവേൽ പ്രവാചകൻെറ പുസ്തകം . . . . . . 26
പ്രവാചകനായ ഓബദ്യാവിൻെറ പുസ്തകം . . . . 32
യോനാ പ്രവാചകൻെറ പുസ്തകം . . . . . . 36
മീഖാ പ്രവാചകൻെറ പുസ്തകം . . . . . . 40
നഹൂം പ്രവാചകൻെറ പുസ്തകം . . . . . . 46
പ്രവാചകനായ ഹബക്കൂക്കിൻെറ പുസ്തകം . . . . 49
പ്രവാചകനായ സെഫന്യാവിൻെറ പുസ്തകം . . . . 53
പ്രവാചകനായ ഹഗ്ഗായിയുടെ പുസ്തകം . . . . 58
സെഖര്യാവു പ്രവാചകൻെറ പുസ്തകം. . . . . 62
സെഖര്യാവു പ്രവാചകൻെറ പുസ്തകം തുടച്ച് (9—14 അദ്ധ്യായങ്ങൾ) . . . . . . . . . 68
മലാഖിപ്രവാചക പുസ്തകം . . . . . . . 73

# A. പ്രവചനഗ്രന്ഥങ്ങൾക്കുള്ള സാമാന്യ സൂചകങ്ങൾ.

## 1. പ്രവാചകന്മാരുടെ ഉത്ഭവം.

ക്രിസ്തുവിന്നു മുമ്പു എട്ടാം നൂററാണ്ടിന്നും അഞ്ചാം നൂററാണ്ടിന്നും മദ്ധ്യത്തിലാണ് എബ്രായ പ്രവചനഗ്രന്ഥങ്ങൾ നിൎമ്മിതമായതു. എന്നാൽ പ്രവാചകന്മാരും പ്രവാചകികളും ഈ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ട കാലങ്ങൾക്കു എത്രയോ മുമ്പു തന്നെ യിസ്രായേലിലുണ്ടായിരുന്നു. ദൃഷ്ടാന്തം മോശെ (ആവൎത്തനം 34, 12), അവൻെറ സഹോദരിയായ മിൎയ്യാം (പുറപ്പാടു 15, 20), ദെബോരാ (ന്യായാധിപന്മാർ 4, 4), ശമുവേൽ (1 ശമുവേൽ 3, 20). എന്നാൽ ശമുവേലിൻെറ കാലം മുതല്ക്കു പ്രവാചകന്മാരുടെ സംഖ്യ വൎദ്ധിച്ചുവന്നതായി നാം അറിയുന്നു. നാഥാൻ, ഗാദ്, ശീലോന്യനായ അഹിയാവു, ശെമയ്യാ, ഹനാനിയുടെ മകനായ യേഹൂ എന്നിവർ അവരിൽ ചിലരായിരുന്നു. എട്ടാം നൂററാണ്ടിൻെറ ആരംഭത്തിൽ ഏലീയാവു, എലീശാ, മീഖായാവു എന്നീ പ്രവാചകന്മാർ ജീവിച്ചു തങ്ങളുടെ പ്രവൎത്തനം നടത്തി. അവർ വീൎയ്യപ്രവൃത്തികൾ ചെയ്തിരുന്നെങ്കിലും പ്രവചനഗ്രന്ഥങ്ങളൊന്നും നിൎമ്മിച്ചതായി നാം അറിയുന്നില്ല.

ആദ്യകാലങ്ങളിൽ പ്രവാചകനെ ദൎശകൻ എന്നായിരുന്നു വിളിച്ചുവന്നിരുന്നത്. കഷ്ടകാലങ്ങളിലും ബാഹ്യസംഗതികളിലും അവർ ജനത്തിൻെറ ആലോചനക്കാരായിരുന്നു. അത്തരം ശുശ്രൂഷക്കായി ദൎശകന്നു പ്രതിഫലമാകുന്ന സമ്മാനവും ലഭിച്ചിരുന്നു. (1. ശമുവേൽ 9, 6–9). അക്കാലത്തു മററു ജാതികളിൽ ആഭിചാരപ്രയോഗത്താൽ ലക്ഷണം പറയുന്നവൎക്കുണ്ടായിരുന്ന സ്ഥാനമായിരുന്നു ഇ

വക്ക ആദ്യകാലത്തിൽ യിസ്രായേലിൽ ഉണ്ടായിരുന്നതു്. എന്നാൽ പൈശാചികമായ പ്രവൎത്തനങ്ങളും വെളിച്ചപ്പാടന്മാരുടെ ലക്ഷണം പറച്ചിലും ഏററവും കൎശ്ശനമായി യഹോവ അവരോടു വിലക്കിയിരുന്നു. തൽഫലമായി ദൎശകന്മാരുടെ പ്രവൃത്തി കാലക്രമേണ സൽഗുണസംബന്ധവും ആത്മീകവുമായ സ്വഭാവം ഉള്ളതായിത്തീൎന്നു. ആ കാലത്തു പ്രവാചകന്മാൎക്ക ശിഷ്യന്മാരുമുണ്ടായിരുന്നു. അവരുടെ പ്രവചനം കാട്ടുതീ പടൎന്നുപിടിക്കുന്നതു പോലെയായിരുന്നു. ഒരുവൻ പ്രവചിപ്പാൻ ആരംഭിച്ചാൽ ശേഷമുള്ളവരും അതിന്നു തുടങ്ങുകയായി (1 ശമുവേൽ 10, 10 – 12; 19, 18 – 24). പക്ഷെ ശമുവേൽ ആയിരിക്കേണം ഈ സംഘത്തെ സ്ഥാപിച്ചതു. അദ്ദേഹം അവരുടെ നേതാവായിരുന്നു. രാമാപട്ടണം പ്രവാചകന്മാരുടെ കേന്ദ്രസ്ഥാനവും ആയിരുന്നു. പിൽകാലങ്ങളിൽ പ്രവാചകശിഷ്യന്മാർ എന്ന നാമധേയത്താൽ അറിയപ്പെട്ട ഒരു സംഘവും ഇവരോടു ചേൎന്നിരുന്നു. അവർ ബെഥേൽ, യെറിഹോ എന്നീ പട്ടണങ്ങളിൽ വസിച്ചിരുന്നു (2 രാജാക്കന്മാർ 2, 3. 5. 15). എന്നാൽ പുസ്തകങ്ങൾ എഴുതിയ പ്രവാചകന്മാൎക്കും ഈ ശിഷ്യൎക്കും തമ്മിൽ വിശേഷിച്ചു ഒരു സംബന്ധവും ഉണ്ടായിട്ടില്ല. ആമോസ് പ്രവാചകൻ പ്രത്യേകിച്ചും ഈ വസ്തുത പ്രസ്താവിക്കുന്നു (ആമോസ് 7, 14). ഈ പ്രവാചകശിഷ്യരിൽ പലരും പിന്നീടു അന്യദേവന്മാരുടെ ദൎശകന്മാരായ കള്ളപ്രവാചകന്മാരായിത്തീൎന്നു എന്നു ഊഹിപ്പാനിടയുണ്ടു് (1 രാജാക്കന്മാർ 18, 19 – 29).

## 2. 'വലിയ' 'ചെറിയ' പ്രവാചകന്മാർ എന്ന നാമധേയത്തിന്നുള്ള കാരണം.

'വലിയ' പ്രവാചകന്മാർ (യെശയ്യാവു തുടങ്ങി ദാനീയേൽവരെ) 'ചെറിയ' പ്രവാചകന്മാർ (ഹൊശേയ തുടങ്ങി മലാഖിവരെ) എന്നീ വിധത്തിൽ പ്രവാചകന്മാരെ സാധാരണയായി തരംതിരിച്ചു പ്രസ്താവിക്കുന്നതിന്നു ചാരിത്രികമായ രേഖകൾ ലഭിച്ചിട്ടില്ല. പുസ്തകങ്ങളുടെ വലിപ്പത്തിന്നനുസരിച്ചു അപ്രകാരം വകതിരിച്ചു എന്നേയുള്ളു. ഈ ഗ്രന്ഥങ്ങൾ എഴുതപ്പെട്ട കാലക്രമത്തിന്നനുസരിച്ചല്ല അവ നമ്മുടെ വേദപുസ്തകത്തിൽ ചേർത്തിയിട്ടുള്ളത്. നാലു വലിയ പുസ്തകങ്ങൾ പന്ത്രണ്ടു ചെറിയ പുസ്തകങ്ങൾക്കു മുമ്പിൽ വെച്ചു എന്നേയുള്ളു. യെശയ്യാവു, സെഖര്യാവ് എന്നീ പ്രവചനഗ്രന്ഥങ്ങൾക്കു ഒന്നിലധികം ഗ്രന്ഥകർത്താക്കന്മാരുണ്ടെന്നും ആ വിഭിന്നഭാഗങ്ങൾ വിഭിന്നകാലങ്ങളിലാണ് എഴുതപ്പെട്ടതു എന്നും ഓർക്കേണ്ടതാകുന്നു. യോവേൽ ഒബദ്യാവ് എന്നീ പ്രവചനപുസ്തകങ്ങൾ ഏതു കാലത്തിൽ രചിക്കപ്പെട്ടതാണെന്നു ഖണ്ഡിതമായി പറവാൻ നിവൃത്തിയില്ല. ചിലർ അവയെ എബ്രായ സംഹിതയിലെ പ്രഥമ പ്രവചനഗ്രന്ഥങ്ങളുടെ കൂട്ടത്തിലും, വേറെ ചിലർ അവയെ പ്രവാസകാല ശേഷം എഴുതപ്പെട്ട പുസ്തകങ്ങളുടെ കൂട്ടത്തിലും ഉൾപ്പെട്ടവയായി കരുതിവരുന്നു. പ്രവാചകനായ യോനാ ക്രിസ്തുവിന്നു മുമ്പു എട്ടാം നൂററാണ്ടിൽ ജീവിച്ചു (2 രാജാക്കന്മാർ 14, 25). എന്നാൽ പ്രവാചകന്റെ നാമത്തോടുകൂടിയ പുസ്തകം പ്രവാസത്തിൽപിന്നെ എഴുതിയതെന്നാണ് ഇക്കാലത്തെ അഭിപ്രായം.

## 3. പ്രവാചകന്മാരുടെ ജീവിതകാലപ്പട്ടിക.

### പ്രവാസത്തിന്നു മുമ്പു.

| | നൂററാണ്ട | യിസ്രായേലിൽ. | യെരുശലേമിൽ. |
|---|---|---|---|
| അശ്ശൂർക്കാരുടെ കാലം | 8 | 1. ആമോസ് 760—750. | 1. യെശയ്യാവ് 740—700. |
| | | 2. ഹോശേയാ 750—737. | 2. മീഖാ 724— ? |
| | 7 | 3. യോനാ ? | 3. സെഫന്യാവു 627— ? |
| | | | 4. നഹൂം 610—608 |
| | | | 5. യോവേൽ. } ? |
| | | | 6. ഓബദ്യാവ്. } |

### പ്രവാസകാലത്തിൽ.

| | | ബാബിലോനിൽ. | യെരുശലേമിൽ. |
|---|---|---|---|
| കൽദയരുടെ കാലം | 6 | 1. യെഹെസ്കേൽ 593—573. | 7. യിരെമ്യാവു 627—586. |
| | | യെശയ്യാവു (13. 14. 34. 35 അദ്ധ്യായങ്ങൾ, 40—66 അദ്ധ്യായങ്ങൾ | 8. ഹബക്കൂക്ക് 605—600 |
| | | 2. ദാനീയേൽ 540— | |

### പ്രവാസത്തിന്നു ശേഷം.

| | | | യെരുശലേമിൽ. |
|---|---|---|---|
| പാർസ്സികളുടെ കാലം | 5 | | 9. ഹഗ്ഗായി ? |
| | | | 10. സെഖര്യാവു 520 ? |
| | | | 1—8 അദ്ധ്യായങ്ങൾ. |
| | | | 11. മലാഖി 460—450. |

## 4. പ്രവാചകദിവ്യാവിഷ്ക്കരണം.

പ്രവാചകൻ എന്ന പദത്തിൻെറ അത്ഥം, വരുവാനുള്ള കാൎയ്യങ്ങളെ മുൻകൂട്ടി അറിയിക്കുന്നവൻ എന്നാണു് സാധാരണ വിചാരിച്ചുവരുന്നത്. വളരെ കാലത്തോളം പഴയനിയമ പ്രവാചകന്മാരെ കുറിച്ചു ക്രിസ്തീയ സഭ ഈ അത്ഥത്തിലാണു് ധരിച്ചിരുന്നതു. എന്നാൽ പ്രവാചകൻ എന്ന പദത്തിന്നു ഈ അത്ഥം മാത്രമല്ല ഇപ്പോൾ കല്പിക്കുന്നത്. അഹറോൻ മോശയുടെ ജിഹ്വ ആയിരുന്ന പ്രകാരമാണു് പ്രവാചകൻ (പുറപ്പാടു 7, 1. 2); അവൻ ദൈവത്തിന്നു പകരം,— ദൈവത്തിന്നുവേണ്ടി,— ദൈവപക്ഷത്തു നിന്നുകൊണ്ടു സംസാരിക്കുന്നവനാകുന്നു. ദൈവത്തിൻെറ നാമത്തിൽ സംസാരിക്കുന്ന സത്യവും സന്ദേശവും അവക്കു ദൈവത്തിൽനിന്നു നേരിട്ടു ലഭിച്ചതായിരുന്നു. 'യഹോവയുടെ വചനം പ്രവാചകനുണ്ടായി' എന്നാണു് നാം വായിക്കുന്നത്. 'യഹോവ ഇപ്രകാരം പറയുന്നു' എന്നായിരുന്നു അവർ സംസാരിപ്പാൻ പോകുന്ന കാൎയ്യങ്ങളെ കുറിച്ചു പ്രസ്താവിച്ചത്. യഹോവയുടെ ആത്മാവായിരുന്നു യഹോവയുടെ വചനം ബോദ്ധ്യപ്പെടുത്തിയതു. പ്രവാചകൻെറ ഇഷ്ടം, വിചാരം, ആഗ്രഹം, സ്വപ്നം എന്നിവയിൽനിന്നു ദൈവവചനം നല്ലപോലെ സ്പഷ്ടവും വ്യത്യസ്ഥവും ആയ റിവാൻ അവന്നു സാധിച്ചിരുന്നു (യിരെമ്യാവു 14, 15). പ്രവാചകന്നു അതു തടുത്തുകൂടാത്ത ശക്തിയോടെ വന്നു (യിരെമ്യാവു 23, 29. 30; ആമോസ് 3, 8). പ്രവാചകൻ അതു പ്രസ്താവിച്ചു.

## 5. പ്രവാചകൻെറ കൃത്യം മൂന്നു വിധമായിരുന്നു.

*a)* യിസ്രായേലിൽ മാൎഗ്ഗീയമായ അധഃപതനവും അവിശ്വാസവും വ്യാപിച്ചു സന്ദൎഭങ്ങളിൽ ദൈവം എഴുന്നീല്പിച്ചു പുരുഷന്മാരാണു് പ്രവാചകന്മാർ. അതാതു കാലത്തു

ദൈവം തൻെറ തിരുവിഷ്ടം അവരിൽ കൂടിയാണ് വെളിപ്പെടുത്തിയത്. അവർ തങ്ങളുടെ പ്രസംഗങ്ങളാൽ ജനങ്ങളെ ഉണൎത്തുന്നവരും സ്വരാജ്യാഭിമാനികളുമായിരുന്നു. അവരിൽ ചിലർ രാജാക്കന്മാരുടെ ഉപദേഷ്ടാക്കന്മാരും ഗുരുഭൂതന്മാരും ആയിരുന്നു. അവരുടെ കാലത്ത് രാഷ്ട്രീയവും സാമുദായികവും മതപരവുമായ സംഗതികളെ കുറിച്ചു ജനങ്ങളോടു പ്രസംഗിച്ചു; പ്രവാചകന്മാരുടെ പ്രസംഗങ്ങൾ ഗ്രഹിപ്പാൻ പഴയനിയമ ചരിത്രപുസ്തകങ്ങളും ചരിത്രപുസ്തകങ്ങളെ ഗ്രഹിപ്പാൻ പ്രവാചകപുസ്തകങ്ങളും സഹായിക്കുന്നു. അവർ ദൈവപക്ഷത്തു നിന്നുകൊണ്ടു ഏതു സംഗതിയിലും ജനത്തോടു നീതി പ്രസംഗിച്ചുപോന്നു.

*b*) അവർ ഭൂതകാലത്തെ വ്യാഖ്യാനിക്കുന്നവരും ആയിരുന്നു. പാപത്തിന്നും കഷ്ടത്തിന്നും ഏററവും അടുത്ത സംബന്ധമുണ്ടെന്നും ജാതിക്കു നേരിട്ട സകല നഷ്ടകഷ്ടങ്ങൾക്കും കാരണം കഴിഞ്ഞ കാലത്തിലെ പാപമാണെന്നും അനുസരണം സൎവ്വ നന്മകളെ പ്രദാനം ചെയ്യുന്നതാണെന്നും അവർ ജനത്തെ ബോദ്ധ്യപ്പെടുത്തി. ചരിത്രപുസ്തകങ്ങളും ഈ വസ്തുതയാണ് തെളിയിക്കുന്നത്.

*c*) ഭാവികാൎയ്യങ്ങളെ കുറിച്ചു അറിയിക്കുന്നതും കൂടിയായിരുന്നു അവരുടെ കൃത്യം. ഭാവികാലത്തെ കുറിച്ചുള്ള പ്രവചനത്തിന്നു രണ്ടു ഭാഗമുണ്ടായിരുന്നു.

1. അടുത്തുവരുവാനുള്ള സംഗതികളെക്കുറിച്ചു അവർ മുന്നറിയിച്ചു. പ്രവാചകന്മാരുടെ പ്രവചനങ്ങളിൽ തങ്ങളുടെ ദേശത്തിന്നും കാലത്തിന്നും സംബന്ധിച്ചതല്ലാ ല ഒരു ഉദ്ദേശമുണ്ടായിരുന്നു എന്നതു വിസ്മരിക്കരുതു. പടിഞ്ഞാറെ ആസ്യയിൽ അശ്ശൂർസാമ്രാജ്യം ശക്തിപ്പെട്ടുവന്നപ്പോൾ ആ രാജ്യംമുഖാന്തിരമായിരിക്കും യിസ്രായേൽ രാജ്യത്തിന്നു നാശം സംഭവിപ്പാനിടയുള്ളതെന്നു ആമോസും യെശയ്യാവും പ്രവചിച്ചു. തൻെറ ജനത്തെ രക്ഷിക്കേണ്ട

തിന്നു ദൈവം ജാതികളെ ആയുധമായുപയോഗിക്കുന്ന നിലയിലാണ് പ്രവാചകൻ ജാതികളെ കാണുന്നത്. അതേസമയത്തു യിസ്രായേലിൻെറ ഭാവി അനുഗ്രഹങ്ങളിൽ ജാതികൾക്കും ഒരു പങ്കുണ്ടാകുമെന്നു പ്രവാചകന്മാർ പ്രസ്താവിച്ചു. സൻഹേരീബു യെരുശലേംപട്ടണം നിരോധിപ്പാൻ വന്നപ്പോൾ യെശയ്യാപ്രവാചകൻ ഹിസ്ക്കിയാരാജാവിനോടും ജനത്തോടും മനുഷ്യരിൽ ആശ്രയിക്കുന്നതു വ്യർത്ഥമാണെന്നും ദൈവത്തിൽ ആശ്രയിച്ചാൽ സൻഹേരീബിൻെറ കൈയിൽനിന്നു രക്ഷ ഉണ്ടാകും എന്നും പ്രവചിച്ചു. നെബൂഖദ്നേസർ വന്നു യെരുശലേം നഗരം വളഞ്ഞപ്പോൾ കല്ദയക്കു കീഴടങ്ങുന്നതാണ് നല്ലതെന്നും അല്ലാത്തപക്ഷം നഗരം നശിച്ചുപോകുമെന്നും യിരെമ്യാവും യെഹെസ്കേലും പ്രവചിച്ചു. പാഴ്സിരാജാവായ കോറേശ് ബാബിലോൻസാമ്രാജ്യം പിടിച്ചടക്കും എന്നു കണ്ടപ്പോൾ അവൻ യെഹൂദന്മാരെ സ്വതന്ത്രരായി വിട്ടയക്കും എന്നു യെശയ്യാവ് 40–66 വരെയുള്ള അദ്ധ്യായങ്ങൾ എഴുതിയ ആൾ പ്രവചിച്ചു.

എന്നാൽ പ്രവാചകന്മാരുടെ താല്ക്കാലികവും ദേശീയവുമായ ഉദ്ദേശത്തോടൊന്നിച്ചു ഭാവിഉദ്ദേശവുംഇടകലന്നിരുന്നു എന്നും നാം ഓർക്കേണ്ടതാകുന്നു. ദൃഷ്ടാന്തം യെശയ്യാവു 7, 1–11 വരെയുള്ള ഭാഗവും 12--14 വരെയുള്ള ഭാഗവും തമ്മിൽ ഒത്തുനോക്കുക.

2. മറെറാരുതരം പ്രവചനങ്ങൾ എത്രയോ കാലങ്ങളുടെ ശേഷം അനുഭവിപ്പാനുള്ളവയായിരുന്നു. ഇവയിൽ മുഖ്യമായവ വരുവാനുള്ള മശീഹായെ സംബന്ധിച്ചവയാണ്. മശീഹായെ കുറിച്ചുള്ള പ്രവചനങ്ങളിൽ ദ്വിവിധമായ സ്വഭാവമുണ്ട്. കഷ്ടപ്പെടുവാനുള്ള യഹോവാദാസനായും (യെശയ്യാവു 53-ാം അദ്ധ്യായം) ഭരിക്കുന്ന രാജാവായും (യെശയ്യാവ് 11-ാം അദ്ധ്യായം) മശീഹായെ കുറിച്ചു

പ്രവാചകന്മാർ പ്രസ്താവിച്ചിരിക്കുന്നു. അതിശയകരമായ ഈ ദ്വന്ദ്വാവസ്ഥ അതായത്ത കഷ്ടവും മഹത്വവും, ബലഹീനതയും ശക്തിയും, മശീഹായിൽ ഒന്നിച്ചു കാണുന്നത് പ്രവാചകന്മാരെ സദാ ആശ്ചര്യഭരിതരാക്കി. (1 പത്രോസ് 1, 10. 11; ലൂക്കോസ് 24, 25. 26).

## 6. ഒരുവൻ യഹോവയുടെ പ്രവാചകനാണെന്നു തിരിച്ചറിയുന്നതെങ്ങിനെ?

യഹോവയുടെ നാമത്തിൽ പ്രവചിക്കുന്നു എന്നു നടിക്കുന്ന കള്ളപ്രവാചകന്മാർ ധാരാളമുണ്ടായിരുന്നു (1 രാജാക്കന്മാർ 22, 23). ദൈവജനത്തിന്നു ബാബേലിൽനിന്നു ക്ഷണത്തിൽ ഉദ്ധാരണം ഉണ്ടാകുമെന്നു കള്ളപ്രവാചകന്മാർ അറിയിച്ചു. എന്നാൽ യഹോവയുടെ പ്രവാചകനായ യിരെമ്യാവോ ആ ഉദ്ധാരണം അടുത്ത കാലത്തൊന്നും സംഭവിക്കുന്നതല്ല എന്നു പ്രസ്താവിച്ചു (യിരെമ്യാവു 29, 8–10; യെഹെസ്കേൽ 13, 16). അതതു കാലത്തിലെ ജനത്തിന്റെ ഇഷ്ടാനുസരണം കള്ളപ്രവാചകന്മാർ പ്രവചിച്ചിരുന്നു. എന്നാൽ യഹോവയുടെ പ്രവാചകന്മാരോ യഹോവയിൽനിന്നു തങ്ങൾക്കു ലഭിച്ചിരുന്ന സത്യം ജനത്തിന്നു ഇഷ്ടമായാലും അനിഷ്ടമായാലും പ്രവചിച്ചു. യഹോവയുടെ പ്രവാചകന്മാർ ആരാണെന്നും കള്ളപ്രവാചകന്മാർ ആരാണെന്നും അറിവാനുള്ള ഉരകല്ലു ആവൎത്തനം 18, 21. 22ൽ കാണുന്നു. ('അതു യഹോവാ അരുളിച്ചെയ്യാത്ത വചനം എന്നു ഞങ്ങൾ എങ്ങിനെ അറിയും എന്നു നിന്റെ ഹൃദയത്തിൽ പറഞ്ഞാൽ ഒരു പ്രവാചകൻ യഹോവയുടെ നാമത്തിൽ സംസാരിക്കുന്ന കാൎയ്യം സംഭവിക്കയും ഒത്തുവരികയും ചെയ്യാഞ്ഞാൽ അതു യഹോവ അരുളിച്ചെയ്തതല്ല; പ്രവാചകൻ അതു സ്വയംകൃതമായി സംസാരിച്ചതത്രേ

അവനെ പേടിക്കരുതു്). യഹോവയുടെ പ്രവാചകൻ സദാ പാപത്തെ കഠിനമായി ശാസിക്കുകയും ജനത്തെ അതിൽനിന്നു ഉദ്ധരിക്കുവാൻ ഉത്സാഹിക്കുകയും ചെയ്യുന്നവനായിരിക്കും.

---

B. 'ചെറിയ' പ്രവചനഗ്രന്ഥങ്ങൾക്കുള്ള അവതാരിക.

ഏലീയാവു, എലീശാ എന്നീ പ്രഥമ പ്രവാചകന്മാരിൽനിന്നു നമുക്കു യാതൊരു ഗ്രന്ഥവും ലഭിച്ചിട്ടില്ലെന്നു മാത്രമല്ല ആമോസിൻെറയും ഹോശേയയുടെയും കാലംവരെ വാങ്മൂലമുള്ള പ്രവചനം മാത്രമേ ഉണ്ടായിരുന്നുമുള്ളു. എന്നാൽ രണ്ടാമതായി പ്രസ്താവിച്ച പ്രവാചകന്മാരാണ് തങ്ങളുടെ പ്രവചനങ്ങളെ ഗ്രന്ഥരൂപത്തിൽ രേഖപ്പെടുത്തുവാൻ ആദ്യമായി ഉദ്യമിച്ചതു്.

---

# I. ഹോശേയാപ്രവചനപുസ്തകം.

ഹോശേയാ എന്ന നാമത്തിൻെറ അൎത്ഥം 'സഹായം' എന്നാകുന്നു.

## 1. നാൾവഴിപട്ടിക.

ക്രിസ്തുവിന്നുമുമ്പ്.

786—യൊരോബെയാം രണ്ടാമൻ (2 രാജാക്കന്മാർ 14, 23—29).

746—സെഖൎയ്യാവു (2രാജാക്കന്മാർ 15, 8—12).

745—ശല്ലൂം (2 രാജാക്കന്മാർ 15, 13—16).

745—മെനഹേം (2 രാജാക്കന്മാർ 15, 17—22).

737—പെക്കഹ്യാവു (2 രാജാ. 15, 23—26).

735—പേക്കഹ് (2 രാജാ. 15, 27—31).

733—ഹോശേയ (2 രാജാ. 15, 30; 17*ch.*)

722—ശമൎയ്യായുടെ നാശം (2 രാജാ. 17*ch.*)

## 2. കാലം.

യെശയ്യാവും മീഖായും യെഹൂദ്യായിൽ പ്രവചിച്ചുകൊണ്ടിരുന്ന കാലത്താണ് ആമോസിനോടൊന്നിച്ചു ബേയേരി എന്ന ഒരാളുടെ മകനായ ഹോശേയാ വടക്കേരാജ്യത്തിൽ പ്രവചിച്ചുകൊണ്ടിരുന്നത്. യെഹൂദാരാജ്യത്തിലും അദ്ദേഹം ചില അവസരങ്ങളിൽ പ്രവചനം നടത്താതിരുന്നിട്ടില്ല. എന്നാൽ അദ്ദേഹത്തിൻെറ പ്രവൃത്തിയുടെ അധികഭാഗവും നടന്നത് യിസ്രായേൽ രാജ്യത്തിലായിരുന്നു. കാരണം പുസ്തകത്തിൽ കാണുന്ന സ്ഥലങ്ങളൊക്കെയും ദശഗോത്രത്തിലുള്ളവയാണ് (1, 4; 2, 15 ആഖോർതാഴ്വര; 6, 8 ഗിലയാദ്; 12, 11. 14 ഗില്ഗാൽ. എഫ്രയീം). ദശഗോത്രക്കാരിൽ ഒരുപക്ഷം ഒന്നാം പ്രാവശ്യം ക്രിസ്തു

വിന്നു മുമ്പു 734ൽ അശ്ശൂർപ്രവാസത്തിലേക്കു പോയ ശേഷവും പ്രവാചകൻ വടക്കേ രാജ്യത്തിൽ പ്രവൃത്തിച്ചിട്ടുണ്ടെന്നു തോന്നുന്നു (2 രാജാക്കന്മാർ 15, 29).

## (a) രാജാക്കന്മാർ.

അക്കാലത്തിൽ യിസ്രായേലിൽ യേഹൂ രാജവംശത്തിലെ നാലാമനും ഏററവും ശക്തനും ജയശാലിയുമായ യൊരോബെയാം രണ്ടാമനും അദ്ദേഹത്തിൻെറ പിൻതുടച്ചക്കാരുമായിരുന്നു വാണിരുന്നത് (2 രാജാക്കന്മാർ 14, 23–29). യൊരോബെയാം രാജാവിൻെറ വാഴ്ചകാലം ദീർഘമായ ഒന്നായിരുന്നു (ക്രിസ്തുവിന്നുമുമ്പ് 786–746). പ്രവാചകൻെറ കാലത്തു യിസ്രായേൽ ബാഹ്യശത്രുക്കളെ ജയിച്ചടക്കി. രാജ്യത്തിൻെറ അതിർത്തി വിസ്തൃതമാക്കി. വടക്കെ അതിർത്തി ഹാമാത്തും (2 രാജാക്കന്മാർ 14, 25) തെക്കെ അതിർത്തി ശവക്കടലും (ആമോസ് 6, 14) ആയിരുന്നു. രാജ്യത്തിൽ ധാരാളമായ ധനസമൃദ്ധി ഉണ്ടായിരുന്നു. തന്നിമിത്തം സ്വാർത്ഥം, സുഖഭോഗം, സാധുഹിംസ എന്നീ ദോഷങ്ങൾ വർദ്ധിച്ചുകൊണ്ടിരുന്നു എന്നു പ്രവാചകൻെറ സമകാലീനനായിരുന്ന ആമോസിൻെറ പുസ്തകത്തിൽനിന്നു നാം ഗ്രഹിക്കുന്നു.

രണ്ടാം യൊരോബെയാം രാജാവിൻെറ മരണാനന്തരം യിസ്രായേലിൽ ഉത്ഭവിച്ച കക്ഷിമത്സരം അമർത്തുന്നതിന്നു ബലവാന്മാരായ നാടുവാഴികളുണ്ടായിരുന്നില്ല. രണ്ടാം യൊരോബെയാമിൻെറ പുത്രനായ സെഖര്യാവു അശക്തനായിരുന്നതിനാൽ ആറു മാസത്തെ വാഴ്ചയുടെ ശേഷം ഒരു കൂട്ടുകെട്ടിൻെറ ഫലമായി അദ്ദേഹം കൊല്ലപ്പെട്ടു. അദ്ദേഹത്തോടൊന്നിച്ചു യേഹൂരാജവംശം ഒടുങ്ങി. അതിൽപിന്നെ സിംഹാസനം കൈവശപ്പെടുത്തിയ ശല്ലൂമിനെ തീസ്സായിലെ സൈന്യാധിപനായ മെനഹേം കൊല

പ്പെടുത്തി (2 രാജാക്കന്മാർ 15, 10—14; ഹൊശേയാ 7, 3—7). തൻെറ രാജാസനം സ്ഥിരപ്പെടുത്തേണ്ടതിന്നു അദ്ദേഹം അശ്ശൂർ രാജാവായ പൂൽനെ (മൂന്നാമനായ തിഗ്ലാഗ്പിലേസർ 2 രാജാക്കന്മാർ 15, 29 മുതലായവ) ആശ്രയിച്ചു. പ്രവാചകൻ ഇതാണ് 8, 9ൽ വിവരിക്കുന്നത്. "അവർ തനിച്ചു നടക്കുന്ന കാട്ടുകഴുതപോലെ അശ്ശൂരിലേക്കുപോയി, എഫ്രയീം ജാരന്മാരെ കൂലിക്കു വാങ്ങിയിരിക്കുന്നു." മെനഹേം നാലോ അഞ്ചോ വർഷങ്ങളോളം വാണു. അദ്ദേഹത്തിൻെറ കാലശേഷം മകൻ പെക്കഹ്യാവു രാജാവായി (2 രാജാക്കന്മാർ 15, 27). എന്നാൽ രണ്ടു വർഷത്തെ വാഴ്ചയുടെ ശേഷം, ഗിലെയാദ്യകാരനും അദ്ദേഹത്തിൻെറ സൈന്യാധിപന്മാരിൽ ഒരുത്തനുമായ പേക്കഹ് അദ്ദേഹത്തെ കൊന്നു. അശ്ശൂർയ്യരുമായി സഖ്യം ചെയ്വാൻ ആഗ്രഹിച്ചവരുടെ കൂട്ടത്തിലായിരുന്നു മെനഹേം. പേക്കഹ് പക്ഷെ ഈജിപ്തുമായി സഖ്യം ചെയ്വാൻ ഇഷ്ടപ്പെട്ട കക്ഷിയോടു ചേർന്നവനായിരിക്കണം. ക്രിസ്തുവിന്നു മുമ്പു 735ൽ പേക്കഹ് ദമസ്സ്കോസിലെ റെസീൻ രാജാവോടൊന്നിച്ചു യെഹൂദായിൽ അക്കാലത്തു വാണിരുന്ന ആഹാസ് രാജാവിനോടു യുദ്ധത്തിന്നു പുറപ്പെട്ടു (2 രാജാക്കന്മാർ 16, 5; യെശയ്യാവ് 7, 1—9). ആഹാസ് അശ്ശൂർരാജാവായ തിഗ്ലാഗ്പിലേസറിനെ ആശ്രയിച്ചു. അദ്ദേഹം വന്നു യിസ്രായേലിൽ നാശം വരുത്തി, അവരിൽ അനേകരെ അടിമകളാക്കി കൊണ്ടുപോയി (2 രാജാക്കന്മാർ 15, 29). പേക്കഹ് മൂന്നു വർഷത്തോളം രാജ്യം ഭരിച്ചശേഷം ഹോശേയാ എന്നൊരാൾ ചെയ്ത ഒരു ഗൂഢാലോചനയുടെ ഫലമായി അദ്ദേഹത്തെ കൊന്നുകളഞ്ഞു. അശ്ശൂർരാജാവു ഹോശേയാവെ യിസ്രായേലിൽ രാജാവായി സ്വീകരിച്ചു. അദ്ദേഹം ഒമ്പതു വർഷത്തോളം സ്വാസ്ഥതയോടെ രാജ്യം ഭരിച്ചു (ക്രിസ്തുവിന്നുമുമ്പു 733—722). തിഗ്ലാഗ്പിലേസർ മരിച്ചശേ

ഷം ഹോശേയാ അശ്ശൂൎയ്യരെ ആശ്രയിക്കാതെ, മിസ്രാരാജാവായ സെവെ അഥവാ സോ ആയിട്ടു ഉടമ്പടി ചെയ്തു. അശ്ശൂർരാജാവിന്നു കൊടുത്തിരുന്ന കപ്പവും നിൎത്തൽ ചെയ്തു. തന്നിമിത്തം അശ്ശൂർരാജാവായ ശൽമനെസ്സർ വന്നു ശമൎയ്യയെ നിരോധിച്ചു. ശൽമനെസ്സറിന്റെ ശേഷം അദ്ദേഹത്തിന്റെ പിൻതുടൎച്ചക്കാരനായ സൎഗ്ഗോൻ അതു ക്രിസ്തുവിന്നുമുമ്പു 722ൽ കൈവശപ്പെടുത്തി, ദശഗോത്രത്തെ അടിമകളാക്കി അശ്ശൂരിലേക്കു കൊണ്ടുപോയി.

രാജ്യത്തിൽ കൊലയും കുഴപ്പവും ഉണ്ടായ അക്കാലത്തായിരുന്നു ഹോശേയായുടെ പ്രവൃത്തി. സന്മാൎഗ്ഗസംബന്ധമായും, മതപരമായും രാഷ്ട്രീയമായും തന്റെ ജാതിയെ സഹായിച്ചു, അവരെ മാനസാന്തരത്തിലേക്കു നയിച്ചു, ശിക്ഷയിൽനിന്നു രക്ഷിപ്പാനായിരുന്നു പ്രവാചകന്റെ പരിശ്രമം.

## (b) രാഷ്ട്രീയനില.

യെഹൂദാരാജ്യത്തിലുണ്ടായിരുന്നതുപോലെ യിസ്രായേലിലും പ്രവാചകന്റെ കാലത്തു രണ്ടു രാഷ്ട്രീയ കക്ഷികളുണ്ടായിരുന്നു എന്നു തോന്നുന്നു. ഒരു കക്ഷി മിസ്രയീമിനോടു യോജിച്ചു നില്പാനും മറെറ കക്ഷി അശ്ശൂർരാജാവിനോടു സഖ്യത്തിൽ ഇരിപ്പാനും യത്നിച്ചു (ഹോശേയാ 7, 11). "എഫ്രയീം ബുദ്ധിയില്ലാത്ത പൊട്ടപ്രാവുപോലെ ആകുന്നു. അവർ മിസ്രയീമിനെ വിളിക്കയും അശ്ശൂരിലേക്കു പോകയും ചെയ്യുന്നു." ഓരോ കാലത്തു ഓരോ കക്ഷി പ്രബലപ്പെട്ടതിന്നനുസരിച്ചു മിസ്രയീമിനെയോ അശ്ശൂരിനെയോ ആശ്രയിച്ചു. യെഹൂദായിലെ പ്രവാചകനായ യെശയ്യാവെപോലെ തന്നെ, യിസ്രായേലിലെ പ്രവാചകന്മാരും അന്യരാജാക്കന്മാരെ ആശ്രയിക്കുന്നതിനേക്കാൾ ഗുണം, യഹോവയെ ആശ്രയിക്കുന്നതാണെന്നും, യാഹോവയെ ആശ്ര

യിച്ചു ജീവിക്കാത്തതു അവനോടുള്ള അവിശ്വസ്തതയും വ്യഭിചാരവും ആണെന്നും, യഹോവയ്ക്കു ജനം വിശ്വസ്തരായിരിക്കുന്ന പക്ഷം അവൻ അവരെ ശത്രുക്കളിൽനിന്നു കാത്തു പരിപാലിക്കും എന്നും പ്രബോധിപ്പിച്ചു.

## (c) മതസ്ഥിതി.

അന്നേത്ത മതസ്ഥിതി എത്രയും ശോചനീയമായിരുന്നു. മിക്കവാറും ഉയന്ന സ്ഥലങ്ങളിൽ യഹോവക്കു ആരാധന നടത്തിയിരുന്നു. അവയിൽ മിക്കതും പൂർവ്വകാലത്തെ കനാന്യരുടെ പൂജാഗിരികളായിരിക്കാം. യിസ്രായേല്യർ കനാൻദേശം പിടിച്ചടക്കിയ അവസരത്തിൽ, കനാന്യദേവന്മാരുടെ ആരാധനാസ്ഥലങ്ങൾ തങ്ങളുടെ ആരാധനക്കായി ഉപയോഗിച്ചിരിക്കാം. ഹോശേയാ പ്രവാചകൻെറ കാലത്തു യഹോവയുടെ പ്രതിമയായി കാളക്കുട്ടിയെ പ്രതിഷ്ഠിച്ചു ആരാധിച്ചുവന്നിരുന്നു. കൃഷികൃത്തിയിൽ ഏപ്പെട്ടിരുന്ന ജാതിക്കു കാള ഏററവും ആവശ്യവും പ്രയോജനകരവും ആയതിനാൽ കാളക്കുട്ടിയെ യഹോവായുടെ പ്രതിമയായി ഉപയോഗിച്ചതിനാൽ ആശ്ചയ്യപ്പെടുവാനില്ല. യൊരോബെയാം ഒന്നാമൻ വടക്കു ദാനിലും, തെക്കു ബേഥേലിലും, രണ്ടു കാളക്കുട്ടികളെ പ്രതിഷ്ഠിച്ചതിന്നു പുറമേ, മററു ഉയന്ന സ്ഥലങ്ങളിലും അവയുടെ ആരാധനയുണ്ടായിരുന്നു എന്നു തോന്നുന്നു. (ആമോസ് 4, 4; 5, 5; ഹോശേയാ 4, 15; 5, 14. 15; 12, 11). കൃഷിക്കാരായ കനാന്യരുടെ കൃഷിസംബന്ധമായ ഉത്സവങ്ങൾ മിക്കതും യിസ്രായേല്യരും സ്വീകരിച്ചിട്ടുണ്ടായിരുന്നു എന്നു വിചാരിക്കാം.

യിസ്രായേല്യർ യഹോവയെ 'എൻെറ കത്താവു' എന്നത്ഥമുള്ള ബാലീം എന്നു വിളിച്ചുവന്നിരുന്നു (2, 16). കനാന്യക്കു ബാലീം എന്ന ഒരു ദേവനുണ്ടായിരുന്നു. യിസ്രായേല്യർ ബാലീം എന്ന പദം തന്നെ യഹോവയെ കുറി

പ്പാൻ ഉപയോഗിച്ചതിൽ അബദ്ധം വരുവാൻ ഇടയുണ്ടാ യിരുന്നില്ലെങ്കിലും അവരുടെ ബാലീ (യഹോവ) ആരാധന യിൽ ക്രമേണ കനാന്യരുടെ ബാലീം ദേവാരാധനയോടു സംബന്ധിച്ച വിഗ്രഹാരാധനയും അതു സംബന്ധമായ ചില ദുൎന്നടവടികളും വന്നു ചേൎന്നു എന്നു ഓൎക്കേണ്ടതാകു ന്നു. കാലക്രമേണ യഹോവയെ ആരാധിക്കുന്നതു ഒരു ദേ ശീയ ആരാധനയായി മാറിപ്പോയി. അവർ വിഗ്രഹാരാ ധനക്കാരായിത്തീൎന്നു (4, 17). അതു 2 രാജാക്കന്മാർ 17, 12ൽ നിഷേധിച്ചിരിക്കുന്നു. ഈ കാളക്കുട്ടി സേവയാണ് പ്രവാ ചകൻ അതികഠിനമായി ശാസിച്ചതു് (4, 12. 17; 8, 4. 5; 9, 10; 10, 1. 2; 11, 2; 13, 1. 2. 8). വിഗ്രഹാരാധന യോടൊപ്പം ചില ദുൎന്നടവടികളും പ്രബലപ്പെട്ടിരുന്നു. (4, 10–15; 5, 3. 4. 7). പുരോഹിതന്മാരും ഈ വിധം ദുഷ്ട നടവടികൾ കണ്ടില്ലെന്നു ഭാവിച്ചു. കാരണം അവ ൎക്കു പാപയാഗം മൂലം വരവുണ്ടായിരുന്നു. തന്നിമിത്തം പുരോഹിതനെപോലെ ജനവും എന്ന പഴഞ്ചൊല്ലുണ്ടായി (4, 9. മലയാള തൎജ്ജമക്കുപകരം ഇംഗ്ലീഷു തൎജ്ജമ നോ ക്കുക).

## 3. പ്രവാചകൻെറ പ്രവൃത്തി.

*a*) യെശയ്യാവ് (20, 2. 3), യിരെമ്യാവു (13, 1) യെഹെ സ്കേൽ (4-ാം അദ്ധ്യായം) മുതലായവയിൽ പ്രവാചക ന്മാർ ദൃഷ്ടാന്തങ്ങളും ഉപമകളും ഉപയോഗിച്ചു തങ്ങളുടെ പ്രബോധനം നടത്തി. എന്നാൽ ഹൊശേയാ അവ രിൽനിന്നു ഈ കാൎയ്യത്തിൽ വ്യത്യാസപ്പെട്ട ഒരു രീതി ഉപ യോഗിച്ചാണ് അതു നടത്തിയതു. പ്രവാചകൻെറ കുടുംബ ജീവിതാനുഭവങ്ങൾ ആധാരമാക്കിക്കൊണ്ടാണ് ജനത്തിന്നു പ്രബോധനം നല്കിയതു. അദ്ദേഹം പ്രവാചക വൃത്തി യിൽ പ്രവേശിച്ചതിൽ ഒരു പ്രത്യേകതയുണ്ടു. അദ്ദേഹ

ത്തിൻെറ അവിശ്വസ്ത ഭാൎയ്യയിൽനിന്നുണ്ടായ അനുഭവ വിവരണത്തോടു കൂടിയാണ് പ്രവാചകഗ്രന്ഥത്തിൻെറ ആരംഭം. എന്നാൽ ഈ അനുഭവം അക്ഷരംപ്രതി വാസ്തവത്തിൽ പ്രവാചകന്നുണ്ടായോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. തനിക്കുണ്ടായ ശോചനീയ അനുഭവത്തെ പിൻകാലത്തിൽ ആലോചിച്ചതിൻെറ ഫലമായിട്ടാണ് അദ്ദേഹം അതു വിവരിക്കുന്നതു്. 1, 2ൽ "നീ ചെന്നു പരസംഗം ചെയ്യുന്ന ഒരു ഭാൎയ്യയേയും പരസംഗത്തിൽ ജനിച്ച മക്കളെയും എടുക്ക" എന്നു വായിക്കുന്നത് അക്ഷരംപ്രതി സത്യമാണെന്നു കരുതുവാൻ പാടില്ലല്ലോ. കാരണം മററൊരാളുടെ കല്പനപ്രകാരമോ നിർബ്ബന്ധത്താലോ അല്ലല്ലോ സ്ത്രീ പുരുഷന്മാർ തമ്മിലുള്ള സ്നേഹം ഉത്ഭവിച്ചു നിലനിന്നു പോരേണ്ടതു. പ്രവാചകൻ സ്വമേധയായിട്ടാണ് അവളെ സ്നേഹിച്ചു ഭാൎയ്യയായി സ്വീകരിച്ചതു. അപ്രകാരം തന്നെ കേവലം സ്നേഹം ഹേതുവായിട്ടാണ് ദൈവവും യിസ്രായേലിനെ തിരഞ്ഞെടുത്തതു. മൂന്നാമത്തെ പുത്രൻ ജനിച്ചതിൽ പിന്നെയാണ് തൻെറ ഭാൎയ്യ അവിശ്വസ്തയാണെന്നു പ്രവാചകൻ ഗ്രഹിച്ചത്. പ്രവാചകൻെറ ദ്വിതീയ പുത്രൻെറ ആദ്യത്തെ നാമം ലോരൂഹമ (സ്നേഹിക്കപ്പെടാത്തവൻ) എന്നായിരുന്നില്ല. അതു രൂഹമ എന്നായിരിക്കണം. അപ്രകാരം തന്നെ തൃതീയ പുത്രൻെറ നാമം ലോ അമ്മി (എൻെറ ജനമല്ല) അമ്മീ (എൻെറ ജനം) എന്നായിരിക്കേണം എന്നു അനുമാനിപ്പാനാണ് ന്യായമുള്ളത്. അവിശ്വസ്തത പ്രത്യക്ഷമായതിൽ പിന്നെയായിരിക്കണം നിഷേധാൎത്ഥമുള്ള രീതിയിൽ നാമങ്ങൾ വ്യത്യസ്ഥപ്പെടുത്തിയതു. ആദ്യപുത്രന്നു യിസ്രെയേൽ എന്ന പേരാണ് കൊടുത്തതു. അതിൻെറ അൎത്ഥം ഒരു വാഗ്ദത്തത്തെ സൂചിപ്പിക്കുന്നു.

മൂന്നാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന വസ്തുത സംബന്ധിച്ചും, ഒരു വിഷമം ഉണ്ടു. ഒന്നാം അദ്ധ്യായത്തിൽ

പ്രസ്താപിച്ചിരിക്കുന്ന ഗോമർ എന്ന സ്ത്രീ തന്നെയാണ് മൂന്നാം അദ്ധ്യായത്തിൽ പേർ പറയാതെ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന ഒന്നാമത്തെ ഭാൎയ്യ എന്നാണ് ചിലരുടെ അഭിപ്രായം. ഗോമർ എങ്ങിനെയോ ഒരു അടിമയായി ഭവിച്ചു. പ്രവാചകൻ അവളെ വിലക്കു വാങ്ങി. എന്നാൽ അവളെ ഭാൎയ്യയായി സ്വീകരിച്ചില്ല. അവളുടെ സ്വഭാവത്തിനു ഗുണകരമായ ഒരു അന്തരം ഉളവാകുന്നതുവരെ അവളെ കൃത്യമായ നിയന്ത്രണത്തിൽ സൂക്ഷിച്ചു. അവളെ അവളുടെ ദുൎന്നടവടിയിൽനിന്നു തിരിപ്പിക്കുവാൻ പരിശ്രമിച്ചു. എന്നാൽ ഈ അഭിപ്രായത്തോടു യോജിക്കാത്തവരുണ്ടു.—മേൽ പ്രസ്താവിച്ച അഭിപ്രായസൂചനകൾ പുസ്തകത്തിൽ കാണുന്നില്ല. ഒന്നാം അദ്ധ്യായത്തിൽ പേർ പറയപ്പെട്ടിരിക്കുന്ന ഒന്നാമത്തെ ഭാൎയ്യയായ ഗോമർ തന്നെയാണ് മൂന്നാം അദ്ധ്യായത്തിൽ പേർ പറയപ്പെടാത്ത ഭാൎയ്യ എന്നുവരികിൽ അവളുടെ പേർ മൂന്നാം അദ്ധ്യായത്തിൽ പ്രസ്താവിപ്പാൻ വിസ്മരിച്ചതെങ്ങിനെ? തന്നിമിത്തം ആദ്യത്തെ ഭാൎയ്യ അവിശ്വസ്തത കാണിച്ചു പ്രവാചകനെ വിട്ടു പോയതിൽ പിന്നെ രണ്ടാമതു വിവാഹം കഴിച്ചവളായിരിക്കണം ആ സ്ത്രീ. പ്രവാചകന്റെ രണ്ടു വിവാഹങ്ങളിലും ഉണ്ടായ കഷ്ടതരമായ അനുഭവം അക്കാലത്തെ സദാചാര നടവടി എത്രയോ അതൃപ്തികരമായിരുന്നു എന്നതിന്നു തെളിവാണ് (4, 13). വിവാഹജീവിതത്തിൽ പ്രവാചകനുണ്ടായ ദയനീയമായ അനുഭവത്തിൽനിന്നു അദ്ദേഹം തന്റെ കാലത്തെ ജനത്തേയും യഹോവയേയും സംബന്ധിച്ചു ഒരു പുതിയ പാഠം പഠിച്ചു. ദൈവത്തോടു യിസ്രായേൽ എങ്ങിനെ പെരുമാറി എന്ന പാഠമാണ് പ്രവാചകൻ തന്റെ അനുഭവം മുഖേന ഗ്രഹിച്ചത്. ദൈവത്തിനും ദൈവജനത്തിനും തമ്മിലുള്ള ഒരു പുതിയ ബന്ധം അവനു ബോധപ്പെട്ടു. ദൈവം തന്റെ ജനത്തിന്നു ഭൎത്താവും

ജനം ദൈവത്തിന്നു ഭാൎയ്യയുമാകുന്നു. വിവാഹം അന്യോന്യമുള്ള സ്നേഹം, ഹൃദയപ്പൊരുത്തം, വിശ്വസ്തത എന്നിവ ആശ്രയിച്ചിരിക്കുന്നു എന്നാണ് പ്രവാചകൻ അറിവാനിടയായതു. യിസ്രായേലിന്നും ദൈവത്തിന്നും തമ്മിലുള്ള വിവാഹസംബന്ധം കേവലം അന്യോന്യമുള്ള സ്നേഹത്തെ ആശ്രയിച്ചിരിക്കുന്നു (9, 10; 11, 1; 13, 4). ദൈവം സ്നേഹം തന്നെ. അതാണ് പ്രവാചകൻ തൻെറ ജനത്തെ പഠിപ്പിച്ച സുവിശേഷം. യഹോവ തന്നെത്തന്നെ കോപിയും, ഭയങ്കരനും, നിഷ്ഠുരനും ആയിട്ടാണ് പഴയനിയമത്തിൽ വെളിപ്പെടുത്തിയതു എന്നു ആക്ഷേപമായി പറയുന്നവർ ഈ പുസ്തകം വായിക്കട്ടെ. ദൈവസ്വഭാവത്തിൽ നീതിയും കരുണയും തമ്മിൽ ചുംബിക്കുന്നു. ദൈവജനത്തിൻെറ ഉത്തരവാദിത്വമോ ദൈവത്തിന്നു തങ്ങളുടെ ഹൃദയം പ്രതിഷ്ഠിക്കുന്നതും വിശ്വസ്തത കാണിക്കുന്നതും അത്രെ (4, 1; 6, 6). ജനം അന്യദേവന്മാരെ ആരാധിക്കുന്നതിനാൽ ദൈവത്തിന്നും ജനത്തിന്നും തമ്മിലുള്ള വിവാഹസ്നേഹമാണ് നശിച്ചുപോകുന്നത് എന്നു ജനത്തെ പ്രബോധിപ്പിച്ചുകൊണ്ടു പ്രവാചകൻ അവരെ മാനസാന്തരത്തിലേക്കു ക്ഷണിക്കുന്നു. അക്കാലത്തെ കാളക്കുട്ടിസേവയും പൂജാഗിരികളിലുള്ള ആരാധനയും സാക്ഷാൽ യഹോവയെ ആരാധിക്കുന്നതല്ല, അതു പൂൎവ്വികരായ കനാന്യരുടെ വിഗ്രഹാരാധന മാത്രമാണ്. യഹോവയെ ആണ് അവർ ആരാധിച്ചതു എന്നു അവർ നടിച്ചിരുന്നെങ്കിലും അതു നാനാ മതസംഘടനം മാത്രമാണ് എന്നാണ് പ്രവാചകനു ബോദ്ധ്യപ്പെട്ടതു (8, 5; 10, 5ff10). അതേപ്രകാരം യിസ്രായേൽ യഹോവയെ ആരാധിക്കുന്നതിന്നു പകരം അന്യജാതികളെ ആശ്രയിക്കുന്നതും യഹോവയുടെ നേരെയുള്ള അവിശ്വസ്തതയാകുന്നു (1, 9).

## (b) ഭാവിയെ സംബന്ധിച്ച പ്രവാചകൻെറ പ്രബോധന.

ദൈവത്തോടു കാണിക്കുന്ന അവിശ്വസ്തതയുടെ ഫലമായി അശ്ശൂൎയ്യർ ശിക്ഷ നടത്തുകയും ദേശം ശൂന്യമായ്തീരുകയും ചെയ്യും എന്നു അദ്ദേഹം അറിയിക്കുന്നു (9, 3; 11, 5. 6; 13, 16). എന്നാൽ യിസ്രായേലിനോടുള്ള സ്നേഹം യഹോവ കേവലമായി ഉപേക്ഷിച്ചിട്ടില്ല (11, 8ff). യിസ്രായേലിൻെറ മാനസാന്തരമാണ് യഹോവയുടെ ശിക്ഷയുടെ ഉദ്ദേശം. അതു സാദ്ധ്യമാകുന്നതോടൊപ്പം ജനം സ്വദേശത്തേക്കു തിരിച്ചുവന്നു സൌഭാഗ്യമുള്ളവരായി രാജാവായ ദാവീദിൻെറ കീഴിൽ വൎത്തിക്കും (3, 5). അത്തരം സൎവ്വാനുഗ്രഹങ്ങളുടെയും അടിസ്ഥാനം യഹോവയും ജനവുമായി നടത്തുന്ന ഒരു പുതിയ സ്നേഹത്തിൻെറ ഉഭയസമ്മതമായിരിക്കും. അതിന്നൊരിക്കലും ഒരു ഭംഗവുമുണ്ടാകയില്ല.

## 4. വിഷയാനുക്രമണിക.

14 അദ്ധ്യായങ്ങളും 197 വാക്യങ്ങളും.

I. കാലത്തിന്നനുസരിച്ച വിഭാഗം.

*a*) 1—3 അദ്ധ്യായങ്ങൾ.

യെരോബെയാം രണ്ടാമൻെറ കാലം.

*b*) 4—14 അദ്ധ്യായങ്ങൾ.

യൊരോബെയാം രണ്ടാമൻെറ പിൻതുടൎച്ചക്കാർ.

അല്ലെങ്കിൽ

II. സാരസംക്ഷേപത്തിന്നനുസരിച്ച വിഭാഗം.

*a*) 1, 1—3, 5 വരെ. അവിശ്വസ്തയായ ഭാൎയ്യ.

*b*) 4, 1—13, 8. ജനത്തിൻെറ പാപം.

*c*) 13, 9—14, 9. യിസ്രായേലിന്നുള്ള ഭാവിയിലെ അനുഗ്രഹവും മഹത്വവും.

## II. ആമോസ്പ്രവാചകൻെറ പുസ്തകം.

### 1. ആമോസ്.

ആമോസ് എന്ന നാമത്തിൻെറ അൎത്ഥം 'ചുമട്ടുകാരൻ' എന്നാണ്. യെഹൂദായിൽ ക്രിസ്തുവിന്നു മുമ്പു എട്ടാം നൂററാണ്ടിൻെറ പൂൎവ്വാൎദ്ധത്തിലാണ് അദ്ദേഹത്തിൻെറ ജനനം. അദ്ദേഹത്തിൻെറ മാതാപിതാക്കന്മാരെ കുറിച്ചു ഒന്നും തന്നെ നാം പുസ്തകത്തിൽ കാണുന്നില്ല. യെരൂശലേമിൽനിന്നു 12 നാഴിക തെക്കു കിടക്കുന്ന യെഹൂദാമരുഭൂമിയിലെ തെക്കോവ എന്ന സ്ഥലത്തു അമറാത്തിവൃക്ഷങ്ങളെ നട്ടു വളൎത്തിയ ഒരു കൃഷിക്കാരനായിരുന്നു പ്രവാചകൻ. അദ്ദേഹം ഒരു ആട്ടിടയനുംകൂടെ ആയിരുന്നു. അദ്ദേഹം ഒരു ധനികനല്ലായിരുന്നെങ്കിലും പരാശ്രയംകൂടാതെ ജീവിച്ചു വന്നു. ആമോസിൻെറ പുസ്തകത്തിൽനിന്നു നമുക്കു അനുമാനിക്കാവുന്ന പ്രകാരം അദ്ദേഹം കേവലം വിദ്യാഭ്യാസം ഇല്ലാത്തവനായിരുന്നില്ല. അക്കാലത്തെ രാഷ്ട്രീയനിലയെ സംബന്ധിച്ചു അദ്ദേഹം സൂക്ഷ്മാവലോകനം ചെയ്വാൻ ശക്തിയുള്ള ഒരു ആളായിരുന്നു.

### 2. പ്രവാചകവൃത്തിക്കായുള്ള വിളിയും കാലവും.

ആമോസ് പ്രവാചകസംഘത്തിൽ പെട്ടവനായിരുന്നില്ല (7, 14). 2. രാജാക്കന്മാർ 4, 1 ഒത്തുനോക്കുക. എന്നാൽ ആടു മേയിച്ചുകൊണ്ടിരിക്കുമ്പോൾ ദൈവം അദ്ദേഹത്തെ നേരിട്ടു വിളിച്ചു, ചെന്നു യിസ്രായേൽജനത്തോടു പ്രവചിപ്പാൻ ആവശ്യപ്പെട്ടു. ആമോസിനേക്കാൾ ഇളം പ്രായക്കാരനും യിസ്രായേലിലെ പ്രവാചകനുമായിരുന്ന ഹോശേയാവിൻെറ സമകാലീനനായിരുന്നു അദ്ദേഹം. ത്രിവിധമായ കാരണങ്ങളാൽ ഇടയൻെറ നിലയിൽനിന്നു അദ്ദേഹം ഒരു പ്രവാചകനായിത്തീൎന്നു.

*a*) വടക്കേ രാജ്യത്തിലെ യിസ്രായേല്യരുടെ സ്ഥിതി എത്രയും ശോചനീയമാണെന്നു പ്രവാചകൻ ധരിച്ചു. യെറോബെയാം രണ്ടാമന്നുണ്ടായ ജയം കുലീനന്മാരും പ്രമാണികളും ആയവരെ കൂടുതൽ ധനികരും ശക്തരും ആക്കിതീൎക്കുവാൻ ഇടയാക്കി (2. രാജാക്കന്മാർ 14, 23 മുതലായവ ഒത്തുനോക്കുക). അതോടൊന്നിച്ചു സുഖഭോഗം, അശുദ്ധി, അമിതവ്യയം, എന്നിവയും വൎദ്ധിച്ചു (2, 7. 8; 6, 4. 6). അതേ സമയത്തു സാധുക്കളുടെ നില കഷ്ടതരമായിരുന്നു. ധനികന്മാർ അവരിൽനിന്നു ധനം അപഹരിച്ചു. നീതിയോടുകൂടിയുള്ള ഒരു പെരുമാററം അവൎക്കു ലഭിച്ചിട്ടില്ലെന്നു മാത്രമല്ല മൃഗങ്ങളോടു എന്നപോലെ അവരോടു വൎത്തിച്ചുവന്നിരുന്നു (8, 4—6). ദേശത്തുണ്ടായ ക്ഷാമം, വെട്ടുക്കിളി, വരൾച്ച, മഹാമാരി എന്നിവയൊക്കയും സാധുദ്രോഹംനിമിത്തം ശിക്ഷയായി ദൈവത്തിങ്കൽനിന്നു വന്നതാണെന്നു അവർ ഗ്രഹിച്ചില്ല (4, 6 മുതലായവ). സ്ഥിതിഗതികൾ ഇപ്രകാരമാണെന്നു യെഹൂദായിലെ ഉസ്സീയാരാജാവിൻെറ പ്രജയായിരുന്ന ആമോസ് നന്നായി മനസ്സിലാക്കി. തന്നിമിത്തം ആമോസിൻെറ ഹൃദയം കത്തിജ്വലിച്ചു.

*b*) അശ്ശൂർസാമ്രാജ്യം പടിഞ്ഞാറെ രാജ്യങ്ങൾക്കു എതിരായി യുദ്ധത്തിന്നു ഒരുങ്ങുന്നുണ്ടെന്നു പ്രവാചകൻ ഗ്രഹിച്ചിരുന്നു. തദവസരത്തിൽ വടക്കേ രാജ്യത്തിൻെറ പാപം നിമിത്തം ദൈവം അവരെ ശിക്ഷിക്കാതിരിക്കയില്ല എന്നു അദ്ദേഹം നന്നായി അറിഞ്ഞിരുന്നു (5, 27; 6-ാം അദ്ധ്യായം).

*c*) മൂന്നാമത്തേതും മുഖ്യവുമായ കാരണമോ ദൈവം തൻെറ ആത്മാവുമുഖാന്തരം പ്രവചിപ്പാൻ അദ്ദേഹത്തെ നിൎബ്ബന്ധിച്ചു. അപ്പോസ്തലനായ പൌലോസിന്നുണ്ടായതുപോലെ ആമോസിന്നു സ്വൎഗ്ഗത്തിൽനിന്നു നേരിട്ടു ഒരു വിളിയുണ്ടായി (7, 15; ഗലാത്യർ 1, 1). ദൈവത്തിൻെറ

ദൂതു തനിക്കു ലഭിച്ചിരിക്കുന്നു എന്ന ബോധം അദ്ദേഹത്തിന്നുണ്ടായിരുന്നു. അതു വിളംബരപ്പെടുത്താതിരിപ്പാൻ അദ്ദേഹത്തിന്നു നിവൃത്തിയുണ്ടായിരുന്നില്ല (3, 8).

യിസ്രായേലിലെ രണ്ടാം യൊരോബെയാമിൻെറ വാഴ്ചയുടെ ഉത്തരഭാഗത്തിലും ഉസ്സീയാ രാജാവു യെഹൂദിയായിൽ വാഴുമ്പോഴും അതായതു സുമാറു ക്രിസ്തുവിനു മുമ്പു 755നും 700നും മദ്ധ്യത്തിലായിരിക്കാം പ്രവാചകൻ പ്രവൃത്തിച്ചതു. രാജ്യത്തിൽ ഒട്ടാകെ അഭിവൃദ്ധിയും സമാധാനവും ഉണ്ടായിരുന്നു (6, 1–5). എന്നാൽ ബാഹ്യാഭിവൃദ്ധി ആന്തരീകമായ അധഃപതനമാണ് ഉളവാക്കിയതു. ബേഥേൽ, ഗിൽഗാൽ എന്നീ സ്ഥലങ്ങളിലും മററും ഉണ്ടായിരുന്ന കാളക്കുട്ടി സേവ ആഡംബരത്തോടുകൂടെ ആഘോഷിച്ചിരുന്നു (4, 4; 5, 21; 7, 13; 8, 14 മുതലായവ).

## 3. പ്രവാചകൻെറ പ്രവൃത്തി.

വടക്കെ രാജ്യത്തിൻെറ ആരാധനാ കേന്ദ്രമായ ബേഥേലിൽ വൎഷംതോറും കാളക്കുട്ടി സേവയുടെ ഉത്സവം നടത്തുന്ന അവസരത്തിൽ പ്രവാചകൻ യെഹൂദായിൽനിന്നു അവിടെ ചെന്നു സ്ഥലത്തെ ആഘോഷത്തിന്നും വിഗ്രഹാരാധനക്കും എതിരായി പ്രസംഗിച്ചു. ആ സ്ഥലത്തെ പ്രധാനാചാൎയ്യനായ അമാസ്സിയാ യൊരോബെയാം രാജാവിന്നു ഒരു സന്ദേശം അയച്ചു. രാജദ്രോഹകുററം ആരോപിച്ചു പ്രവാചകനെ ബന്ധിപ്പാൻ ആവശ്യപ്പെട്ടു (ആമോസ് 7, 10–17). രാജാവു വിശേഷിച്ചൊന്നും പ്രവാചകന്നെതിരായി പ്രവൃത്തിച്ചില്ല എന്നു തോന്നുന്നു. രാജാവു പ്രവാചകനെ അത്ര വകവെച്ചിട്ടില്ലായിരിക്കണം. പ്രവാചകനെ ഭീഷണിപ്പെടുത്തുന്നതും അസാദ്ധ്യമായിരുന്നു. തൻെറ സന്ദേശം അറിയിച്ചുശേഷം പ്രവാചകൻ പുരോഹിതന്മാരെ ശാസിച്ചു അവരുടെ മേൽ ദൈവത്തിൻെറ

ശിക്ഷാവിധി വരുന്നതായിരിക്കും എന്നറിയിച്ച് ഉപദ്രവം കൂടാതെ യെഹൂദായിലേക്കു തിരിച്ചുപോയി.

അതിൽപിന്നെ പ്രവാചകൻ തൻെറ പ്രവചനങ്ങളുടെ സംക്ഷേപം എഴുതി. തീച്ചയായും യിസ്രായേൽദേശം നശിച്ചുപോകും (5, 2); യൊരോബെയാമിൻെറ ഗൃഹം ക്ഷണത്തിൽ ഒടുങ്ങിപ്പോകും; യിസ്രായേലിന്നു തൻെറ കാളക്കുട്ടിസേവയിലും ഭൂതകാലത്തിലെ ചരിത്രത്തിലും ആശ്രയിപ്പാൻ പാടുള്ളതല്ല; യഹോവയുടെ ദിവസം സന്തോഷത്തിൻേറതല്ല; അതു ന്യായവിധിയുടെ ദിവസമായിരിക്കും; യിസ്രായേൽ ശിക്ഷക്കു മൂത്തു പഴുത്തിരിക്കുന്നു (9, 7; 5, 18; 8, 1 മുതലായവ). ശത്രു യിസ്രായേലിനെ പരാജയപ്പെടുത്തും. ശത്രുവിൻെറ പേർ പറഞ്ഞിട്ടില്ലെങ്കിലും അശ്ശൂർ ആയിരിക്കും അതു നടത്തുന്നതു. ഒരു തലമുറയുടെ ശേഷം പ്രവചനം നിവൃത്തിയായി.

## 4. പ്രത്യേകമായ വിശേഷത.

തങ്ങളുടെ പ്രവചനങ്ങൾ രേഖപ്പെടുത്തിയ ആദ്യപ്രവാചകന്മാരിൽ പ്രഥമസ്ഥാനം വഹിക്കുന്ന ആളാണ് ആമോസ്. അദ്ദേഹത്തിൻെറയും പിൻതുടച്ചക്കാരുടെയും പ്രവചനഗ്രന്ഥങ്ങളിൽ പ്രത്യക്ഷമായ്വരുന്ന ചില ആശയങ്ങൾ നാം ഗൌനിക്കേണ്ടതാകുന്നു. ആമോസ് ന്യായവിധിയും മാനസാന്തരവും പ്രസംഗിക്കുന്ന ആളായിരുന്നു. ഹോശേയാ ദൈവസ്നേഹത്തെ കുറിച്ചും ആമോസ് ദൈവനീതിയെ കുറിച്ചും പ്രസംഗിച്ചു (3, 2; 9, 1 മുതലായവ). മനുഷ്യർ നീതിയും ന്യായവുമുള്ളവരായിരിക്കേണം എന്നു ആമോസ് ആവശ്യപ്പെടുന്നു (5, 7. 14). കാളക്കുട്ടിസേവ ജനം ദൈവത്തിന്നു കൊടുക്കുന്ന കൈക്കൂലിയാണെന്നാണ് അദ്ദേഹത്തിൻെറ പ്രബോധനം.

ഭാവിയെ സംബന്ധിച്ചു യിസ്രായേല്യരും യെഹൂദയും

യോജിച്ച ദാവീദ്വംശത്തിലുള്ള രാജാവിൻെറ വാഴ്ചയിൽ സൈ്വരമായും അനുഗ്രഹിക്കപ്പെട്ട നിലയിലും വാഗ്ദത്ത ദേശത്തിൽ താമസിക്കും എന്നു പ്രവാചകൻ അറിയിച്ചു (9, 11–15).

## 5. വിഷയാനുക്രമണിക.

9 അദ്ധ്യായങ്ങളും 146 വാക്യങ്ങളും.

I. 1. 2. അദ്ധ്യായങ്ങൾ. യിസ്രായേൽരാജ്യത്തിനു ചുററുമുള്ള ജാതികൾക്കെതിരെയുള്ള പ്രവചനം.

1, 1–2, 3. യിസ്രായേൽരാജ്യത്തിന്നു ചുററുമുള്ള 6 രാജ്യങ്ങൾക്കു എതിരായ പ്രവചനം.

2, 4–16. യെഹൂദായിക്കും യിസ്രായേലിന്നും എതിരായ പ്രവചനം.

1, 1–5. ദമസ്ക്കൊസ്.

1, 6–8. ഫിലിസ്ത്യ.

1, 9. 10. സോർ.

1, 11. 12. ഏദോം.

1, 13–15. അമ്മോന്യർ.

2, 1–3. മോവാബ്.

2, 4–16 യെഹൂദായിക്കും യിസ്രായേലിന്നും എതിരായ പ്രവചനം.

II. 3–6 അദ്ധ്യായങ്ങൾ – യിസ്രായേലിന്നെതിരായ പ്രവചനം.

3, 1–8. യിസ്രായേലിൻെറ ഉത്തരവാദിത്വവും പ്രവാചകൻെറ മുറയും.

3, 9–15. ശമര്യയുടെ ദ്രോഹവും നാശവും.

4, 1–3. ശമര്യയിലെ സ്ത്രീകൾ.

4, 4–13. യിസ്രായേലിൻെറ ഹൃദയകാഠിന്യം.

5, 1–17. അടുത്തുവരുവാനുള്ള ന്യായവിധി.

5, 18 – 27. യിസ്രായേലിന്നു അബദ്ധവിശ്വാസത്താൽ പററിയ ചതി.

6, 1 – 7. യിസ്രായേല്യരുടെ നടത്തിപ്പുകാരുടെ സുഖഭോഗം.

6, 8 – 14. അവൎക്കു വരുവാനുള്ള ശിക്ഷാവിധി.

III. 7, 1 — 9, 8. പ്രവാചകന്നുണ്ടായ ഒരു കൂട്ടം ദൎശനങ്ങൾ.

7, 1 – 3. വെട്ടുക്കിളികൾ.

7, 4 – 6. അഗ്നി.

7, 7 – 9. മതിൽ.

7, 10 – 17. പരസ്യപ്രവചനത്തിന്റെ ഫലം.

8, 1 – 14. വേനല്ക്കാലത്തിലെ ഫലങ്ങൾ നിറഞ്ഞ കൊട്ട.

9, 1 – 8 പ്രതികാരം ചെയ്യുന്ന ദൈവം.

IV. 9, 9 – 15. യിസ്രായേലിന്റെയും യെഹൂദായുടെയും അനുഗ്രഹകരമായ ഭാവി.

13060

## III. പ്രവാചകനായ യോവേലിൻെറ പുസ്തകം.

### 1. വിഷയാനുക്രമണിക.

3 അദ്ധ്യായങ്ങളും 73 വാക്യങ്ങളും.

(*a*) വെട്ടുക്കിളികളാലുള്ള ആപത്തു. 1, 1—20.

1, 1. മുഖവുര.

1, 2—4 മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വെട്ടുക്കിളികളാലുള്ള ആപത്തു. (ഭയങ്കര ഉപദ്രവം).

1, 5—12. അതിനാലുണ്ടായ നഷ്ടകഷ്ടങ്ങൾ.

1, 13—20. ഉപവാസത്തിന്നും പക്ഷവാദപ്രാൎത്ഥനകൾമായ വിളി.

(*b*) 2, 1—3, 8. സംഭവിച്ചിട്ടുള്ള ഭയങ്കര കഷ്ടം അടുത്തുണ്ടാവാനുള്ള യഹോവാദിവസത്തിൻെറ ഒരു സാദൃശ്യമാകുന്നു.

2, 1—17. മാനസാന്തരത്താലും വിനയത്താലും അടുത്തുണ്ടാവാനുള്ള നാശത്തിൽനിന്നൊഴിയാം.

2, 18—27. വെട്ടുക്കിളികൾ നശിക്കും. തദനന്തരമുണ്ടാവാനുള്ള അഭിവൃദ്ധിയിൽ ജനം സന്തോഷിക്കും.

2, 28—32. യഹോവയുടെ ദിവസത്തിൻെറ മുൻലക്ഷണങ്ങൾ പരിശുദ്ധാത്മദാനവും ആകാശത്തിലെ അടയാളങ്ങളുമത്രെ.

3, 1—8. തൻെറ ജനത്തെ ഉപദ്രവിക്കുന്ന ജാതികളെ യഹോവ ശിക്ഷിക്കും.

(*c*) 3, 9—21. യഹോവയുടെ ദിവസത്തിലുള്ള ദൈവജനത്തിൻെറ ഭാഗ്യം.

3, 9—17 ന്യായവിധിയുടെ താഴ്വരയിൽ ഒന്നായിക്കൂടേണ്ടതിന്നു ജാതികളോടാവശ്യപ്പെടുന്നു.

3, 18—21. മുമ്പുണ്ടായ അനൎത്ഥത്തിന്നുപകരം യെഹൂദ്യക്കുണ്ടാവാനുള്ള ഭാഗ്യകരമായ അവസ്ഥ. ജാതികൾക്കു ന്യായവിധിയും സീയോന്നു മഹത്വീകരണവുമുണ്ടാകും.

## 2. പ്രവാചകൻ.

യോവേൽ എന്ന പേരിൻെറ അൎത്ഥം യവേ+ഏൽ= യഹോവ ദൈവം എന്നാണ്. അദ്ദേഹത്തിൻെറ നാമവും പിതാവു പെഥൂവേൽ (1,1) ആണ് എന്ന പ്രസ്താവനയും അല്ലാതെ പുസ്തകത്തിൽ പ്രവാചകനെ സംബന്ധിച്ചോ അദ്ദേഹം ജീവിച്ചു പ്രവൃത്തിച്ചു കാലത്തെ കുറിച്ചോ വിശേഷിച്ചു ഒരു വിവരവും കാണുന്നില്ല എന്നതു ശൌനിക്കേണ്ടതാകുന്നു. തന്നിമിത്തം പ്രവൃത്തിയുടെ കാലം എന്നിത്യാദികളായ സംഗതികളെകുറിച്ചു പുസ്തക വിഷയാനുക്രമണികയിൽനിന്നേ നമുക്കു വല്ലതും ഗ്രഹിപ്പാൻ തരമുള്ളു. (യോവാശ്) യഹോവാശ് രാജാവിൻെറ കാലത്തായിരിക്കണം പ്രവാചകൻ യെഹൂദിയായിൽ പ്രവൃത്തിച്ചുതെന്നു അഭിപ്രായമുണ്ടു (2 ദിനവൃത്താന്തം 22, 10—24ാം അദ്ധ്യായത്തിൻെറ അവസാനംവരെ). പ്രവാചകൻ യെരുശലേമിൽ തന്നെയായിരിക്കണം താമസിച്ചുത് എന്ന അഭിപ്രായം സ്വീകരിക്കുന്നതിന്നു വിഷമമില്ലെന്നു തോന്നുന്നു. കാരണം ദൈവാലയം തൻെറ മുമ്പിൽതന്നെയുള്ള നിലയിലാണ് പ്രവാചകൻെറ പ്രസ്താവങ്ങൾ (1, 9.13.14.16; 2, 17). പ്രതിദിനം ദൈവാലയത്തിൽ നടക്കേണ്ടതായ യാഗങ്ങൾ നിൎത്തിവെച്ചു വസ്തുത മൂന്നു തവണ പ്രവാചകൻ പ്രസ്താവിക്കുന്നു. തന്നിമിത്തം അവൻ ഒരു പുരോഹിതനായിരിക്കാം എന്ന ഒരു അഭിപ്രായവും ഇല്ലെന്നല്ല. സീയോനിൽ കാഹളം ഊതേണം എന്നാവശ്യപ്പെടുന്നു (2, 1—5). വിശുദ്ധ സഭായോഗം അവിടെ വന്നുകൂടേണം (2, 16). വടക്കേ രാജ്യത്തെക്കുറിച്ചു ഒന്നുംതന്നെ പ്രസ്താവിക്കുന്നില്ല. ശത്രുക്കൾ യെരുശലേമിനെയും യെഹൂദായെയും കഷ്ടപ്പെടുത്തുന്നു (3, 1—6). അവരിൽനിന്നുള്ള ദുരിതങ്ങൾക്കു പ്രതിഫലമായി ഒരു ഭാഗ്യകാലമുണ്ടാകും (3, 17—20).

## 3. കാലം.

പ്രവാചകൻെറ കാലത്തെ സംബന്ധിച്ച വിശേഷിച്ച ഒരു വിവരവും ഇല്ല. വിഷയാനുക്രമണികയിൽനിന്നു വേണം വല്ലതും ഇതു സംബന്ധമായി അനുമാനിപ്പാൻ. തൽസംബന്ധമായ രണ്ടു അഭിപ്രായങ്ങളും ന്യായങ്ങളും താഴെ ചേൎക്കുന്നു.

(*a*) യെഹോവാശ് രാജാവിൻെറ വാഴ്ചയുടെ ആരംഭത്തിൽ ഈ പുസ്തകം എഴുതപ്പെട്ടിരിക്കേണം എന്ന ഒന്നാം അഭിപ്രായത്തെ സാധൂകരിക്കുന്ന ചില ന്യായങ്ങൾ താഴെ ചേൎക്കുന്നു.

1. കുററമില്ലാത്ത രക്തം ചൊരിയിച്ചതിന്നു മിസ്രയീമും ഏദോമിന്നും ശിക്ഷാവിധിയുണ്ടാകും (3, 19). രെഹബെയാം രാജാവിൻെറ കാലത്തു മിസ്രരാജാവായ ശീശക്ക യെഹൂദയെ ആക്രമിച്ചതിനാലുണ്ടായ നാശവും (1 രാജാക്കന്മാർ 14, 25) യെഹോരാം രാജാവിൻെറ കാലത്തു ഏദോം വരുത്തിയ കഷ്ടവും (2 രാജാക്കന്മാർ 8, 1 മുതലായ വാക്കുകൾ) സൂചിപ്പിക്കുന്നു.

2. രാജാവിൻെറ പേർ കാണുന്നില്ല. യെഹോവാശ രാജാവു അക്കാലത്തു ഏഴു വയസ്സു പ്രായമുള്ള ബാലനായിരുന്നു. യെഹോയാദാവു പുരോഹിതനും കാൎയ്യസ്ഥനുമായിരുന്നു.

3. പുരോഹിതന്മാരുടെ സ്ഥാനം, ദൈവാലയത്തിലെ ആരാധന ഇത്യാദികൾക്കു പ്രവാചകൻെറ കാലത്തു ഒരു പ്രാമുഖ്യം ഉണ്ടായിരുന്നു എന്നാണ് പുസ്തകത്തിൽനിന്നനുമാനിക്കാവുന്നത് (1, 13; 2, 17). കാരണം യഹോയാദാ പുരോഹിതൻെറ നേതൃത്വത്തിൽ കാൎയ്യങ്ങളെല്ലാം നടന്നു.

4. വിഗ്രഹാരാധന, ബാൽസേവ എന്നിവയെക്കുറിച്ച വിശേഷിച്ചൊന്നും കാണുന്നില്ല. കാരണം യഹോയാദാ

പുരോഹിതൻെറ ജീവകാലത്തു അവ് നടപ്പുണ്ടായിരുന്നില്ല. (2 രാജാക്കന്മാർ 12, 2; 2 ദിനവൃത്താന്തം 24, 2 മുതലായവ).

5. സുറിയക്കാർ, അശ്ശൂർ, കല്ദയർ എന്നിവരെ കുറിച്ചു പുസ്തകത്തിൽ യാതൊന്നും പ്രസ്താവിച്ചു കാണുന്നില്ല. കാരണം അവരൊക്കെയും യെഹൂദയെ എത്രയൊ കാലശേഷമാണ് ഉപദ്രവിപ്പാൻ ആരംഭിച്ചതു. പിൻകാലത്താണ് സുറിയക്കാർ യെഹൂദായെ ആക്രമിച്ചതു (2 രാജാക്കന്മാർ 12, 17 മുതലായ). അശ്ശൂർരുടെ ആക്രമം മെനഹേമിൻെറ കാലത്താണ്.

6. യോവേൽ ആദ്യപ്രവാചകന്മാരിലോരാളായതിനാലാണ് പഴയനിയമസംഹിതയിൽ പ്രവാചകൻെറ പുസ്തകം ആദ്യപ്രവാചകന്മാരുടെ ഭാഗത്തു ചേർത്തത്.

(*b*) പുസ്തകം പ്രവാസത്തിന്നു ശേഷം എസ്രാ, നെഹമിയാ എന്നിവരുടെ കാലാനന്തരം സുമാറു ക്രിസ്തുവിന്നുമുമ്പു 400ൽ എഴുതിയതാണെന്നാണ് രണ്ടാമത്തെ അഭിപ്രായം. പണ്ഡിതന്മാരായ Driver, Welhausen എന്നിവരാണ് ഈ അഭിപ്രായക്കാർ. അവർ അനുകൂലമായി പ്രസ്താവിക്കുന്ന ന്യായങ്ങൾ താഴെ ചേൎക്കുന്നു.

1. 3, 1—6യുള്ള ഭാഗത്തെക്കുറിച്ചു (*a*) 1ൽ കാണുന്ന അഭിപ്രായത്തോടല്ല കല്ദയർ വരുത്തിയ നാശത്തെ സൂചിപ്പിക്കുന്നു എന്ന അഭിപ്രായത്തോടു യോജിപ്പാനാണ് അധികം ന്യായം കാണുന്നതു.

2. ദശഗോത്രങ്ങളെ കുറിച്ചു യാതൊരു സൂചനയും കാണുന്നില്ല. അവർ അപ്രത്യക്ഷമായിരിക്കുന്നു. അപ്രകാരം തന്നെ സുറിയ, അശ്ശൂർ, കല്ദയ എന്നീ ജാതികളെ കുറിച്ചും യെഹൂദായിലെ രാജാവിനെ കുറിച്ചും ഒരു പ്രസ്താവവും പുസ്തകത്തിലില്ല.

3. ദൈവജനത്തെ ജാതികൾ ഒട്ടാകെ നാനാ ദേശങ്ങളിലേക്കു ചിതറിച്ചിരിക്കുന്നു (8, 2). യെഹൂദായുടെ ശത്രു

ക്കളായിട്ടു ഒരു പ്രത്യേകജാതിയുടെ പേർ പറയാതെ ലോക രാജ്യങ്ങൾ ഒട്ടാകെ ഉത്തരവാദികളായിട്ടുള്ള നിലയിലാണ് വൎണ്ണിച്ചിരിക്കുന്നത്. ഈ നില പിൻകാലങ്ങളിലുണ്ടായ പ്രവാചകപുസ്തകങ്ങളിൽ കാണുന്ന ഒരു പ്രത്യേകതയാകുന്നു. ദൃഷ്ടാന്തം യെഹസ്ക്കേൽ 38-ാം അദ്ധ്യായം.

4. ദൈവാരാധനാകാൎയ്യങ്ങളിൽ ജനം അതിയായ ആസക്തി പ്രത്യക്ഷപ്പെടുത്തുന്നതായിട്ടാണ് പുസ്തകത്തിലെ വിവരണം. ബാൽസേവയോ വിഗ്രഹാരാധനയോ ഉള്ളതായി കാണുന്നില്ല. പ്രവാസത്തിന്നു മുമ്പുണ്ടായിരുന്ന പ്രവാചകന്മാർ അവ്വിധം സംഗതികളെ കുറിച്ചു ദൈവജനത്തെ ഗൌരവമായി ശാസിക്കുന്നു.

അഥല്യയുടെ വാഴ്ചയെ കുറിച്ചോ അവളുടെ മരണത്തെ സംബന്ധിച്ചോ പ്രവാചകൻ യാതൊന്നും പ്രസ്താവിക്കുന്നില്ല.

6. പ്രതിദിനം ദൈവാലയത്തിലുള്ള വഴിപാടുകൾ നിന്നുപോയതിനാൽ ഉള്ള അതിയായ ദുഃഖം പ്രത്യക്ഷപ്പെടുത്തുന്നുണ്ടു. പ്രവാസശേഷമാണ് അവ്വിധം സംഗതികൾ ഏററവും ശ്രദ്ധയോടെ നടത്തിയതു (നെഹെമ്യാവു 10, 33). പുരോഹിതന്മാൎക്കും ലേവ്യൎക്കും അക്കാലത്താണ് മേന്മയേറിയ ഒരു സ്ഥാനവും അധികാരവും ഉണ്ടായതു (1, 9. 13; 2, 17).

7. ഭാവിയെ സംബന്ധിച്ച പ്രസ്താവനകൾ മററു പ്രവാചകന്മാരുടെ പ്രവചനങ്ങളോടു വളരെ യോജിക്കുന്നു. 2, 28ലെ പരിശുദ്ധാത്മാവിൻെറ അനുഗ്രഹം യെഹെസ്ക്കേൽ 39, 29നോടു യോജിക്കുന്നു. 3, 2ലെ സകല ജാതികൾക്കെതിരായ ന്യായവിധി സെഖൎയ്യാവു 14-ാം അദ്ധ്യായത്തോടു യോജിക്കുന്നു.

8. 3, 6ൽ പ്രസ്താവിച്ചിരിക്കുന്ന യവനന്മാർ (ഗ്രീക്കുകാർ) എന്നവരെ കുറിച്ചുള്ള പ്രസ്താവം പ്രവാസശേഷ

മുള്ള സമയത്തെ സൂചിപ്പിക്കുന്നു എന്നു കരുതാനാണു ന്യായം കാണുന്നത്.

ഇവയാണ് രണ്ടഭിപ്രായങ്ങൾക്കും അനുകൂലമായ ന്യായങ്ങൾ. പുസ്തകം പ്രവാസശേഷം എസ്രാ, നെഹെമ്യാവ് എന്നിവരുടെ കാലത്തുള്ള യെഹൂദാജനത്തിന്റെ അവസ്ഥയെ വിവരിക്കുന്നു എന്ന അഭിപ്രായത്തിനുള്ള ന്യായങ്ങളാണ് അധികം ശക്തിയുള്ളത് എന്നാണ് നമ്മുടെ അഭിപ്രായം.

---

## IV. പ്രവാചകനായ ഓബദ്യാവിൻെറ പുസ്തകം.

1. ഏദോമിന്മേലുള്ള ന്യായവിധിവിവരമാണ് ഈ പുസ്തകത്തിലുള്ളത്. ശവക്കടലിന്നു തെക്കു കിടക്കുന്ന സെയീർപൎവ്വതങ്ങൾക്കിടയിലായിരുന്നു ഏദോമ്യരുടെ താമസം. രാജ്യത്തിൻെറ തലസ്ഥാനമായ പെത്രോപട്ടണം ശവക്കടലിന്നു 50 നാഴിക തെക്കാണ്. പാറപിളൎപ്പുകളുടെ ഇടയിലുള്ള അതിൻെറ കിടപ്പു ഹേതുവായി അതിലേക്കുള്ള പ്രവേശനം ബഹു വിഷമമുള്ളതായിരുന്നു. അവർ ഏശാവിൻെറ സന്തതികളും (ഉല്പത്തി 36, 1), എബ്രായരുടെ അടുത്ത കുടുംബക്കാരും ആകുന്നു. എന്നാൽ രണ്ടു രാജ്യങ്ങളും തമ്മിൽ അപ്പപ്പോൾ വൈരവും യുദ്ധവും ഉണ്ടായിരുന്നു. ക്രിസ്തന്നു മുമ്പു 586ൽ നെബുഖദ്നേസർ യെരുശലേം നശിപ്പിച്ചപ്പോൾ ഏദോമ്യർ അവരെ സഹായിച്ചു, യെഹൂദന്മാരെ കഷ്ടപ്പെടുത്തി. തൻനിമിത്തം ഓബദ്യാവു തൻെറ പ്രവചനത്തിൽ അവരുടെ മേൽ വരുവാനുള്ള ന്യായവിധിയെ വൎണ്ണിക്കുന്നു. ‘നീ ചെയ്തതുപോലെ നിന്നോടും ചെയ്യും’.

### 2. വിഷയാനുക്രമണിക.

പഴയ നിയമത്തിലെ ഏററവും ചെറിയ പുസ്തകം ഇതാണ്.

1 അദ്ധ്യായം. 17 വാക്യങ്ങൾ.

1—9. മററുജാതികൾ എല്ലാം ഒന്നായി ചേൎന്ന് ഏദോമിനെ രാജ്യത്തിൽനിന്നോടിക്കുന്നതിന്നു ഒരുങ്ങുന്നു.

10—14. യെരുശലേമിൻെറ നാശത്തിൽ അവർ സന്തോഷിച്ചു സഹായിച്ചതാണ് അതിൻെറ കാരണം.

15. 16. സൎവ്വ ജാതികളുടെ മേലും യഹോവയുടെ ന്യായവിധിയുണ്ടാകും.

17—21. യെഹൂദായും യിസ്രായേലും ആ ശിക്ഷാവിധി

യിൽനിന്നു ഒഴിഞ്ഞുപോകും എന്നു മാത്രമല്ല അവർ നഷ്ട പ്പെട്ട സ്ഥലങ്ങൾ കൈവശപ്പെടുത്തും.

## 3. പ്രവാചകൻ.

ഓബദ്യാവു എന്ന നാമത്തിൻെറ അത്ഥം 'യഹോവയു ടെ ദാസൻ' എന്നാണ്. മററു യാതൊരു വിവരവും പ്രവാ ചകനെ കുറിച്ചു നമുക്കില്ല.

## 4. കാലം.

പ്രവാസത്തിന്നു മുമ്പുള്ള പ്രവാചകന്മാർ ഏദോം യെ രുശലേമിൻെറ നാശത്തിൽ അന്യജാതികളെ സഹായിച്ചു എന്നു ആക്ഷേപിച്ചു പ്രസ്താവിക്കുന്നതായി വായിക്കുന്നില്ല. (ആമോസ് 1, 9—12; യിരെമ്യാവു 9, 25; 25, 21; 49, 7 മുതലായവ). എന്നാൽ പ്രവാസകാലത്തിലുള്ള പ്രവാ ചകന്മാരാണ് അങ്ങിനെ ആക്ഷേപിക്കുന്നത് (യെഹെ സ്കേൽ 35-ാം അദ്ധ്യായം; സങ്കീത്തനം 137-ാം അദ്ധ്യാ യം; വിലാപങ്ങൾ 4, 21 മുതലായവ). തൻനിമിത്തം 10—14 വരെയുള്ള ഭാഗം നെബുഖദ്നേസർ യെരുശലേം പിടിച്ച അവസരത്തെ സൂചിപ്പിക്കുന്നു. പ്രവാചകൻ യിരെമ്യാവിന്നുമുമ്പു ജീവിച്ചു എന്നു വിചാരിപ്പാൻ തരമില്ല. 7-ാം വാക്യത്തിൽനിന്നു ഏദോമിൻെറ സഖികൾ അവനെ രാജ്യത്തിൽനിന്നു പുറത്താക്കി എന്നു കാണുന്നു. എന്നാൽ ഈ കാൎയ്യം സംഭവിക്കും എന്നു യെഹെസ്കേൽ പ്രതീക്ഷിക്കു ന്നതായിട്ടും (25, 10. 12. 14); മലാഖി പ്രവാചകൻെറ പ്ര സ്താവപ്രകാരം അതു സംഭവിച്ചതായിട്ടും (1,3) കാണുന്നു. പ്രവാസത്തിന്നു മുമ്പു ഈ കാൎയ്യം നിവൃത്തിയായതിനെ തെളിയിക്കുന്ന ഒരു പ്രസ്താവവുമില്ല.

## 5. വിമൎശനം.

1–14വരെയുള്ള വാക്യങ്ങളിൽ ഏദോമിൻെറ ഗൎവ്വം ഹേതുവായി അതിന്നു ന്യായവിധി ഉണ്ടാകും എന്നും 15–21 വരെയുള്ള ഭാഗത്തിൽ യഹോവായുടെ ദിവസത്തിൽ ദൈവജനത്തിന്നു ഉദ്ധാരണവും മററു ജാതികളുടെ മേൽ വിശേഷാൽ ഏദോമിന്മേൽ ന്യായവിധിയും ഉണ്ടാകും എന്നു വിവരിച്ചിരിക്കുന്നു.

1–14വരെയുള്ള ഭാഗം അധികം സൂക്ഷ്മമായി പരിശോധിച്ചതിൽ രണ്ടു അവസരത്തെ സൂചിപ്പിക്കുന്നു എന്നു തോന്നുന്നു (1–10; 11–14). 11–14വരെയുള്ള ഭാഗം നെബുഖദനേസർ യെരുശലേം പിടിച്ചപ്പോൾ പ്രത്യക്ഷപ്പെടുത്തിയ സന്തോഷത്തേയും കല്ദയൎക്കു നല്കിയ സഹായത്തേയും സൂചിപ്പിക്കുന്നു. രണ്ടു ഭാഗങ്ങളും വിഭിന്നകാലങ്ങളിൽ എഴുതിയതാണ്. അങ്ങിനെയായാൽ 11–14വരെയുള്ള അംശം ക്രിസ്തുവിന്നു മുമ്പ് 586ൽ നടന്ന സംഭവത്തെ സൂചിപ്പിക്കുന്നതിനാൽ പ്രവാസകാലത്തെ കുറിക്കുന്നു. 1–10വരെയുള്ള വാക്യങ്ങൾക്കും യിരെമ്യാവു 49, 7–21 വരെയുള്ള വാക്യങ്ങൾക്കും തമ്മിൽ വലിയ സാമ്യമുണ്ടു. രണ്ടു പുസ്തകങ്ങളിലെയും സാമ്യമുള്ള ചില ഭാഗങ്ങൾ താഴെ ചേൎക്കുന്നു.

| ഓബദ്യാവു | — | യിരെമ്യാവു |
|---|---|---|
| 1ലെ രണ്ടാം ഭാഗവും 2ഉം | — | 49, 14–15. |
| 3. 4. | — | 49, 16. |
| 5ൽ ഒന്നാം ഭാഗം | — | 49, 9 രണ്ടാം ഭാഗം. |

| ഓബദ്യാവു | — | യിരെമ്യാവു. |
|---|---|---|
| 6 | — | 49, 10. |
| 8 | — | 49, 7 രണ്ടാം ഭാഗം. |
| 9 | — | 49, 22(One volume Commentary). |

അങ്ങിനെയായാൽ ഓബദ്യാവു യിരെമ്യാവിൻെറ പുസ്തകം ഉപയോഗിച്ചോ അല്ല യിരെമ്യാവു ഓബദ്യാവിൻെറ പുസ്തകം ഉപയോഗിച്ചോ അല്ല രണ്ടു പേരും മൂന്നാമതൊരുരേഖ ഉപയോഗിച്ചോ എന്ന ചോദ്യത്തിന്നു സമാധാനം പറവാൻ പ്രയാസം.

പ്രവാചകപുസ്തകത്തിലെ 1–10വരെയുള്ള ഭാഗമാണ് ആദ്യ പ്രവചനം. ഈ ഭാഗം ആരോ പിൻകാലത്തിൽ ഏദോമിന്നെതിരായി യിരെമ്യാപ്രവാചകൻെറ പുസ്തകത്തിൽ ചേൎത്തതായിരിക്കാം. 2 രാജാക്കന്മാർ 8, 16–22 വരെയുള്ള ഭാഗത്തു കാണുന്നതുപോലെ യെഹൂദാരാജാവായ യെഹെബെയാമിൻെറ കാലത്തു ഉണ്ടായ ഏദോമിൻെറ മത്സരത്തെ സൂചിപ്പിക്കുന്നു എന്നു അഭിപ്രായപ്പെടാം.

അങ്ങിനെയായാൽ പ്രവാചകപുസ്തകം മൂന്നു കാലങ്ങളെ സൂചിപ്പിക്കുന്നു എന്നു നമുക്കു അനുമാനിക്കാം.

*a*) 1–10. പ്രവാസത്തിന്നു മുമ്പുള്ള കാലത്തിലെ ഒരു പ്രവചനം.

*b*) 11–14. ക്രിസ്തുവിന്നു മുമ്പു 586ൽ സംഭവിച്ചതു ഓൎത്തു എഴുതിയ പ്രവാസകാലത്തിലെ പ്രവചനം.

*c*) 15–21വരെ. അവസാനകാൎയ്യങ്ങളെ സംബന്ധിച്ച പ്രവാസശേഷം എഴുതിയ പ്രവചനം.

## V. യോനാപ്രവാചകൻെറ പുസ്തകം.

### 1. പ്രവാചകൻ.

യോനാ എന്ന പേരിൻെറ അത്ഥം 'പ്രാവു' എന്നാണ്. പ്രവാചകൻ ഒരു ചരിത്രപുരുഷനായിരുന്നു. കത്താവു അദ്ദേഹത്തെ കുറിച്ചു പ്രസ്താവിച്ചത് നാം മത്തായി സുവിശേഷം 12, 39—41വരെയുള്ള വാക്യങ്ങളിൽ വായിക്കുന്നു. സുറിയക്കാരുമായുണ്ടായ യുദ്ധത്തിൽ രണ്ടാം യെറോബെയാമിനും (ക്രിസ്തുവിന്നു മുമ്പു 786—746വരെ) ജയം ഉണ്ടാകും എന്നു യോനാ പ്രവാചകൻ പ്രസ്താവിച്ചതനുസരിച്ചു സംഭവിച്ചു എന്നു രണ്ടു രാജാക്കന്മാർ 14, 25ൽ കാണുന്നു. അദ്ദേഹം അമിത്ഥായി എന്ന ഒരാളുടെ മകനായിരുന്നു (1, 1). സെബുലൂൻ ഗോത്രത്തിലെ ഗെത്ത്ഫേഫർ എന്ന പട്ടണക്കാരനായിരുന്നു പ്രവാചകൻ. നസറേത്തിന്നു സമീപമായിട്ടു അദ്ദേഹത്തിൻെറ കല്ലറ ഇന്നും യാത്രക്കാൎക്കു കാണാം. അദ്ദേഹം ഒരു 'മതഭ്രാന്തനായ' യെഹൂദനായിരുന്നു എന്നു തോന്നുന്നു. ജാതികളുടെ നഗരങ്ങളിൽ ഒന്നായ നീനെവേയിൽ പോയി പ്രസംഗിപ്പാൻ ആദ്യം അദ്ദേഹം വൈമനസ്യം കാണിച്ചതിൽനിന്നും ദൈവം നഗരത്തെ നശിപ്പിക്കാതെ വിട്ട അവസരത്തിൽ അദ്ദേഹത്തിന്നുണ്ടായ ഇച്ഛാഭംഗം, കോപം എന്നിവയിൽനിന്നും അതു അനുമാനിക്കാവുന്നതാണ്.

### 2. ഗ്രന്ഥം എഴുതിയ ആളും കാലവും.

നീനെവേയുടെ നാശത്തിന്നു (ക്രിസ്തുവിന്നു മുമ്പു 607ൽ) എത്രയോ ശേഷമാണ് പുസ്തകം എഴുതപ്പെട്ടതു. കാരണം നഗരത്തെ കുറിച്ചുള്ള പുസ്തകത്തിലെ വൎണ്ണന ഭൂതകാലത്തെ കുറിക്കുന്നു (3. 3). നീനെവേയുടെ നാശത്തെ കുറിച്ചു യാതൊരു വിവരവും ഇല്ലാത്ത തൻെറ വായനക്കാൎക്കു നഗ

രത്തിൻെറ ഒരു വൎണ്ണന കൊടുക്കുന്നു. നഗരം അങ്ങിനെ ആകുന്നു എന്നല്ല ആയിരുന്നു എന്നാണ് പ്രസ്താവം. നീനെവേ രാജാവിൻെറ പേർ പുസ്തകത്തിൽ കാണുന്നില്ല. മററു സ്ഥലങ്ങളിൽ അശ്ശൂർ രാജാക്കന്മാരുടെ പേർ പറയപ്പെട്ടിരിക്കെ ഇവിടെ അതു പ്രസ്താവിക്കാത്തതിനാൽ പ്രവാചകപുസ്തകം എഴുതിയ ആൾക്കു അതു സംബന്ധമായി ഒരു വിവരം കിട്ടാത്ത കാലത്തു ജീവിച്ചു എന്നു വിചാരിക്കാം. തൻ നിമിത്തം ഗ്രന്ഥകൎത്താവു യോനയല്ല, തീൎച്ച തന്നെ. പുസ്തകരചനയിൽ അറേമ്യഭാഷയുടെ ഉപയോഗം കാണുന്നു. അഞ്ചും നാലും നൂററാണ്ടുകളിലെ അറേമ്യഭാഷയോടാകുന്നു പുസ്തകത്തിലേ ഭാഷക്കു സാമ്യം. തൻ നിമിത്തം ഗ്രന്ഥം ഒരുത്തൻ എസ്രാ, നെഹേമിയ എന്നിവരുടെ കാലശേഷം അതായതു യോനാപ്രവാചകൻെറ ജീവകാലത്തിന്നു മൂന്നു നൂററാണ്ടുകളുടെ പിമ്പിൽ എഴുതിയതായിരിക്കണം എന്നാണ് അഭിപ്രായം. എന്നാൽ പുസ്തകനിൎമ്മാണത്തിന്നു ചരിത്രസംഭവം അടിസ്ഥാനമില്ല എന്നു ചിലർ അഭിപ്രായപ്പെടുന്നു. കാരണം പഴയ നിയമത്തിൽ മറെറാരേടത്തും നിനെവേക്കാർ മാനസാന്തരപ്പെട്ടതായി പ്രസ്താവിക്കുന്നില്ല. അതിന്നു പകരം നഹൂമിൻെറ പുസ്തകത്തിലും യെശയ്യാവ് 10, 37. എന്നീ അദ്ധ്യായങ്ങളിലും നിനെവേയുടെ മേൽ വരുവാനിരിക്കുന്ന ഭയങ്കര ന്യായവിധിയെ വൎണ്ണിക്കുന്നു. കാൎയ്യം അങ്ങിനെയായാലും പുസ്തകരചനക്കു ചരിത്രം ആസ്പദമായിരുന്നു എന്നു അഭിപ്രായപ്പെടുന്നതിന്നു വിഷമമില്ല. എലീശാ ദമസ്കോസിലേക്കു ഒരു യാത്ര ചെയ്തതുപോലെ യോനായും നിനെവേയിലേക്കു ഒരു യാത്ര ചെയ്തിട്ടുണ്ടായിരിക്കാം. ഈ യാത്രാവിവരം യെഹൂദന്മാരുടെ ഇടയിൽ തലമുറകളായിട്ടു വ്യാപരിച്ചിരുന്നു.

## 3. പുസ്തകോദ്ദേശ്യം.

ശേഷം പ്രവാചക പുസ്തകങ്ങളെ സംബന്ധിച്ചിടത്തോളം യോനായുടെ പുസ്തകത്തിന്നു ഒരു വിശേഷതയുണ്ടു. പുസ്തകം യാതൊരു പ്രവചനത്തേയും കുറിച്ചു പ്രസ്താവിക്കുന്നില്ല. യോനാവിന്നുണ്ടായ അനുഭവം പ്രസ്താവിച്ചു എന്നേയുള്ളു. ഗ്രന്ഥകൎത്താവു പ്രവാചകന്റെ അനുഭവങ്ങളെ ഉപയോഗിച്ചുംകൊണ്ടു കാൎയ്യമായ ഒരു ആത്മികോദ്ദേശം ദൈവജനത്തിന്നു ഗ്രന്ഥം മുഖേന പ്രദാനം ചെയ്വാൻ ഭാവിക്കുന്നു (4, 11).

1) ദൈവം ഒരു പ്രത്യേക ജാതിക്കു മാത്രമുള്ളവനല്ല. മുഴു മാനുഷവംശത്തിന്റെയും ദൈവമാകുന്നു. യിസ്രായേല്യരുടെ ദൈവം മാത്രമല്ല. പുറജാതികളുടേയും ദൈവമാകുന്നു. ദൈവജനത്തിന്നു മാത്രം കരുണ കാണിക്കുന്നവനല്ല. മാനസാന്തരപ്പെട്ടാൽ ജാതികളോടും കരുണ കാണിക്കുന്നു. ദൈവം സൎവ്വസൃഷ്ടികളോടും സ്നേഹമുള്ളവനാകുന്നു.

2) ജാതികൾ ദൈവപരിജ്ഞാനത്തിലും രക്ഷയിലും പങ്കാളികളാകുവാൻ അവരെ മാനസാന്തരത്തിന്നായി ക്ഷണിക്കുന്ന മിശ്യനറിമാരും പ്രസംഗികളുമായിരിപ്പാനാണ് അവരെക്കൊണ്ടുള്ള ദൈവത്തിന്റെ ഉദ്ദേശ്യം. ജാതികൾക്കു അവർ വെളിച്ചമായിരിക്കണം എന്ന സത്യമാണ് രണ്ടാം യെശയ്യാവിന്റെ പുസ്തകത്തിന്റെയും ഉദ്ദേശം.— എന്നാൽ യെഹൂദർ പ്രവാസത്തിൽനിന്നു മടങ്ങിവന്ന ശേഷം മിശ്യനറിമാരായി ജാതികളുടെ മദ്ധ്യേ ജീവിച്ചു പ്രവൃത്തിക്കേണ്ട ഉദ്ദേശം അവർ കേവലം വിസ്മരിച്ചു. തങ്ങളിൽനിന്നു ജാതികളെ കേവലം വ്യത്യസ്ഥപ്പെടുത്തി. അവരോടു സംസൎഗ്ഗം ചെയ്യുന്നതു ദോഷവും അശുദ്ധിയും ആണെന്നും മശിഹ തങ്ങൾക്കുണ്ടാകുവാനുള്ള ഉദ്ധാരണ കാലത്തിൽ അവരുടെ മേൽ ഭയങ്കര ന്യായവിധി ഉണ്ടാകും എന്നും ഉള്ള ധാരണ

അവരെ ബാധിച്ചു, അവരിൽ വേരൂന്നി. ഈ മനോഭാവം കേവലം ത്യജിച്ചു ജാതികളുടെ മദ്ധ്യേ യഹോവയെ കുറിച്ചുള്ള സത്യജ്ഞാനം വ്യാപിപ്പിക്കുന്നതാണു അവരെക്കൊണ്ടുള്ള ദൈവഹിതം എന്നു പഠിപ്പിക്കുന്നതാണു പുസ്തകോദ്ദേശ്യം.

## 4. വിഷയാനുക്രമണിക.

4 അദ്ധ്യായങ്ങളും 48 വാക്യങ്ങളും.

അദ്ധ്യായം 1. ദൈവം തന്നെ നിയോഗിച്ച വേലയിൽനിന്നു ഒഴിഞ്ഞു പോവാനുള്ള യോനയുടെ പരിശ്രമവും അതിന്നുള്ള ശിക്ഷയും.

2, 1–9. ശിക്ഷയിൽനിന്നു രക്ഷിക്കുവാനുള്ള പ്രാൎത്ഥന.

2, 10. രക്ഷ.

3-ാം അദ്ധ്യായം. യോനായുടെ പ്രസംഗം കേട്ടു നീനെവേക്കാർ മാനസാന്തരപ്പെട്ടു ശിക്ഷയിൽ നിന്നൊഴിയുന്നു.

4-ാം അദ്ധ്യായം. ദൈവം യോനയുടെ മതഭ്രാന്തു ശാസിച്ചു തന്റെ കരുണ വെളിപ്പെടുത്തി.

എന്നാൽ ഗ്രന്ഥം യെഹൂദ സാഹിത്യത്തിൽ ഒരു മുത്തായിരിക്കുന്നതിനാലും ഗ്രന്ഥകൎത്താവു ദിവ്യാത്മാവിനാൽ ആവേശിതനായി അതു എഴുതി എന്നു തെളിയുന്നതിനാലും പുസ്തകം പഴയനിയമ സംഹിതയിൽ പ്രവാചകപുസ്തകങ്ങളുടെ കൂട്ടത്തിൽ ചേൎത്തു.

# VI. മീഖാപ്രവാചകൻെറ പുസ്തകം.

## 1. പ്രവാചകനും കാലവും.

മീഖാ എന്ന നാമത്തിൻെറ അൎത്ഥം 'യഹോവെക്കതുല്യ നാർ' (7, 18) എന്നാണ്. ചെറുപ്പക്കാരനായിരുന്ന മീഖാ യെശയ്യാ പ്രവാചകൻെറ സമകാലീനനായിരുന്നു. യെരുശലേമിൽ നിന്നു ഇരുപതു നാഴിക തെക്കുപടിഞ്ഞാറായി കിടന്ന മോരേശെത്ത് എന്ന ഗ്രാമത്തിലായിരുന്നു അദ്ദേഹത്തിൻെറ താമസം (1, 14; യിരെമ്യാവ് 26, 18). അക്കാലത്ത് യെഹൂദായിൽ യോഥാം (ക്രിസ്തുവിന്നു മുമ്പു 740—736), ആഹാസ് (736—728), യെഹിസ്കീയാവു (728—699), മനെശ്ശെ എന്നീ രാജാക്കന്മാരും, യിസ്രായേലിൽ പെക്കഹിയ, പെക്കഹ, ഹൊശെയാ എന്നീ രാജാക്കന്മാരും വാണിരുന്നു (2 രാജാക്കന്മാർ 15, 23—30; 17, 1—6). അദ്ദേഹം യെഹിസ്കീയാ രാജാവിൻെറ കാലത്ത് യെഹൂദായിൽ ചെയ്ത പ്രവൃത്തിയെ കുറിച്ചു യിരെമ്യാവു 26, 17—19ൽ കാണുന്നു. മീഖാ 3, 12 ഇതിനോടു ഒത്തു നോക്കുക. അദ്ദേഹത്തിൻെറ പുസ്തകത്തിൽ ശമൎയ്യയെ സംബന്ധിച്ച പ്രവചനവും ഉണ്ടു. ഒന്നാം അദ്ധ്യായം ശമൎയ്യയുടെ നാശത്തിന്നു മുമ്പു (ക്രിസ്തുവിന്നു മുമ്പു 722ൽ) എഴുതിയതാണ്. 1—5 വരെയുള്ള അദ്ധ്യായങ്ങൾ യെഹിസ്കീയാവിൻെറ കാലത്തേയും 6. 7 എന്നീ അദ്ധ്യായങ്ങൾ മനെശ്ശെ രാജാവിൻെറ കാലത്തേയും കുറിക്കുന്നു.

## 2. യെഹൂദായിലെ സമുദായാവസ്ഥ.

അക്കാലത്ത് യെഹൂദാരാജ്യം അയൽരാജ്യങ്ങളുമായി കച്ചവടം നടത്തി. അധികം സമൎത്ഥന്മാരും ഉത്സാഹികളുമായ ആളുകൾ നാട്ടിൻപുറങ്ങളിൽനിന്നു യെരുശലേം

നഗരത്തിലേക്ക കച്ചവടസൌകൎയ്യത്തിന്നായി കടന്നുകൂടി. കച്ചവടം വൎദ്ധിച്ചതോടുകൂടി ധനികന്മാരും സമൎത്ഥന്മാരും കൂടുതൽ ധനം ആൎജ്ജിക്കയും സാധുക്കൾ കേവലം ദാരിദ്ര്യത്തിന്നധീനരാകയും ചെയ്തു. നാട്ടിൻപുറങ്ങളിലെ ജനങ്ങളും നഗരവുമായി കൊള്ളക്കൊടുക്ക ഇല്ലാതെയായി. യെഹിസ്കീയാ രാജാവിന്റെ കാലത്തു അശ്ശൂൎയ്യൎക്ക പലതവണ കപ്പം കൊടുപ്പാനും, നഗരം, കോട്ടമതിലുകൾ എന്നിവ ഉറപ്പിപ്പാനും ദ്രവ്യം ധാരാളം ആവശ്യമായിരുന്നു. സാധുക്കളായ കൃഷിക്കാർ അതിന്നായി ധാരാളം പണം കൊടുക്കേണ്ടിവന്നു.

3. ഉപദേശം. മീഖായും യെശയ്യാവും സമകാലീനന്മാരായിരുന്നതിനാൽ അവരുടെ ഉപദേശങ്ങൾക്ക തമ്മിൽ തുല്യത കാണുന്നുണ്ടെങ്കിൽ ആശ്ചൎയ്യപ്പെടുവാനില്ല. എന്നാൽ അവരുടെ വാസസ്ഥലം, ചുററുപാടുകൾ എന്നിവ സംബന്ധിച്ച വ്യത്യാസം ഉണ്ടായിരുന്നതുപോലെ ഉപദേശവ്യത്യാസവും കാണ്മാനുണ്ടു. യെശയ്യാവു രാജവംശത്തിൽ പെട്ട യെരുശലേം പൌരനായിരുന്നു. മീഖായോ ഗ്രാമവാസിയും കൃഷിക്കാരനും ആയിരുന്നു. തന്നിമിത്തം യെശയ്യാവു യെരുശലേം നഗരസമ്പ്രദായങ്ങളെയും ജനത്തെയും നല്ല പരിചയമുള്ളതുപോലെ എഴുതുന്നു. മീഖായോ ഒരു ഗ്രാമവാസിയായി കൎഷകന്മാൎക്ക നികുതിവൎദ്ധിപ്പിക്കുന്നതു ഹേതുവായി ഉണ്ടായ കഷ്ടതകളിൽ കൂടുതൽ സഹതാപം കാണിക്കുന്നു. യെശയ്യാവിന്റെ പ്രബോധനത്തേക്കാളും അവന്റെ ഉപദേശം ശക്തിയുള്ളതാകുന്നു (3, 2–4). യെഹൂദായിലെ പ്രമാണികളും ധനികന്മാരും സാധുക്കൾക്കു വരുത്തിയ ദ്രോഹത്തെ കുറിച്ചു അദ്ദേഹം കഠിനമായി നേരിട്ടു ശാസിക്കുന്നു (2, 2. 9. 11; 3, 5–11). യെശയ്യാപ്രവാചകൻ രാഷ്ട്രീയകാൎയ്യങ്ങളിൽ കൂടുതൽ ശ്രദ്ധയും താല്പൎയ്യവും കാണിച്ചു. എന്നാൽ മീഖയോ സൽഗുണസംബന്ധമായും

മതപരമായും കേവലം ഒരുപദേശകനായിരുന്നു. യെരു ശലേമും ദൈവാലയവും അശ്ശൂൎയ്യരുടെ കൈവശത്തിൽ പെടാതെ രക്ഷിക്കപ്പെട്ടും എന്ന യെശയ്യാപ്രവാചകന്റെ ആശ്വാസവാഗ്ദത്തം ജനം തെററിദ്ധരിച്ചു എന്നു മീഖാ ഗ്രഹിച്ചു. ദൈവാലയവും നഗരവും നില്ക്കുന്ന കാലത്തോളം ജീവിതം എങ്ങിനെയെങ്കിലും ആവാമെന്നു ജനം വിചാരിച്ചു. തന്നിമിത്തം മീഖാപ്രവാചകൻ ദൈവാലയംകൊണ്ടും ആരാധനകൊണ്ടും തൃപ്തിപ്പെടാതെ നീതിയും ന്യായവും നടത്തുന്നതാണ് യഥാൎത്ഥഭക്തി എന്നു തെളിയിച്ചു കൊടുക്കുന്നു. ആമോസിനെപ്പോലെ മീഖാ ഒരു മാനസാന്തരത്തെപ്പററി പ്രസംഗിക്കുന്നവനായിരുന്നു.

6. 7 എന്നീ അദ്ധ്യായങ്ങളുടെ കാലം മനെശ്ശരാജാവിന്റെ വാഴ്ചയെ സൂചിപ്പിക്കുന്നു എന്നു തോന്നുന്നു. 2 രാജാക്കന്മാർ 21-ാം അദ്ധ്യായം ഒത്തുനോക്കുക. സൻഹെരിബ് യെരുശലേം വിട്ടുപോയി. എന്നാൽ ഏസർ ഹദ്ദോൻ വന്നു ക്രിസ്തുവിന്നു മുമ്പു 678ൽ ഫൊനിക്യയും, 671ൽ സോറും പിടിച്ചടക്കി. 676ൽ യെരുശലേമിനോടു കപ്പം കൊടുക്കുവാൻ ആവശ്യപ്പെട്ടു. കഷ്ടതയും ശത്രുഭയവും ഉണ്ടായതോടൊന്നിച്ചു യെഹിസ്കീയാവിന്റെ കാലത്തുണ്ടായ നവീകരണാവസ്ഥകളും ജനങ്ങളുടെ വിശ്വാസജീവിതത്തിന്നും അന്തരം വന്നു. ജനം മതനിഷ്ഠയുള്ളവരായിരുന്നു. എന്നാൽ അവൎക്കു യഹോവയുടെ ശക്തിയെക്കുറിച്ചു സംശയമുണ്ടായി. തങ്ങളുടെ യെഹോവാദൈവത്തിന്നു അശ്ശൂർരാജാവിന്റെ കൈയിൽനിന്നു തങ്ങളെ രക്ഷിപ്പാൻ കഴിയാത്തതിനാൽ ശക്തിയുള്ള അന്യദേവന്മാരുണ്ടു എന്നും അവരേയും സമാധാനിപ്പിച്ചല്ലാതെ ദേശത്തിന്നു നേരിടുന്ന കഷ്ടാരിഷ്ടതകൾ നീങ്ങിപ്പോകയില്ല എന്നും ജനം വിചാരിച്ചു. യഹോവെക്കു അതുവരെയും കഴിച്ച ആരാധനയിൽ അവർ തൃപ്തിപ്പെടാതെ യഹോവ കോപിച്ചുകൊണ്ടിരിക്കുന്നു എന്നു വി

ചാരിച്ച് തങ്ങളുടെ അയൽവാസികൾ ചെയ്യുന്നതുപോലെ തങ്ങളുടെ മക്കളെ അഗ്നിപ്രവേശം ചെയ്യിച്ചു. യഹോവയെ മാത്രം സേവിച്ചവരെ ഉപദ്രവിച്ചുതുടങ്ങി (7, 2). അതിന്നു വിരോധമായി മീഖാ സാക്ഷാൽ മതം അഥവാ ഭക്തി എന്താണെന്നു ജനത്തെ ഗ്രഹിപ്പിച്ചു (6, 8). അവർ അന്യോന്യം പ്രത്യക്ഷപ്പെടുത്തുന്ന അനീതിയെ ശാസിച്ചു (6, 9—15; 7, 3—6).

യഹോവ സർവ്വത്തിന്നുപരിയാണെന്നും അവനെയാണ് പരിപൂർണ്ണമായാശ്രയിക്കേണ്ടതെന്നും പ്രവാചകൻ ഏക നായി ജനത്തെ പ്രബോധിപ്പിക്കുന്നു.

## 4. വിഷയാനുക്രമണിക.

7 അദ്ധ്യായങ്ങളും 104 വാക്യങ്ങളുമുണ്ടു.

*A.* 'കേൾപ്പിൻ' എന്ന പ്രബോധനത്തോടുകൂടെ ആരംഭിക്കുന്ന മൂന്നു ഭാഗങ്ങളാക്കാം.

I. 1, 1—2, 13.
II. 3, 1—5, 15.
III. 6, 1—7, 20 (Scofield).

*B.* I. 1—3 ശാസനാരൂപമായ പ്രബോധനങ്ങൾ.
1, 1—9 യിസ്രായേലിന്നുള്ള ന്യായവിധി.
1, 10—16 യിസ്രായേലിൻെറ നാശത്തെ കുറിച്ചുള്ള വിലാപഗീതം.
2, 1—11 സാമുദായികദുഷ്ടവും ശിക്ഷയും.
2, 12.13 ശുഭകാലത്തെ കുറിച്ചുള്ള പ്രവചനം.
3, 1—8 യെഹൂദായിലെ നീതികേടുള്ള നാടുവാഴികളും, കള്ള പ്രവാചകന്മാരും.
3, 9—12 നാശം വരികയില്ല എന്നു അവർ പറയുന്നു.

II. 4. 5. മശീഹാപ്രവചനങ്ങൾ.

4, 1—5. സൎവ്വലൌകീകമതത്തിന്റെ കേന്ദ്രം യെരുശലേം ആയിരിക്കും.

4, 6.—5, 1. പ്രവാസവും തിരിച്ചുവരവും. സൎവ്വജാതികളുടെ മേലും യിസ്രായേലിന്നു ജയമുണ്ടാകും.

5, 2—9. മശീഹായെ കുറിച്ചുള്ള പ്രത്യാശ.

5, 10—15. യിസ്രായേലിന്റെ ശുദ്ധീകരണം.

III. 6, 1—7, 6. യെഹൂദക്കെതിരായ ശാസന.

6, 1—8. സാധാരണ മതജീവിതവും പ്രവാചകൻ ആവശ്യപ്പെടുന്ന ഭക്തിജീവിതവും.

6, 9—16. കച്ചവടം, ഇടപാടുകൾ, എന്നിവ സംബന്ധിച്ച അനീതിയും ശിക്ഷയും.

7, 1—6. അക്രമം, അന്യോന്യമുള്ള അഴിമതികൾ.

IV. 7, 7—20. രണ്ടു അനുബന്ധങ്ങൾ. പ്രവാസത്തിലോ അതിന്നു ശേഷമോ ഉണ്ടാക്കിയ രണ്ടു സങ്കീൎത്തനങ്ങൾ.—യിസ്രായേലിന്റെ വിശ്വാസസ്വീകാരം.

## 5. വിമൎശന ചോദ്യങ്ങൾ.

*a*) മീഖാ 4, 1—4ലും യെശയ്യാവ് 2, 2—4ലും തുല്യതയുണ്ട്. രണ്ടു ഭാഗങ്ങളും ഭാവിയിലെ യെരുശലേമിന്റെ മഹത്വത്തെ വൎണ്ണിക്കുന്നു. പക്ഷെ രണ്ടു പ്രവാചകന്മാരും തങ്ങൾക്കു മുമ്പുണ്ടായിരുന്ന അറിയാത്ത ഒരു പ്രവാചകന്റെ വാക്കുകൾ എടുത്തു ഉപയോഗിച്ചതായിരിക്കേണം.

*b*) 6, 1—7, 1—6. പഴയനിയമത്തിൽ ഈ ഭാഗം അതിമനോഹരഭാഗങ്ങളിൽ ഒന്നാകുന്നു. യഹോവയും ജനവും തമ്മിൽ സംവാദം ചെയ്യുന്നു. യഹോവയുടെ പ്രതിനിധിയായി പ്രവാചകൻ വാദിയും യിസ്രായേൽ

പ്രതിയുമാകുന്നു. പാപപരിഹാരമായി യിസ്രായേൽ യാഗങ്ങൾ അർപ്പിക്കയും നരബലി കഴിക്കയും ചെയ്യുന്നു. യഹോവയോ അവരിൽനിന്നാവശ്യപ്പെടുന്നതു സൽഗുണജീവിതവും യഥാൎത്ഥഭക്തിയും ആകുന്നു. നീതിയും സ്നേഹവും താഴ്മയും ആണ് ദൈവം ആവശ്യപ്പെടുന്ന യഥാൎത്ഥഭക്തി (6, 6 മുതലായ വാക്കുകൾ).

1—5വരെയുള്ള അദ്ധ്യായങ്ങളുടെ ഭാഷയും ഈ അംശം എഴുതപ്പെട്ട ഭാഷയും തമ്മിൽ വ്യത്യാസമുണ്ടു. പൊരുളടക്കം നോക്കിയാൽ അതു മനെശ്ശെരാജാവിന്റെ കാലത്തെ കുറിക്കുന്നു എന്നു നാം മേൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. തന്നിമിത്തം ഈ ഭാഗം മീഖാപ്രവാചകൻ എഴുതി എന്നോ അല്ല മറെറാരു അറിയപ്പെടാത്ത പ്രവാചകൻ പിന്നീടു എഴുതി എന്നോ ഏതഭിപ്രായം സ്വീകരിച്ചാലും വേണ്ടതില്ല, അതിന്നു മതപരമായ വിലയുണ്ടു എന്നോൎക്കണം. 6, 7. 16. എന്നീ വാക്യങ്ങളിലെ സംഗതികൾ മനെശ്ശെയുടെ കാലസ്ഥിതിയെ കുറിക്കുന്നു.

*c*) 7, 7—20. ഈ ഭാഗം യെഹൂദായുടെ ഉദ്ധാരണത്തെ കുറിച്ചു പ്രസ്താവിക്കുന്നതിനാൽ യെരൂശലേം നശിച്ചു എന്നും (7, 11), ജനം ചിതറിപ്പോയിരിക്കുന്നു എന്നും (7, 12) അനുമാനിക്കേണ്ടതിനാൽ ഈ അംശം പ്രവാസത്തിലോ പ്രവാസശേഷമോ എഴുതിയതാണെന്നു വിചാരിക്കാം.

———

# VII. നഹൂം പ്രവാചകപുസ്തകം.

## 1. പ്രവാചകൻ.

പുസ്തകത്തിലെ പെരുളടക്കത്തിൽനിന്നും തലവാചകത്തിൽനിന്നും അല്ലാതെ പ്രവാചകനെ കുറിച്ചു നമുക്കു യാതൊന്നും അറിവാൻ നിവൃത്തിയില്ല. ആ പേരിൻെറ അൎത്ഥം 'ആശ്വാസിപ്പിക്കുന്നവൻ' എന്നാണ്. 3, 7 ഒത്തു നോക്കുക. ഈ നാമം രണ്ടു തവണ മാത്രം വേദപുസ്തകത്തിൽ കാണുന്നു. ഇവിടെയും ലൂക്കോസ് സുവിശേഷം 3, 25-ാം വാക്യത്തിലും ആണ്.

അദ്ദേഹത്തിൻെറ ദേശത്തെ കുറിച്ചു പല അഭിപ്രായങ്ങളുണ്ടു. പ്രവാചകൻ എൽകോശ്യനാണെന്നു പുസ്തകത്തിൽനിന്നറിയുന്നു. അശ്ശൂൎയ്യർ യിസ്രായേല്യരെ അടിമകളാക്കി പിടിച്ചുകൊണ്ടുപോയ അവസരത്തിൽ നഹൂം നീനെവേ നഗരത്തിന്നു സമീപത്തുള്ള ഇക്കാലത്തെ മൊസുൽപട്ടണത്തിന്നു സമീപം അൽകുശ് എന്ന സ്ഥലത്തു നഹൂമിൻേറതാണെന്നു പറയുന്ന ഒരു കല്ലറ കാണ്മാനുണ്ടു. അധികം വിശ്വാസയോഗ്യമായ മറെറാരഭിപ്രായമുണ്ടു. നഹൂം പ്രവാചകൻെറ പുസ്തകത്തെ സംബന്ധിച്ചു ജെറോം എഴുതിയ വ്യാഖ്യാനപുസ്തകത്തിൽ പ്രവാചകൻ ഗലീലദേശക്കാരനായിരുന്നു എന്നും ജെറോമിൻെറ കാലത്തു ഗലീലായിൽ എൽകോശി എന്ന പേരോടുകൂടിയ ഒരു സ്ഥലമുണ്ടായിരുന്നു എന്നും പ്രസ്താവിച്ചിരിക്കുന്നു. മററു ചിലർ നഹൂം യെഹൂദാദേശക്കാരനാണെന്നു അഭിപ്രായപ്പെടുന്നു. കാരണം യെഹൂദാദേശത്തിന്നു തെക്കു പടിഞ്ഞാറെ അതിൎത്തിക്കു എൽകോശ് എന്ന നാമധേയത്തോടുകൂടിയ ഒരു പട്ടണമുണ്ടു.

## 2. കാലം.

പ്രവാചകൻ ഹിസ്കീയാ രാജാവിൻെറയോ യൊശീയാ രാജാവിൻെറയോ കാലത്തു ജീവിച്ചു പ്രവൃത്തിച്ചു എന്നു പല അഭിപ്രായക്കാരുണ്ടു. അത്തായത്തു 'യോനാപ്രവാചകൻെറ കാലത്തിന്നു 150 വൎഷങ്ങളുടെ ശേഷം'. പുസ്തകപരിശോധന പ്രകാരം 664നും 604നും മദ്ധ്യത്തിലാണെന്നു ന്യായസഹിതം അഭിപ്രായപ്പെടാം. ഈജിപ്തിലെ നഗരവും കോട്ടയുമായ നോ-അമ്മോൻ (തെബെസ്നെ) നശിപ്പിച്ചതു ക്രിസ്തുവിന്നു മുമ്പു 668–626 വരെ അശ്ശൂരിൽ വാണ അശ്ശൂർ ബനിപാൾ എന്ന രാജാവാണ്. അതിൻെറ നാശത്തെ കുറിച്ചു 3, 8–11 വരെ പ്രസ്താവിച്ചിരിക്കുന്നു. ക്രിസ്തുവിന്നു മുമ്പു 606ൽ ആണ് നീനെവേ നഗരം നശിച്ചു പോയത്. നഗരത്തിൻെറ നാശത്തെ കുറിച്ചുള്ള പ്രവചനമാണല്ലോ പുസ്തകത്തിൻെറ മുഖ്യ സാരാംശം.

## 3. പുസ്തകത്തിൻെറ ഉദ്ദേശ്യം.

നഹൂമിൻെറ പുസ്തകത്തിൽ നാം പ്രവചനത്തിൽ ഒരു പ്രത്യേകത കാണുന്നു. നഹൂമിന്നു മുമ്പുള്ള പ്രവാചകന്മാർ യിസ്രായേലിന്മേൽ വരുവാനുള്ള ന്യായവിധിയെ കുറിച്ചു മുൻ അറിയിച്ചു. എന്നാൽ നഹൂം പ്രവാചകനോ യിസ്രായേല്യരുടെ ശത്രുക്കളുടെമേൽ വരുവാനുള്ള യഹോവയുടെ ന്യായവിധി അറിയിക്കുന്നു. അതു അക്കാലത്തെ വമ്പിച്ച ലോകരാജ്യമായ അശ്ശൂരിൻെറ തലസ്ഥാനമായ നീനെവേയുടെ നാശത്തോടുകൂടെ ആരംഭിക്കുന്നു.

നീനവേയുടെമേൽ വരുവാനുള്ള ന്യായവിധി അറിയിക്കുന്നതാണ് പുസ്തകത്തിൻെറ ഉദ്ദേശം. ഏകദേശം നൂറു വൎഷങ്ങളുടെ ശേഷം പുസ്തകത്തിൽ പ്രസ്താവിക്കപ്പെട്ടതിനോടു ഏററവും യോജിക്കുന്നവിധത്തിൽ ആ പ്രവചനം നിവൃത്തിയായി.

യെഹൂദായുടെ സൽഗുണസംബന്ധമായും ആത്മീകാഭിവൃദ്ധിക്കായും വിശേഷിച്ചു ഒരു പ്രബോധനയോ പ്രവചനമോ പുസ്തകത്തിലില്ലാത്തതു അതിൻെറ ഒരു ന്യൂനതയായിട്ടു വിചാരിക്കേണ്ടതാകുന്നു. തന്നിമിത്തം യിരെമ്യാപ്രവാചകൻ ശാസിക്കുന്ന സ്വരാജ്യസ്നേഹമുള്ളവരായ കള്ളപ്രവാചകന്മാരുടെ കൂട്ടത്തിൽ പ്രവാചകനെ എണ്ണുവാൻ യാതൊരു അവകാശവുമില്ല.

## 4. പുസ്തകത്തിലടങ്ങിയ ഉപദേശം.

യഹോവയുടെ വിശുദ്ധി പാപത്തിന്മേലുള്ള ന്യായവിധിയായി പ്രത്യക്ഷമായ്വരുന്നു. നീതി അനുസരിച്ചു പ്രവൃത്തിപ്പാൻ മനുഷ്യവംശം യഹോവയോടു നിലവിളിക്കുന്നതിൻെറ ഒരു ചിത്രം പുസ്തകത്തിൽ കാണുന്നു. യഹോവ നിരാധാരന്മാരുടെയും മററുള്ളവരാൽ മർദ്ദിക്കപ്പെടുന്നവരുടെയും അഗതികളുടെയും സഹായിയും രക്ഷിതാവും ആണെന്ന് ഈ പുസ്തകത്തിൽനിന്നു ഗ്രഹിക്കേണ്ടതാകുന്നു. ദൈവം കാലക്രമത്തിന്നനുസരിച്ചു ചരിത്രത്തിൽ ജാതികളുടെയും വംശങ്ങളുടെയും ഇടയിൽ തൻെറ ന്യായവിധി നടത്തുന്നു. അവൻ ലോകത്തെ ഭരിക്കുന്നവനും ഓരോരുത്തനും, വമ്പിച്ച രാജ്യങ്ങൾക്കും, അവരവരുടെ പ്രവൃത്തികൾക്കനുസരിച്ചു പ്രതിഫലം കൊടുക്കുന്നവനും ആകുന്നു.

## 5. വിഷയാനുക്രമണിക.

3 അദ്ധ്യായങ്ങളും 47 വാക്യങ്ങളും.

അദ്ധ്യായം 1. പ്രതികാരം ചെയ്വാനുള്ള യഹോവയുടെ പരിശുദ്ധകോപം.

1, 15 ഭാവിസംബന്ധമായ സുവിശേഷം.

അദ്ധ്യായം 2. നീനെവേ ആക്രമിച്ചു പിടിക്കുന്നതിൻെറ വർണ്ണന.

അദ്ധ്യായം 3. നീനെവേ വിതെച്ചപ്രകാരം കൊയ്യും: നീനെവേയുടെ ഉന്മൂലനാശം.

# VIII. പ്രവാചകനായ ഹബക്കൂക്കിൻെറ പുസ്തകം.

## 1. പ്രവാചകൻ.

പേരിൻെറ അൎത്ഥം 'ദൈവത്തിന്നു പ്രിയൻ' എന്നാകുന്നു. അദ്ദേഹത്തെക്കുറിച്ചു വിശേഷിച്ചു ഒന്നും അറിയുന്നില്ല. പുസ്തകപൊരുളടക്കത്തിൽനിന്നുവേണം പ്രവാചകനെ കുറിച്ചു വല്ലതും അറിവാൻ. 3, 19ലെ 'സംഗീതപ്രമാണിക്കു തന്ത്രിനാദത്തോടെ' എന്ന പ്രസ്താവത്തിൽനിന്നു അദ്ദേഹം ദൈവാലയത്തിലെ സംഗീതക്കാരായ ലേവ്യരിൽ ഒരുത്തനായിരിക്കും എന്ന അഭിപ്രായമുണ്ടു. 1 ദിനവൃത്താന്തപുസ്തകം 25, 1–5 വരെയുള്ള വാക്യങ്ങളിൽ വായിക്കുന്ന ആസാഫ്, ഹേമാൻ, യെദൂഥൂൻ എന്നവരെപ്പോലെ ഒരുത്തനായിരിക്കാം.

പ്രവാചകനെ കുറിച്ചു ഒരു പാരമ്പൎയ്യകഥയുണ്ടു. ദാനിയേൽ പ്രവാചകൻ സിംഹങ്ങളുടെ ഗുഹയിൽ അകപ്പെട്ടപ്പോൾ അദ്ദേഹത്തിന്നു ഭക്ഷണം കൊണ്ടുകൊടുപ്പാൻ ഹബക്കൂക്ക് യെരുശലേമിൽനിന്നു ബാബേലിലേക്കു അതിശയമാൎന്നവിധത്തിൽ കൊണ്ടുപോകപ്പെട്ടു എന്നു സെപ്ത്വജിൻററിൽ ബേൽ്ഡ്രേഗൻ എന്നിവരുടെ കഥയിൽ വിവരിച്ചിരിക്കുന്നു. അതു കേവലം വിശ്വാസയോഗ്യമല്ല. 2, 4bൽ 'നീതിമാൻ വിശ്വാസത്താൽ ജീവിക്കും' എന്ന പ്രസ്താവം മതചരിത്രത്തിൽ ഏററവും പ്രമുഖമായ ഒരു സ്ഥാനത്തെ അൎഹിക്കുന്നു. 2, 4b പുതിയ നിയമത്തിൽ ക്രിസ്തീയജീവൻെറ അടിസ്ഥാനമാണ്. ഈ ഉപദേശം ഹേതുവായിട്ടു അദ്ദേഹം പ്രവാചകന്മാരിൽ ഒട്ടും തന്നെ അപ്രധാനനല്ല എന്നു തീൎച്ചയാക്കേണ്ടിയിരിക്കുന്നു.

## 2. വിഷയാനുക്രമണിക.

3 അദ്ധ്യായങ്ങളും 56 വാക്യങ്ങളും.

*a)* 1, 2—4. യെഹൂദായുടെ പാപം ഹേതുവായിട്ടു ദൈവം ശിക്ഷ നടത്താത്തതിനെ കുറിച്ചു പ്രവാചകൻ വിലപിക്കുന്നു.

*b)* 1, 5—11വരെ. യെഹൂദായെ ശിക്ഷിക്കേണ്ടതിന്നു ദൈവം കല്ദയരെ ഒരുക്കുന്നുണ്ടു എന്നാണ് യഹോവയുടെ മറുവടി. എന്നാൽ തങ്ങളുടെ ശക്തിയെ കുറിച്ചുള്ള കൽദയരുടെ അഹംഭാവം ഹേതുവായിട്ടു അവർ ശിക്ഷാർഹന്മാരാണ്.

*c)* 1, 12—17. പ്രവാചകന്നു ഒരു വിഷമം നേരിടുന്നു. കൽദയരെക്കൊണ്ടു ദൈവം യെഹൂദായെ ശിക്ഷിക്കുമ്പോൾ അവർ ദുഷ്ടന്മാരോടുകൂടെ നീതിമാന്മാരെയും നശിപ്പിപ്പാൻ ദൈവം സമ്മതിക്കുമോ?

*d)* 2, 1. പ്രവാചകൻ തന്റെ പ്രവചനഗോപുരത്തിൽ നിന്നുകൊണ്ടു യഹോവയിൽനിന്നുള്ള മറുവടിക്കായി കാക്കുന്നു.

*e)* 2, 2—20. യഹോവയുടെ ഉത്തരം. അവരവരുടെ സ്വഭാവത്തിന്നനുസരിച്ചു ഒരു അന്തം അവരവൎക്കുണ്ടു. കൽദയരുടെ ഗൎവ്വത്തിന്നനുസരിച്ചു അവസാനം അവൎക്കു നാശം.

2, 5—19വരെയുള്ള വാക്യങ്ങളിൽ അഞ്ചു 'കഷ്ടം' എന്ന പ്രസ്താവങ്ങൾ അവൎക്കു പ്രതികൂലമായി ഉച്ചരിച്ചിരിക്കുന്നു. എന്നാൽ നീതിമാൻ തന്റെ വിശ്വാസത്താൽ (വിശ്വസ്തതയാൽ) ജീവിക്കും (4-ാം വാക്യ). ഇപ്രകാരം ദൈവത്തിന്റെ ലോകഭരണ നീതി, ചരിത്രത്തിൽ വെളിപ്പെട്ടുവരുന്നു.

*f)* 3-ാം അദ്ധ്യായം. എബ്രായകവിതയിലെ അതിവിശേഷപ്പെട്ട ഒരു ഗീതമത്രെ ഇതു. യഹോവ ന്യായവിധി

യിൽ പ്രത്യക്ഷനാകുന്നതായിട്ട പ്രവാചകൻ കാണുന്നു. ആ വെളിപ്പാടു അദ്ദേഹത്തിൽ ഒരു വലിയ അനുഭവം വരുത്തി. യഹോവ തന്റെ ക്രോധത്തിൽ കരുണയും കൂടെ പ്രത്യക്ഷപ്പെടുത്തുന്നതിനായിട്ട പ്രവാചകൻ പ്രാൎത്ഥിക്കുന്നു.

## 3. പ്രവൎത്തനകാലം.

ഇതുസംബന്ധമായി ഒരു ക്ലിപ്തകാലം നിശ്ചയിക്കുവാൻ തരമില്ല. അന്യസാമ്രാജ്യങ്ങളുടെ അക്കാലത്തെ അവസ്ഥയും യെഹൂദരാജ്യത്തിന്റെ ആന്തരീകസ്ഥിതിയും സൂക്ഷ്മാവലോകനം ചെയ്യുമ്പോൾ ഒരുവിധം യോജിക്കുന്ന കാലം പ്രസ്താവിപ്പാൻ തരമുണ്ടെന്നു കാണുന്നു. 1, 5–6 പ്രകാരം കൽദയർ തങ്ങളുടെ പ്രാബല്യം പ്രദശിപ്പിപ്പാൻ ആരംഭിച്ചിരിക്കുന്നു എന്നു തോന്നുന്നു. ക്രിസ്തുവിന്നു മുമ്പു 625വരെ പടിഞ്ഞാറെ ആസ്യയിൽ അശ്ശൂർസാമ്രാജ്യാധികാരം അതിന്റെ മൂദ്ധന്യത്തിൽ എത്തിയ കാലമായിരുന്നു. എന്നാൽ അക്കാലത്തു തന്നെയായിരുന്നു നെബുഖദ്നേസരിന്റെ അച്ഛനായിരുന്ന നേബോബാലേസ്സർ സ്വതന്ത്രരാജ്യാധികാരം സ്ഥാപിച്ചതു. കാലക്രമേണ അശ്ശൂർസാമ്രാജ്യത്തിന്നു ക്ഷയം സംഭവിപ്പാൻ ആരംഭിച്ചു. ഒടുവിൽ ക്രിസ്തുവിന്നു മുമ്പു 606ൽ നെബുഖദ്നേസർ അശ്ശൂർസാമ്രാജ്യം കീഴമൎത്തി നീനെവേനഗരം കൈവശപ്പെടുത്തി. 604ൽ നെബുഖദ്നേസർ തനിക്കെതിരെയുള്ള മറെറ വമ്പിച്ച ശക്തിയായ മിസ്രായീമിനെ കാൎക്കെമിശ് യുദ്ധത്തിൽ വെച്ചു ഭയങ്കരമായി തോല്പിച്ചു. തന്നിമിത്തം പ്രവാചകനായ യിരെമ്യാവു പടിഞ്ഞാറൻ ആസ്യ കൽദയരുടെ അധീനത്തിലാകുമെന്നു മുൻകണ്ടു അക്കാലത്തെ യെഹൂദരാജാക്കന്മാരോടു ബാബിലോന്യൎക്കു കീഴടങ്ങി ജീവിപ്പാൻ ബുദ്ധിയുപദേശിച്ചു. എന്നാൽ യെഹൂദരാജാവായ യെഹോയാക്കീം (ക്രിസ്തുവിന്നു മുമ്പു 608–597) മത്സരിച്ചതു ഹേതുവായിട്ട

ബാബിലോന്യർ ഒന്നാം പ്രാവശ്യം ക്രിസ്തുവിന്നു മുമ്പു 600ൽ യെഹൂദരാജ്യത്തെ ആക്രമിച്ചു. അതിനെ കുറിച്ചാണ് നാം 2. രാജാക്കന്മാർ 24, 1ൽ വായിക്കുന്നതു്. തങ്ങൾ അധീനപ്പെടുത്തിയ കീഴരാജ്യങ്ങളോടു എങ്ങിനെയായിരുന്നു കൽദയർ പെരുമാറിയതു എന്നു 2, 5 മുതലായ വാക്കുകളിൽ നിന്നനുമാനിപ്പാൻ ഇടയാകുന്നതിനാൽ അതുസംബന്ധമായ പ്രവാചകൻെറ ഗാഢാലോചന ഈ പ്രവചനം അറിയിപ്പാൻ പ്രേരിപ്പിച്ചു എന്നു വിചാരിക്കാം. തന്നിമിത്തം ക്രിസ്തുവിന്നു മുമ്പു 600ൽ ആയിരിക്കാം പ്രവാചകൻ ഈ പ്രവചനം ചെയ്തതു എന്നു അനുമാനിക്കാവുന്നതാണ്.

## 4. മുഖ്യനിരൂപണം.

ഓരോരുത്തരുടെയും വംശങ്ങളുടെയും ജീവിതത്തിൽ ദൈവനീതി നാം ആശിക്കുന്ന അവസരത്തിൽ പ്രത്യക്ഷപ്പെടുന്നില്ലെങ്കിലും അതു താമസിച്ചാലും ക്ഷമയോടുകൂടെ കാത്തിരുന്നാൽ അന്തത്തിൽ അതു തീച്ചയായും വെളിപ്പെടും. ദൈവത്തിലുള്ള ആശ്രയം ഒന്നുമാത്രമാണ് ഭക്തൻെറ ഭയങ്ങളുടെയും സംശയങ്ങളുടെയും മദ്ധ്യേ, അവൻ നശിച്ചുപോകുന്നു എന്നു തോന്നുമാറുള്ള അവസരത്തിൽ, നീതിമാൻെറ ജീവനെ പരിപാലിക്കുന്നത് (2, 4). ദൈവത്തിൽ തന്നെത്തന്നെ കേവലം ഭരമേല്പിക്കുന്നത് പറഞ്ഞറിയിപ്പാൻ പാടില്ലാത്ത ഒരു സന്തോഷമാകുന്നു (3, 17—19).

# IX. പ്രവാചകനായ സെഫന്യാവിൻെറ പുസ്തകം.

## 1. പ്രവാചകൻ.

പേരിൻെറ അൎത്ഥം 'യഹോവ ഒളിപ്പിച്ചവൻ' (Peakes) എന്നാണ്. പ്രവാചകഗ്രന്ഥതലവാചകത്തിൽ കാണുന്ന പ്രസ്താവമല്ലാതെ അദ്ദേഹത്തെ കുറിച്ച വിശേഷിച്ച ഒന്നും തന്നെ അറിയുന്നില്ല. പ്രവാചകൻ ഹിസ്കീയാവിൻെറ നാലാം തലമുറയിൽ പെട്ടവനാണെന്നു അതിൽ കാണുന്നു. ഹിസ്കീയാ ആരാണെന്നു ഒന്നും പ്രസ്താവിച്ചിട്ടില്ല. എന്നാൽ ഹിസ്കീയാ എന്ന നാമം യിസ്രായേലിൽ സാധാരണ നടപ്പുള്ളതല്ല. വംശാവലി ഇത്രയും സ്പഷ്ടമായും ദീൎഘമായും പ്രസ്താവിച്ചിരിക്കയാൽ ഹിസ്കീയാ എന്നയാൾ യെഹൂദായിലെ രാജാവു തന്നെയാണെന്നു സൎവ്വസമ്മതമാണ്. അങ്ങിനെയായാൽ പ്രവാചകൻ രാജവംശത്തിൽ ഹിസ്കീയാരാജാവിൻെറ കുടുംബത്തിൽ പെട്ടവനായിരുന്നു (Driver). അദ്ദേഹം യിരെമ്യാവു പ്രവാചകൻെറ സമാനകാലീകനായിരുന്നു. പ്രവാചകശിരോമണിയായ 'യെശയ്യാവിൻെറ നിൎയ്യാണത്തിന്നു ശേഷം സുമാറു അൎദ്ധശതാബ്ദകാലത്തോളം പ്രവചനത്തിലുണ്ടായ മൌനതയുടെ ശേഷം ആദ്യമായി പ്രവചിച്ചവനാണ് സെഫന്യാവു (One volume Commentary). പ്രവാചകൻ തൻെറ പ്രവചനം തുടങ്ങിയപ്പോൾ അദ്ദേഹത്തിന്നു 25 വയസ്സു പ്രായമായിരിക്കണം (Hastings Dictionary). ക്രിസ്തുവിന്നു മുമ്പു 621ൽ യൊശീയാരാജാവിൻെറ കാലത്തു നടന്ന നവീകരണത്തിന്നു അദ്ദേഹം മുന്നോടിയായിരുന്നു എന്നു പറയാം.

## 2. കാലം.

ഹിസ്കീയാരാജാവിൻെറ കാലത്തു ദൈവാലയത്തിലെ ആരാധനയിലും മററും ഒരു നവീകരണം നടന്നിരുന്നു. എന്നാൽ 699ൽ രാജാവു മരിച്ചശേഷം മനെശ്ശെയുടെ കാലത്തു കനാന്യരുടെ ബാൽസേവയും അശ്ശൂയ്യരുടെ നക്ഷത്രാരാധനയും (Venus) മററു ജാതികളുടെ ആചാരങ്ങളും യെരുശലേമിലും യെഹൂദ്യായിലും പുനർസ്ഥാപിതമായപ്പോൾ (2 രാജാക്കന്മാർ 21, 1–16) അവ സംബന്ധമായി യാതൊരാക്ഷേപവും ആരും പുറപ്പെടുവിച്ചില്ല. രാജാവും ജനവും ആദ്യകാലത്തിലെ പ്രവാചകന്മാരുടെ ഉപദേശങ്ങൾ നിരാകരിച്ചു പ്രവൃത്തിച്ചു. തങ്ങളെ കീഴമത്തി ഭരിച്ചുവരുന്ന അശ്ശൂയ്യരുടെ മതവും ആചാരങ്ങളും അവർ സ്വീകരിച്ചു. അതെ അവസരത്തിൽ യഹോവാരാധനയും നടത്തിവന്നു. എന്നാൽ വിഗ്രഹാരാധനയാൽ ജനത്തിന്നിടയിൽ നടപ്പായ പാപങ്ങൾ നിമിത്തം അക്കാലത്തെ 'ബാലിന്നു മുട്ടുകുത്താത്തവർ' വളരെ വിഷമിച്ചു. അവർ അതിന്നെതിരെ പ്രവൃത്തിപ്പാൻ പരിശ്രമിച്ചു. ജനവും രാജാവും തൻെറ ഉപദേശത്തെ ചെവിക്കൊള്ളാതിരുന്ന കാലത്തു യെശയ്യാവു പ്രവാചകൻ തൻെറ ശിഷ്യന്മാരോടു തൻെറ ഉപദേശം ഏദിസ്ഥമാക്കി സൂക്ഷിപ്പാൻ ആവശ്യപ്പെട്ടിരുന്നുവല്ലൊ (യെശയ്യാവു 8, 16). അത്തരം ശിഷ്യന്മാർ സെഫന്യാവിൻെറ കാലത്തും ഉണ്ടായിരുന്നു. അവർ ഹൊശേയാ, ആമോസ്, യെശയ്യാവു എന്നീ പ്രവാചകന്മാരുടെ ഉപദേശങ്ങളും പ്രസംഗങ്ങളും ശേഖരിച്ചു അവ പിന്നീടു ക്രിസ്തുവിനു മുമ്പു 621ൽ നടന്ന നവീകരണ കാലത്തു പ്രയോജനപ്പെട്ടു. വല്ലതും കാൎയ്യമായി പ്രവൃത്തിപ്പാൻ ആരംഭിക്കുന്നതിന്നു മുമ്പായി ജനത്തേയും അവരുടെ നായകന്മാരെയും അതിന്നായി ഒരുക്കേണ്ടതാവശ്യമാണല്ലോ. ആമോൻരാജാവിൻെറ പുത്രനും മനെശ്ശെയുടെ പൌത്രനുമായ 8 വയ

സ്സുപ്രായമുള്ള യൊശീയാ രാജാവു വിഗ്രഹാരാധനക്കെതിരായി പ്രവൃത്തിപ്പാൻ പരിശ്രമിച്ച പക്ഷത്തിൻെറ സ്വാധീനത്തിലായി. പ്രവാചകപുസ്തകത്തിൽ രാജാവിൻെറ പാപത്തെ സംബന്ധിച്ച ഒന്നും തന്നെ കാണുന്നില്ല. അതിന്നു പകരം കോവിലകത്തെ ഉദ്യോഗസ്ഥന്മാൎക്കും യെരുശലേമിലെ കച്ചവടക്കാൎക്കും സാമാന്യജനത്തിന്നും എതിരായാണ് പ്രവാചകൻ പ്രസംഗിച്ചതു. രാജാവു ചെറുപ്പക്കാരനും തങ്ങളുടെ ഉപദേശം ചെവിക്കൊൾവാൻ മനസ്സൊരുക്കമുള്ളവനും ആണെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. നടത്തിപ്പുകാരുടെ ദോഷമാണ് എല്ലാററിന്നും കാരണം (1, 10 മുതലായ വാക്യങ്ങൾ). ഒരു നവീകരണം നടത്തുവാൻ പരിശ്രമിച്ച പക്ഷത്തിൻെറ തലവൻ സെഫന്യാപ്രവാചകൻ ആയിരുന്നു. ആയതിനാൽ പ്രവാചകൻ യൊശീയാ രാജാവിൻെറ 18-ാം വയസ്സിൽ നടന്ന (ക്രിസ്തുവിന്നുമുമ്പു 621ൽ) നവീകരണത്തിന്നു മുമ്പനായിനിന്ന് പ്രവൃത്തിച്ചു. പ്രവാചകപുസ്തകപ്രകാരമുള്ള മതസംബന്ധമായും സൽഗ്ഗുണസദാചാര സംബന്ധമായും സാമുദായികമായും ഉള്ള സ്ഥിതികളുടെ വിവരണങ്ങൾ മനെശ്ശെ, ആമോൻ എന്നീ രാജാക്കന്മാരുടെ കാലങ്ങളിലുള്ള അവസ്ഥയോടു തുല്യമാകുന്നു. ക്രിസ്തുവിന്നു മുമ്പു 621ൽ നടന്ന നവീകരണത്തെ കുറിച്ചു പുസ്തകത്തിൽ ഒന്നും കാണാത്തതുകൊണ്ടു പ്രവാചകൻ ആ സംഭവത്തിന്നു മുമ്പായി പ്രവചിക്കയും പ്രവൃത്തിക്കയും ചെയ്തു എന്നു ന്യായമായി അനുമാനിക്കാം. എത്രയോ ക്ഷണത്തിൽ ദേശത്തിലുള്ള വിഗ്രഹാരാധനയും മററും നശിച്ചുപോകും എന്നും പ്രവാചകൻ പ്രത്യാശിക്കുന്നു.

എന്നാൽ പ്രവാചകൻ തൻെറ വേല നടത്തുവാൻ മററൊരു കാരണം പെട്ടെന്നുണ്ടായി. ഒരു ഭയങ്കര ശത്രുപക്ഷം തൻെറ രാജ്യത്തിന്നെതിരെ വരുവാൻ അടുത്തിരിക്കുന്നു എ

ന്നു പ്രവാചകന്നു ബോധ്യമായി. അവർ അശ്ശൂൎയ്യരോ അവരുടെ സഖികളായ ഈജിപ്തുകാരോ അല്ലായിരുന്നു. ക്രിസ്തുവിന്നു മുമ്പ് 627 സിത്ത്യർ എന്ന ഒരു കൂട്ടം ഭയങ്കര പടയാളികൾ മദ്ധ്യധരണിക്കടലിന്റെ കിഴക്കു ഭാഗം ആക്രമിപ്പാൻ തുടങ്ങിയിരുന്നു. യെഹൂദാജനം ആകപ്പാടെ ഞെട്ടി പരിഭ്രമിപ്പാൻ തുടങ്ങി. പ്രവാചകന്റെ ദൂതു ഫലിക്കുന്നതിന്നു അതു യോജിച്ച ഒരു അവസരമായിരുന്നു. ജനത്തിന്റെ പാപത്തെ ശിക്ഷിക്കേണ്ടതിന്നു ദൈവം എടുത്തു ഉപയോഗിക്കുന്ന ആയുധങ്ങളായിട്ടാണ് ശത്രുക്കളെ പ്രവാചകൻ ഗണിക്കുന്നതു. യഹോവയുടെ ദിനം ആ ശത്രുവിന്റെ വരവോടൊന്നിച്ചു ജനത്തിന്നു അനുഭവമായ്വരും എന്നു പ്രവാചകൻ അറിയിച്ചു.

## 3. വിഷയാനുക്രമണിക.

3 അദ്ധ്യായങ്ങൾ 53 വാക്യങ്ങൾ.

I. 1-ാം അദ്ധ്യായം. യെഹൂദായുടെ മേലും ദേശം മുഴുവനിലും വരുവാനുള്ള യഹോവയുടെ ന്യായവിധി ഓൎപ്പിച്ചുംകൊണ്ടു പ്രവാചകൻ ജനത്തെ ഭയപ്പെടുത്തുന്നു.

II. 2, 1—3, 7. മാനസാന്തരത്തിന്നായി പ്രവാചകൻ ജനത്തെ പ്രബോധിപ്പിക്കുന്നു.

2, 1—3 തക്ക അവസരത്തിൽ മാനസാന്തരപ്പെടേണം.

2, 4—15 അഞ്ചു അന്യജാതികൾക്കെതിരെയുള്ള പ്രവചനം.

ഫെലിസ്ത്യർ, മോവാബ്യർ, അമ്മോന്യർ, ഐത്യോപ്യർ, (കൂത്ത്യർ) അശ്ശൂൎയ്യർ.

3, 1—7 യെരുശലേമിന്നെതിരായ പ്രവചനം.

**III.** 3, 8–20 വിശ്വസ്തതയുള്ളവർ രക്ഷിക്കപ്പെടും.
14–20 ദൈവം രാജാവായി ജനത്തെ രക്ഷിക്കു
ന്നതിനാലുള്ള ഭാഗ്യം.

ഈ അംശം പക്ഷെ പ്രവാസത്തിൽ കൂട്ടിച്ചേർത്തതായിരിക്കണം.

18-ാം വാക്യ പ്രവാസകാലത്തെ കുറിക്കുന്നു. (അധികഭാഗവും Driver തുടേതാണ്).

## 4. പുസ്തകവിശേഷത.

യഹോവയുടെ ദിവസം എന്താണെന്നതിനെ കുറിച്ചു നമുക്കു വിശേഷമായ ധാരണ ഈ ഗ്രന്ഥത്തിൽനിന്നു ലഭിക്കുന്നു. പ്രവാസത്തിന്നു മുമ്പു തുടങ്ങിതന്നെ യഹോവയുടെ ദിനം സാർവ്വത്രിക നാശംവരുത്തുന്ന ഒരവസരമാണെന്നു ഇതിൽനിന്നു ഗ്രഹിക്കാവുന്നതാണ്. ആ ദിവസത്തിൽ യെഹൂദന്മാരും ജാതികളും ശിക്ഷയിൽനിന്നു ഒരു പ്രകാരത്തിലും ഒഴിഞ്ഞുപോകയില്ല. എന്നാൽ ദൈവത്തോടു വിശ്വസ്തത കാണിക്കുന്നവർ രക്ഷിക്കപ്പെടും. ന്യായവിധിയോടുകൂടി ആരംഭിക്കുന്ന പുസ്തകം കരുണയോടുകൂടെ അവസാനിക്കുന്നു. സെഫന്യാവു ന്യായവിധിയുടെ പ്രവാചകനാകയാൽ 'മദ്ധ്യനൂററാണ്ടുകളിലെ ക്രിസ്ത്യാനികൾ അദ്ദേഹത്തിൻെറ ചിത്രം കർത്താവു തൻെറ വിളക്കു പിടിച്ചു പാപികളെ തിരഞ്ഞു നടക്കുന്ന പ്രകാരത്തിലാണ് വരച്ചിരിക്കുന്നത്' (Peakes).

## X. പ്രവാചകനായ ഹഗ്ഗായിയുടെ പുസ്തകം.

1. പ്രവാചകൻ. ഹഗ്ഗായി എന്ന നാമത്തിൻെറ അൎത്ഥം 'എൻെറ ഉത്സവം' എന്നാണ്. പ്രവാചകൻ പക്ഷെ ഏതോ ഒരു വലിയ ഉത്സവസമയത്തിൽ ജനിച്ചതിനാലായിരിക്കും ഈ അൎത്ഥമുള്ള പേർ കൊടുത്തത്. (Hastings Dictionary). അദ്ദേഹം പ്രവാസത്തിൽവെച്ചു ജനിച്ച ഒരു ലേവ്യനാണെന്നും അഭിപ്രായമുണ്ടു. പ്രവാസത്തിൽനിന്നു തിരിച്ചുവരുന്നവൻ സന്തോഷത്തെ മുമ്പിൽകൂട്ടി ഓൎത്തു ആ പേർ കൊടുത്തതായിരിക്കണം എന്നാണ് അവരുടെ അഭിപ്രായം. പ്രവാചകനെ കുറിച്ചു വിശേഷിച്ചു ഒന്നുംതന്നെ അറിയുന്നില്ല. ഹഗ്ഗായി ക്രിസ്തുവിനു മുമ്പു 636ൽ സെരുബ്ബാബേലിനോടും യോശുവായോടും ഒന്നിച്ചു ബാബേൽപ്രവാസത്തിൽനിന്നു തിരിച്ചുവന്നവരിൽ ഒരുത്തനായിരുന്നു. അദ്ദേഹത്തെ യെരുശലേമിൽ പുരോഹിതന്മാരോടൊന്നിച്ചാണ് അടക്കം ചെയ്തതു എന്നാണ് റബ്ബിമാരുടെ പാരമ്പൎയ്യം. അദ്ദേഹം സെഖൎയ്യാവു പ്രവാചകൻെറ സമാനകാലീകനായിരുന്നു. ദൈവാലയം പണിയിച്ചതിൽപിന്നെ, പ്രവാചകനെ കുറിച്ചും സെരുബ്ബാബേലിനെ കുറിച്ചും നാം ഒന്നുംതന്നെ കേൾക്കുന്നില്ല (Peakes).

2. കാലം. ഒന്നാമനായ ദാൎയ്യാവേശ് പാൎസ്യസാമ്രാജ്യത്തിൽ (ക്രിസ്തുവിന്നു മുമ്പു 521—486 വരെ) വാണിരുന്നു. അക്കാലത്തു ദാവീദ് വംശക്കാരനായ സെരുബ്ബാബേൽ യെഹൂദായിൽ പാൎസ്യസാമ്രാജ്യം വക ഗവൎണ്ണരായിരുന്നു. കോറേശ് രാജാവായിരുന്നു ആ സ്ഥാനം അദ്ദേഹത്തിന്നു കൊടുത്തതു. തിരിച്ചുവന്ന സമുദായത്തിൻെറ ആത്മീകാധികാരം മഹാപുരോഹിതനായ യോശുവെക്കായിരുന്നു. ബാബേൽപ്രവാസത്തിൽനിന്നു തിരിച്ചുവന്നിട്ടു പതിനാറു

സംവത്സരം കഴിഞ്ഞിരുന്നു. കോറേശിന്റെ കാലത്തും കമ്പീസ്സസ്സിന്റെ കാലത്തും (അഹശ്വരോശ്—എസ്രാ 4, 6)ശമര്യരുടെ തടസ്ഥം പ്രമാണിക്കാതെ യെഹൂദർ ദൈവാലയവേല ബദ്ധപ്പാടോടെ നടത്തിയിരുന്നു. എന്നാൽ മേദ്യനായ സ്മെർടിസി(അൎത്ഥഹ്ശഷ്ടാ—എസ്രാ 4, 7—23)വിന്റെ കാലത്തു ദൈവാലയവേല നിൎത്തൽചെയ്യേണ്ടതിന്നു ശമര്യർ നടത്തിയ അദ്ധ്വാനം ഫലിച്ചു. തന്നിമിത്തം ക്രിസ്തുവിന്നുമുമ്പ് 521ൽ സിംഹാസനാരോഹണം ചെയ്ത മഹാനായ ദാര്യാവേശിന്റെ കാലംവരെ ദൈവാലയവേല സുമാറു 16 സംവത്സരങ്ങളോളം മുടങ്ങിയിരുന്നു. ജനങ്ങൾ തങ്ങൾക്കു വിശേഷപ്പെട്ട ഭവനങ്ങളുണ്ടാക്കി. ദൈവാലയം പാഴായ നിലയിലായിരുന്നു. ദാര്യാവേശ് (ഹിസ്സ്റ്റാപെസ്) രാജാവിന്റെ രണ്ടാം ആണ്ടിൽ (ക്രിസ്തുന്നുമുമ്പ് 520) ഹഗ്ഗായിപ്രവാചകനും സെഖര്യാവു പ്രവാചകനും (എസ്രാ 4, 24; 5, 1—2) ജനത്തിന്റെ ഉപേക്ഷയെ കുറിച്ചു നാലു മാസത്തോളം പ്രബോധിപ്പിച്ചു. തൻനിമിത്തം ദാര്യാവേശ് രാജാവിന്റെ ആറാം വൎഷത്തിൽ അതായതു നാലു വൎഷങ്ങളുടെ ശേഷം (എസ്രാ 6, 14. 15) ദൈവാലയനിൎമ്മാണം പൂൎത്തിയാക്കി.

## 3. വിഷയാനുക്രമണിക.

അദ്ധ്യായങ്ങൾ 2, വാക്യങ്ങൾ 38.

കാലക്രമത്തിന്നനുസരിച്ചു പുസ്തകം നാലു ഭാഗമാക്കാം. ആദ്യ മൂന്നു ഭാഗം ദൈവാലയ നിൎമ്മാണത്തിന്നുള്ള പ്രബോധനയും അവസാനത്തേതു സെരുബ്ബാബേലിന്നുള്ള വാഗ്ദത്തവും ആകുന്നു.

അദ്ധ്യായം 1. ദൈവാലയം പണി ചെയ്വാനുള്ള പ്രബോധന.

1–11 വാക്കുകൾ ആറാം മാസം ഒന്നാം തിയ്യതി.

12–15 വാക്കുകൾ—ആറാം മാസം 24-ാം തിയ്യതി.

അദ്ധ്യായം 2, 1–9. രണ്ടാം ദൈവാലയത്തിൻെറ മഹത്വം. ഏഴാം മാസം ഇരുപത്തി ഒന്നാം തിയ്യതി.

2, 10–19 ദൈവാലയ നിർമ്മാണത്തോടു യോജിച്ചു നില്ക്കുന്ന ഭൌമികാനുഗ്രഹം.

2, 20–23. സെരുബ്ബാബേലിനുള്ള വാഗ്ദത്തം—ഒമ്പതാം മാസം 24-ാം തിയ്യതി (Driver—തിയ്യതികൾ Hastings Dictionary).

## 4. പ്രത്യേകത.

രാഷ്ട്രീയമായ തത്വം തക്കത്തിൽ പ്രയോഗിപ്പാൻ തൻെറ ജനത്തിന്നു കാലോചിതമായ പ്രബോധന കൊടുക്കുന്ന പ്രവൃത്തിയത്നകനായ ഒരു പുരുഷനാണ് ഹഗ്ഗായി എന്നു അദ്ദേഹത്തിൻെറ പുസ്തകത്തിൽനിന്നു തെളിയുന്നു. തൻെറ ജനത്തെ ഒന്നു ഉണർത്തി അവരെക്കൊണ്ടു വലിയ ഒരു പ്രവൃത്തി ചെയ്യിക്കുന്ന ഒരു നേതാവായിട്ടാണ് പ്രവാചകൻ ഇരിക്കുന്നത്.

ആത്മീകജീവൻ, ഭാവിയെ സംബന്ധിച്ച പ്രത്യാശ, ദൈവത്തോടുള്ള ഭക്തി, ജാതിയുടെ പാരമ്പര്യം എന്നിവ നിലനില്ക്കേണ്ടതിന്നു ദൈവാലയം പണിയപ്പെടേണ്ടതാണെന്നു ഗ്രഹിപ്പിക്കുന്നു. അതിനാലാണ് അദ്ദേഹത്തിൻെറ പ്രവാചകാത്മാവു പ്രകാശിക്കുന്നത്.

പ്രവാസത്തിന്നു ശേഷമുള്ള പ്രവാചകന്മാർക്ക, അവർക്ക മുമ്പുള്ള പ്രവാചകന്മാർക്കുള്ളത്ര മഹനീയമായ ആശയങ്ങൾ ഉള്ളതായി കാണുന്നില്ല. ആദ്യകാലത്തിലെ വലിയ പ്രവാചകന്മാരുടെ പ്രവചനങ്ങൾ ഉപയോഗിക്കുന്ന പ്രകാരമാണ് കാണുന്നത്. അക്കാലം പ്രവാചകന്മാരുടെ പ്രവൃത്തി ശാസ്ത്രിമാരുടേതായി മാറിപ്പോകുന്ന കാലത്തിൻെറ ആരംഭമാണെന്നോർക്കണം.

## 5. നാൾവഴിപട്ടിക.

"പാൎസ്സിരാജാവായ കോറേശ് 558—529. ക്രിസ്തുവിന്നു മുമ്പ്—

538—ബാബേലിന്റെ അധഃപതനം.

537—യെഹൂദർ തിരിച്ചുപോവാൻ കോറേശ് അവരെ അനുവദിക്കുന്നു.

536—ഒന്നാം പ്രാവശ്യം 42360 യെഹൂദന്മാർ സെരുബ്ബാബേലിനോടും മഹാപുരോഹിതനായ യോശുവയോടും ഒന്നിച്ചു വാഗ്ദത്തദേശത്തേക്കു തിരിച്ചുപോയി.

520—ഹഗ്ഗായിയും സെഖൎയ്യാവും.

516—രണ്ടാം ദൈവാലയ പ്രതിഷ്ഠ.

കമ്പിസ്സസ് (കോറെശിന്റെ പുത്രനായ അഹശ്വേരോശിന്റെ വാഴ്ചകാലം) 529—522.

521—485. കോറെശിന്റെ മകളുടെ ഭൎത്താവായ ദാൎയ്യാവേശ് ഒന്നാമന്റെ കാലം.

ക്രിസ്തുവിന്നു മുമ്പ് 485—465. ക്സെർക്സസ് (എസ്ഥേർ പുസ്തകത്തിലെ അഹശ്വേരോശ്).

465—424. അൎത്ഥഹ്ശഷ്ടാ ഒന്നാമൻ.

458—പുരോഹിതനും ശാസ്ത്രിയുമായ എസ്രാ ഏകദേശം 150000 യെഹൂദന്മാരോടും അൎത്ഥഹ്ശഷ്ടാ രാജാവിന്റെ എഴുത്തോടും കൂടെ തിരിച്ചുവന്നു.

———

# XI. A. സെഖര്യാവു പ്രവാചകൻെറ പുസ്തകം.

## 1. പ്രവാചകൻ.

സെഖര്യാവു എന്ന നാമമുള്ള 29 പേരെ കുറിച്ചു നാം വിശുദ്ധവേദപുസ്തകത്തിൽ വായിക്കുന്നു (Hastings Dictionary – page 985).

സെഖര്യാവു എന്ന ശബ്ദത്തിൻെറ അൎത്ഥം 'യെഹോവയുടെ ഓൎമ്മ' അല്ലെങ്കിൽ 'യഹോവയുടെ മനുഷ്യൻ' എന്നാകുന്നു. ക്രിസ്തുന്നു മുമ്പു 597ലും 586ലും രണ്ടു തവണ യെഹൂദന്മാരെ കൂട്ടമായി ബാബേലിലേക്കു അടിമകളാക്കി കൊണ്ടുപോയിരുന്നു. എന്നാൽ 538ൽ മഹാനായ കോറേശ് ബാബേൽനഗരം കൈവശപ്പെടുത്തിയ ശേഷം തങ്ങളുടെ സ്വരാജ്യമായ പലസ്തീനായിലേക്കു തിരിച്ചു പോവാൻ യെഹൂദന്മാൎക്കു കല്പന കൊടുത്തിരുന്നു. തദ്ദവസരത്തിൽ ഒരു കൂട്ടം യെഹൂദന്മാർ (ശെഷ്ബാൽ) സെരുബ്ബാബേൽ എന്ന കുലീനനോടൊപ്പം തിരിച്ചുവന്നു (എസ്രാ, 1, 1–11; 2 ദിനവൃത്താന്തം 36, 22–23; യെശയ്യാവു 44, 28; 45, 13). അവരുടെ സംഖ്യ എത്രയാണെന്നു തീൎച്ചയായി നിശ്ചയിപ്പാൻ അസാദ്ധ്യമാണെങ്കിലും അവരിൽ ചില കുലീന കുടുംബങ്ങളുംകൂടെ ഉണ്ടായിരിക്കാം എന്നതിന്നു സന്ദേഹമില്ല. അത്തരക്കാരിൽ ഒരു ബാലനായിരുന്ന (2, 4) സെഖര്യാവു തൻെറ പിതാവിനോടൊരുമിച്ചു തിരിച്ചുവന്നു. അദ്ദേഹം ഇദ്ദോ എന്നയാളുടെ പൌത്രനും ബെരഖ്യ എന്നയാളുടെ പുത്രനുമായിരുന്നു. ഇദ്ദോ എന്നയാളെ കുറിച്ചു നാം നെഹമ്യാവു 12, 4. 16ൽ വായിക്കുന്നു. ബാബേലിൽനിന്നു തിരിച്ചുവന്ന അദ്ദേഹം ഒരു പുരോഹിത കുടുംബത്തിൻെറ തലവനായിരുന്നു.

## 2. കാലം.

യെഹെസ്കേൽ പ്രവാചകൻ മുഖേനയും (16, 17—20; 16, 60—63; 34, 11—31; 36, 26—38; 37, 21—28) ദ്വിതീയ യെശയ്യാവു മുഖേനയും (48, 20; 48, 8—17; 52, 7—12) ജനത്തിൻെറ മതപരമായും സ്വരാജ്യസ്നേഹപരമായും ഉള്ള ബോധം ബലമായി ഉണൎത്തപ്പെട്ടിരുന്നു. എന്നാൽ പ്രവാസത്തിൽനിന്നു തിരിച്ചുവന്ന ശേഷം നേരിട്ട വിവിധ വിഷമങ്ങൾ ഹേതുവായി അവർ അത്യന്തം അധൈൎയ്യപ്പെട്ടിരുന്നു. അവരുടെ ശത്രുക്കൾ അവരെ സദാ സൂക്ഷ്മാവലോകനം ചെയ്തുകൊണ്ടിരുന്നു (എസ്രാ 4, 5. 6). സ്വാതന്ത്ര്യമുള്ള ഒരു ജാതിയായിത്തീരുവാൻ സ്വകാൎയ്യമായി സൎവ്വ പരിശ്രമങ്ങളും അവർ നടത്തുന്നുണ്ടെന്നു പാൎസ്സികോവിലകത്തുദ്ബോധന കൊടുക്കുവാൻ വൈരികൾ യത്നിച്ചു (എസ്രാ 4, 9—16). യെഹൂദജാതിയുടെ ഉത്തമ സഹതാപിയായിരുന്ന മഹാനായ കോറേശ് (ക്രിസ്തുവിന്നു മുമ്പ് 529)ൽ മരിച്ചു. പിൻതുടൎച്ചക്കാരനായ അദ്ദേഹത്തിൻെറ മകൻ കമ്പീസ്സസ് വിശേഷിച്ചു ഒരു സഹായവും അവൎക്കു ചെയ്തുകൊടുത്തിരുന്നില്ല. കമ്പീസ്സസിൻെറ കാലശേഷം വാണ ദാൎയ്യാവേശിൻെറ കാലമായപ്പോഴേക്കു യെഹൂദർ കേവലം അധൈൎയ്യപ്പെട്ടു ക്ഷീണിച്ചുപോയിരുന്നു. തൽകാലം അവരെ ഉത്സാഹിപ്പിച്ചു പ്രോത്സാഹിപ്പിപ്പാനായി ദൈവം ഹഗ്ഗായി സെഖൎയ്യാവു എന്നീ പ്രവാചകന്മാരെ എഴുനീല്പിച്ചു. സെഖൎയ്യാവു ഹഗ്ഗായിയുടെ സമാനകാലീനനായിരുന്നു. അവരുടെ പ്രബോധനകളാൽ ചുണപിടിച്ചവരായ ജനം ദൈവാലയനിൎമ്മാണപൂൎത്തീകരണത്തിന്നായി പ്രവൃത്തിപ്പാനാരംഭിച്ചു (എസ്രാ 5, 1; 6, 14). തന്നിമിത്തം ഒരു മാസത്തിന്നകം ദൈവാലയവേല പുനരുജ്ജീവിച്ചു. അതിൻെറ ശേഷം അദ്ദേഹം 1, 1—6വരെയുള്ള ഭാഗം പ്രവചിച്ചു. ക്രിസ്തുവിന്നു മുമ്പു 521-ാം കൊല്ലത്തിൽ 1, 7—6, 15വ

രെയുള്ള ഭാഗം പ്രവചിച്ചു. രണ്ടു കൊല്ലങ്ങളുടെ ശേഷം 7. 8 എന്നീ അദ്ധ്യായങ്ങളിലെ കാൎയ്യവും പ്രവചിച്ചു.

## 3. വിഷയാനുക്രമണിക.

14 അദ്ധ്യായങ്ങൾ 211 വാക്യങ്ങൾ.

സ്വഭാവത്തിൽനിന്നും സാരസംക്ഷേപത്തിൽനിന്നും വിഭിന്നമായി നില്ക്കുന്ന രണ്ടു ഭാഗമായിട്ടു പുസ്തകം വിഭാഗിക്കാം. അവ 1—8വരെയുള്ള അദ്ധ്യായങ്ങളും 9-14 വരെയുള്ള അദ്ധ്യായങ്ങളും തന്നെ. 1—8വരെയുള്ള അദ്ധ്യായങ്ങൾ പ്രവാചകന്റെ വേലയെ കുറിച്ചു പ്രസ്താവിച്ചിരിക്കെ 9—14വരെയുള്ള ഭാഗം മറെറാരുകാലത്തെ സൂചിപ്പിക്കുന്നു.

I. 1—8വരെയുള്ള അദ്ധ്യായങ്ങൾ.
സെഖൎയ്യാവിന്റെ പ്രവൃത്തിവിവരം.

*a)* 1, 1—6 മുഖവുര—മുമ്പുണ്ടായിരുന്ന പ്രവാചകന്മാരുടെ ശാസന ജനം കേൾക്കാത്തതിനാൽ വന്ന അനൎത്ഥങ്ങൾ ഓൎമ്മപ്പെടുത്തിയുംകൊണ്ടു മാനസാന്തരപ്പെടുവാൻ ജനത്തെ പ്രബോധിപ്പിക്കുന്നു.

*b)* 1, 7—6, 8. ദൈവരാജ്യത്തിന്റെ തികവിനെ കുറിക്കുന്ന എട്ടു രാത്രിദൎശനങ്ങൾ. ഒരു ദൈവദൂതൻ ഓരോ ദൎശനത്തിന്റെയും കാൎയ്യം പ്രവാചകനെ ഗ്രഹിപ്പിക്കുന്നു. ദൈവജനത്തേയും വിശേഷിച്ചു ജനത്തിന്റെ നടത്തിപ്പുകാരായ സെരുബ്ബാബേലിനേയും യോശുവായേയും ദൈവാലയവേലയിൽ ധൈൎയ്യപ്പെടുത്തുന്നു.

1, 7—17. ചുകന്ന കുതിരപ്പുറത്തു കയറിയ ആൾ.

1, 18—21. നാലു കൊമ്പുകളും നാലു ആശാരിമാരും.

2, 1—13. അളവുനൂൽ കൈയ്യിൽ പിടിച്ച ആൾ.

3-ാം അദ്ധ്യായം—സാത്താൻ യോശുവയെ കുററപ്പെടുത്തുന്നു.

4-ാം അദ്ധ്യായം—ഏഴ ശാഖയുള്ള ദൈവാലയവിളക്ക.

5, 1—4. സവ്വദേശത്തേക്കും ശാപമായി പറന്നുപോകുന്ന ചുരുൾ.

5, 5—11. സവ്വ ജനത്തിൻെറയും അകൃത്യം സൂചിപ്പിക്കുന്ന ഏഫയും തങ്ങളുടെ ചിറകുകളിൽ കാററുണ്ടായിരുന്ന രണ്ടു സ്ത്രീകളും.

6, 1—8. ദൈവസന്നിധിയിൽനിന്നു പുറപ്പെട്ട നാലു കുതിരകൾ.

*c*) 6, 9—15. ചരിത്രസംബന്ധമായ അനുബന്ധം. മഹാപുരോഹിതനായ യോശുവെക്കു ഒരു പൊൻകിരീടം ഉണ്ടാക്കുവാൻ പ്രവാചകനോടു ദൈവം ആവശ്യപ്പെടുന്നു. മുമ്പിലത്തെ ഭാഗത്തിൽ സെരുബ്ബാബേലിന്നു ഒന്നുണ്ടാക്കേണം എന്നായിരുന്നു കല്പന. മശീഹായെ കുറിച്ചുള്ള വാഗ്ദത്തവും അദ്ദേഹത്തിന്നു പ്രദാനം ചെയ്യുന്നു. മശീഹാ ജയശാലിയായി വാഴ്ചകഴിച്ചു ദൈവാലയം പൂത്തീകരിക്കും.

*d*) 7. 8 അദ്ധ്യായങ്ങൾ.

7. യഹോവെക്കു ഉപവാസം ഇഷ്ടമില്ല. അവൻെറ കല്പനകൾ അനുസരിക്കുന്നതാകുന്നു അവന്നു പ്രമോദം.

8. മശീഹാരാജ്യത്തിൻെറ ഭാവിയെ പ്രവാചകൻ വണ്ണിക്കുന്നു. അപ്പോൾ ജാതികളും കൂടെ യെഹൂദായുടെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കുകളായിരിക്കും.

അല്ലെങ്കിൽ

I. 1, 1—6, 15 മശീഹാരാജ്യത്തെ സംബന്ധിക്കുന്ന സാദൃശ്യദർശനങ്ങൾ.

II. 7. 8. അദ്ധ്യായങ്ങൾ. ബാബേലിൽനിന്നുള്ള ദൂതു.

III. 9—14. മശീഹാ ത്യജിക്കപ്പെട്ട നിലയിലും തേജസ്കരിക്കപ്പെട്ട നിലയിലും കാണുന്നു (Scofield).

## 4. വിശേഷത.

ഹഗ്ഗായിയും സെഖൎയ്യാവും സമാനകാലീനന്മാരായിരുന്നു. എങ്കിലും അവരുടെ പ്രവചനവിധാനത്തിൽ വ്യത്യാസം കാണുന്നു. ഹഗ്ഗായി നേരിട്ടും സ്പഷ്ടമായും യാതൊരു മറവുകൂടാതെയും പ്രവചിക്കുന്നു. എന്നാൽ സെഖൎയ്യാവു തൻെറ പ്രവചനവിധാനത്തിൽ സാദൃശ്യങ്ങൾ അധികം ഉപയോഗിക്കുന്നു (1, 7—6, 8). ആദ്യപ്രവാചകന്മാരുടെ ഗ്രന്ഥങ്ങളിൽ 'യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു' എന്നു നേരിട്ട വിധത്തിൽ പ്രവചനം കാണുന്നെങ്കിലും യെഹെസ്കേലിൻെറ കാലം തുടങ്ങി ക്രിസ്തുവിന്നു മുമ്പു രണ്ടാം നൂററാണ്ടിൻെറ അവസാനംവരെ സാദൃശ്യമായരൂപത്തിൽ ആണ് യെഹൂദഗ്രന്ഥങ്ങൾ എഴുതിയതായി കാണുന്നത്. സാദൃശ്യങ്ങൾ മുഖേന പ്രവചനപരമായ ദർശനങ്ങൾ ഉണ്ടാവാൻ ബാബേലിലെ അടിമവാസം പ്രേരിപ്പിച്ചു എന്നു തോന്നുന്നു. ബാബിലോന്യർ ഇതിൽ അതിനിപുണന്മാരായിരുന്നു. യെഹെസ്കേൽ പ്രവാചകനും സാദൃശ്യങ്ങൾ ഉപയോഗിച്ചതായി കാണുന്നു. ഏതായാലും നേരിട്ടും സ്പഷ്ടമായും തങ്ങളുടെ പ്രവാചനങ്ങൾ അറിയിച്ച പ്രവാചകന്മാർ എന്നപോലെ സാദൃശ്യങ്ങൾ മുഖേന തങ്ങളുടെ പ്രവചനങ്ങൾ അറിയിച്ചവരും അവരുടെ കാലത്തി

ലെ ജനത്തിൻെറ ശ്രദ്ധയും അനുസരണവും ആകഷിച്ചു എന്നു പറയാം. കത്താവിൻെറ ഉപമകളും സാദൃശ്യങ്ങളും ഗലീലായിലെ സാധാരണ ജനങ്ങൾക്കു എത്രകണ്ടു ഉപകാരമായ്യുന്നുവോ അപ്രകാരം ഇവരുടെ വിധാനവും സാദൃശ്യരൂപേണയുള്ള പ്രവചനവും പ്രയോജനകരമായി തീൎന്നു എന്നു ഓക്കേണ്ടതാകുന്നു. ഈ വിധാനത്തിൻെറ ഫലമായിട്ടാണ് ക്രിസ്തുവിന്നു മുമ്പു 516ൽ ദൈവാലയനിൎമ്മാണം പൂൎത്തിയായതു.

സെഖയ്യാവിൻെറ പുസ്തകം പ്രവചന കാലത്തേയും ശാസ്ത്രിമാരുടെ കാലത്തേയും തമ്മിൽ ബന്ധിക്കുന്ന ഒന്നാകുന്നു. പ്രഭുവായ സെരുബ്ബാബേൽ മഹാപുരോഹിതനായ യോശുവ എന്നിവരിലുള്ള വലിയ പ്രത്യാശ വെളിപ്പാടിൻെറയും പ്രവചനത്തിൻെറയും കാലം അവസാനിപ്പാറായിരിക്കുന്നു എന്നു കുറിക്കുന്നു.

ശത്രുക്കളുടെമേൽ പ്രതികാരം നടത്തുവാനുള്ള ആത്മാവു ഈ പുസ്തകത്തിൽ കാണുന്നില്ല എന്നതു് പ്രത്യേകം ശ്രദ്ധേയമാണ്. പാപം നീങ്ങി (5, 1–11വരെ) സമാധാനവും സമൃദ്ധിയും ആത്മദാനത്തിൽ അനുഗ്രഹവും ഉണ്ടാവാൻ സെഖയ്യാവു പ്രതീക്ഷിക്കുന്നു. ദൈവാലയം പണിയേണ്ടതിന്നായി സെഖയ്യാവു നേതാക്കന്മാരെ പ്രോത്സാഹിപ്പിച്ചെന്നു മാത്രമല്ല ദൈവാലയം, അതിലെ ആരാധന എന്നിത്യാദി സൽഗുണസദാചാരാത്മാവിനാൽ പ്രേരിപ്പിക്കപ്പെടാതിരിക്കുന്നേടത്തോളം അവ വ്യത്ഥമാണെന്നും ഗ്രഹിപ്പിച്ചു—മശീഹാ പ്രവചനങ്ങൾ പുസ്തകത്തിൽ കായ്യമായുണ്ടു. കത്താവിൻെറ രണ്ടു വരവിനെ കുറിച്ചും പുസ്തകം പ്രസ്താവിക്കുന്നു. അവ സെഖയ്യാവു 9, 9ഉം (മത്തായി 21, 1–11) 14, 3. 4ഉം ആണ്.

---

## XI. B. സെഖര്യാവു പ്രവാചകൻെറ പുസ്തകം.

(തുടച്ച്.)

### 9—14വരെയുള്ള അദ്ധ്യായങ്ങൾ.

ഈ പുസ്തകത്തിൻെറ 9—14വരെയുള്ള അദ്ധ്യായങ്ങൾ സെഖര്യാപ്രവാചകൻ അല്ല എഴുതിയതു എന്നു ഇക്കാലത്ത് സവ്വസമ്മതമാണ്. ആ വസ്തുതയോടു യെഹൂദന്മാരുടെ പാരമ്പര്യവും യോജിക്കുന്നു എന്നതിന്നു തെളിവു നാം മത്തായി 27, 9. 10. മുതലായ വാക്യങ്ങളിൽ കാണുന്നു. അവിടെ സെഖര്യാവു 11, 12-ാമത്തെ വാക്യം ഉദാഹരിച്ചതു യിരെമ്യാവു പ്രവാചകൻെറ വാക്യമായിട്ടാണ്.

1—8വരെയുള്ള അദ്ധ്യായങ്ങൾക്കും 9—14 വരെയുള്ള അദ്ധ്യായങ്ങൾക്കും തമ്മിലുള്ള ചില വ്യത്യാസങ്ങൾ ഇതു സംബന്ധമായി നാം ആദ്യം കുറിക്കൊണ്ടാൽ പ്രവാചകഗ്രന്ഥത്തിൻെറ രണ്ടാം ഭാഗം (9—14) സെഖര്യാവു പ്രവാചകനല്ല എഴുതിയതു എന്നു സ്പഷ്ടമായി വരുന്നതാണ്.

| 1—8 വരെയുള്ള അദ്ധ്യായങ്ങൾ. | 9—14 വരെയുള്ള അദ്ധ്യായങ്ങൾ. |
| --- | --- |
| ഈ ഭാഗത്തിൽ സെരുബ്ബാബേലിനെക്കുറിച്ചും യോശുവയെക്കുറിച്ചും നാം ഇടക്കിടെ വായിക്കുന്നു. | ഈ അംശത്തിൽ ഇവരെ കുറിച്ചു യാതൊരു പ്രസ്താവവുമില്ല. |
| ബാബേലിനെക്കുറിച്ചു പ്രസ്താവിക്കുന്നു. | ആദ്യഭാഗത്തിൽ പ്രസ്താവിക്കപ്പെടാത്ത പുതിയ നഗരങ്ങൾ, രാജ്യങ്ങൾ എന്നിവയെ കുറിച്ചു പ്രസ്താവിച്ചിരിക്കുന്നു. |
| | ദൃഷ്ടാന്തമായി: ദമസ്കോസ്, ഈജിപ്ത്, ഹാമാത്ത്. |

| | |
|---|---|
| ജനം ദൈവാലയ നിൎമ്മാണത്തിൽ ഏൎപ്പെട്ടിരിക്കുന്നതായി പ്രസ്താവിച്ചിരിക്കുന്നു. | ഈ അംശത്തിൽ ദൈവാലയത്തെക്കുറിച്ചു വിശേഷിച്ചു ഒന്നും വായിക്കുന്നില്ല. |
| 1, 11ൽ സൎവ്വഭൂമിയും സ്വസ്ഥമായിരിക്കുന്നതായി പ്രസ്താവിച്ചിരിക്കുന്നു. | ഈ അംശത്തിൽ യുദ്ധം നാശം, കഷ്ടത, വിലാപം എന്നിവയുള്ളതായി കാണുന്നു. |
| കൃത്യതിയ്യതികൾ ഈ ഭാഗത്തിൽ പ്രവാചകൻ പ്രസ്താവിക്കുന്നു. 1, 1 ഒത്തുനോക്കുക. | 9, 1ലും 12, 1ലും 'പ്രവചനം' എന്നല്ലാതെ പ്രവചനങ്ങൾ ഉണ്ടായ തീയ്യതികളെ കുറിച്ചു ഒന്നും പ്രസ്താവിച്ചിട്ടില്ല. |
| ഒരുക്കൂട്ടം ദൎശനങ്ങൾ കൃത്യതിയ്യതിയോടും ഒരേ തലക്കെട്ടോടും ('ഞാൻ തലപൊക്കിനോക്കി' 2, 1; 5, 1; 6, 1) കൂടെ പ്രസ്താവിച്ചിരിക്കുന്നു. | ഈ ഭാഗത്തിലെ ദൎശനങ്ങളുടെ സ്വഭാവവും അവ എഴുതപ്പെട്ട ഭാഷയും ആദ്യഭാഗത്തിൽനിന്നു വ്യത്യസ്ഥപ്പെട്ടതാകുന്നു. |

9–14 വരെയുള്ളഭാഗം സൂക്ഷ്മമായി പരിശോധിച്ചാൽ പ്രത്യേക രണ്ടു പ്രവചനങ്ങൾ ആ ഭാഗത്തുണ്ടു എന്നു അഭിപ്രായപ്പെടേണ്ടിയിരിക്കുന്നു.

1) 9–11 വരെയുള്ള അദ്ധ്യായങ്ങളും.

2) 12–14 വരെയുള്ള അദ്ധ്യായങ്ങളും.

9–11 വരെയുള്ള ഭാഗം ഹൊശെയാവു, യെശയ്യാവു എന്നീ പ്രവാചകന്മാരുടെ കാലത്തേയും 12–14 വരെയുള്ള ഭാഗം യിരെമ്യാവു പ്രവാചകന്റെ കാലത്തേയും കുറിക്കുന്നു എന്നാണ് അഭിപ്രായം.

1) 9–11 വരെയുള്ള അദ്ധ്യായങ്ങൾ.

a) കാലം.

ഈ അദ്ധ്യായങ്ങൾ 722ന്നു മുമ്പായിരിക്കേണം എഴുതപ്പെട്ടതു്. അശ്ശൂർപ്രവാസവും ബാബേൽപ്രവാസവും സംഭവിച്ചിട്ടില്ല എന്നു വിവരണത്തിൽ നിന്നു തെളിയുന്നു. എന്നാൽ ക്രിസ്തുവിന്നു മുമ്പു് 734ൽ ഒരു കൂട്ടം യിസ്രായേല്യരെ ആദ്യമായി അടിമകളാക്കി അശ്ശൂർരാജ്യത്തിലേക്ക കൊണ്ടുപോയ വിവരത്തെ കുറിച്ചു പ്രസ്താവമുണ്ടു (9, 11മുതലായ വാക്കുകളും 2 രാജാക്കന്മാർ 15, 19). എന്നാൽ ദശഗോത്രം മുഴുവനായി അശ്ശൂരിലേക്ക പ്രവാസികളായി പോവാനുള്ള സമയം ഏററവും അടുത്തിരിക്കുന്നു എന്നു പ്രവാചകൻ ഈ അംശത്തിൽ പ്രസ്താവിച്ചിരിക്കുന്നു (10, 9). ഒരു മാസത്തിന്നുള്ളിൽ ദൈവം ഛേദിച്ചു മൂന്നു ഇടയന്മാർ രണ്ടാമനായ യെരൊബെയാമിൻെറ പുത്രൻ സെഖയ്യാവും, ശല്ലൂമും രാജാസനം കൈവശപ്പെടുത്തുവാൻ പരിശ്രമിച്ചു അറിയപ്പെടാത്ത മറെറാരുത്തനും ആകുന്നു. യിസ്രായേലിൻെറ മതപരമായും സൽഗുണ സംബന്ധമായും ഉള്ള അവസ്ഥ പ്രവാസത്തിന്നു മുമ്പുള്ളതത്രെ. പത്താം അദ്ധ്യായത്തിൽ നാം വിഗ്രഹാരാധനയെ കുറിച്ചും ഒരു കൂട്ടം കള്ളപ്രവാചകന്മാരെ കുറിച്ചും വായിക്കുന്നു. പ്രവാസത്തിന്നു ശേഷം ഈ വിധം സംഗതികളെ കുറിച്ചു പ്രവാചകന്മാർ ആക്ഷേപിക്കുന്നില്ല. ഫൊയിനിക്യ, സുറിയ, ഫിലിസ്ത്യ എന്നീ രാജ്യങ്ങൾ സ്വാധീനതയുള്ള രാജ്യങ്ങളായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഗസ്സാ പട്ടണത്തിന്നു സ്വന്തം രാജാവുണ്ടു (9, 3). ഹൊശേയാവു, യെശയ്യാവു എന്നീ പ്രവാചകന്മാരുടെ കാലത്തെന്നപോലെ അശ്ശൂർ ഈജിപ്തു് എന്നീ രാജ്യങ്ങൾ മഹാശക്തിയുള്ളവയായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. എന്നാൽ സെഖയ്യാവു പ്രവാചകന്നു എത്രയോ കാലം മുമ്പെ അശ്ശൂർ സാമ്രാജ്യം നശിച്ചുപോയതായിട്ടു നാം അറിയുന്നു.

മേൽ പ്രസ്താവിച്ച കാരണങ്ങൾ ഹേതുവായി 9—11 വരെയുള്ള അദ്ധ്യായങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്ന സാമുദായികവും സൽഗുണസംബന്ധവും മതപരവുമായ രാജ്യസ്ഥിതി ശമർയ്യായുടെ നാശത്തിന്നു മുമ്പുള്ള കാലാവസ്ഥയെ കുറിക്കുന്നു.—എന്നാൽ പ്രവാസകാലത്തെ സൂചിപ്പിക്കുന്ന ഒന്നു രണ്ടു പ്രസ്താവങ്ങൾ ഈ ഭാഗങ്ങളിൽ കാണുന്നത് കേവലം അവഗണിപ്പാൻ പാടില്ല എന്നു മാത്രം ഇവിടെ പ്രസ്താവിക്കുന്നു. 9, 9ൽ 'ഇതാ നിന്റെ രാജാവു വരുന്നു' എന്നും 9, 13ൽ യവനന്മാരെ കുറിച്ചുള്ള പ്രസ്താവവും ആണ് അവ (Driver).

## b) വിഷയാനുക്രമണിക.

1) അദ്ധ്യായങ്ങൾ 9. 10. യിസ്രായേലിന്നുള്ള വാഗ്ദത്തവും അവരുടെ ശത്രുക്കൾക്കെതിരേയുള്ള ഭീഷണിയും.

9, 1—7. സുറിയായിക്കു വിരോധമായ പ്രവചനം.

9, 8—10. സമാധാനരാജാവു കഴുതപ്പുറത്തു കയറിയവനായി സീയോനിലേക്കു പ്രവേശിക്കും.

9, 11—17. യഹോവാ അടിമകളെ പ്രവാസത്തിൽനിന്നുദ്ധരിക്കും (734ലെ ആദ്യപ്രവാസം ഉണ്ടായതിനെ കുറിച്ചുള്ള പ്രവചനം).

10-ാം അദ്ധ്യായം. വിഗ്രഹങ്ങളിൽ ആശ്രയിക്കാതെ യഹോവയിൽ ആശ്രയിക്കേണം.

2) അദ്ധ്യായം 11. എഫ്രായീമിന്നെതിരെയുള്ള ന്യായവിധിയുടെ പ്രസ്താവം.

3) അദ്ധ്യായങ്ങൾ 12—14. ഈ അദ്ധ്യായങ്ങൾ ക്രിസ്തുവിന്നു മുമ്പു 586ന്നു മുമ്പെയാണ് എഴുതപ്പെട്ടത്. യെഹൂദാരാജ്യത്തെക്കുറിച്ചു മാത്രമേ ഈ അംശത്തിൽ പ്രസ്താവിച്ചിട്ടുള്ളൂ. യിസ്രായേലിനെ കുറിച്ചു ഒരു പ്രസ്താവവുമില്ല. യെഹൂദായിൽ ഒരു രാജാവു വാഴുന്നതായും വിവരണത്തിൽ

കാണുന്നു. എന്നാൽ രാജാവിന്റെ പേർ പറയപ്പെട്ടിട്ടില്ല. യിരെമ്യാവു പ്രവാചകന്റെ കാലത്തിൽ ജനങ്ങൾ വിഗ്രഹങ്ങളിൽ ആശ്രയിച്ചതു പോലെയുള്ള ഒരു സ്ഥിതിയാണ് 13, 2—6 വരെയുള്ള അംശത്തിൽ കാണുന്നത്. തന്നിമിത്തം ഈ അംശം യെരുശലേം നാശത്തിന്നു മുമ്പായി എഴുതപ്പെട്ടു എന്നു തീരുമാനിക്കാവുന്നതാണ്.

എന്നാൽ 9—14 വരെയുള്ള അദ്ധ്യായങ്ങൾ 'ചെറിയപ്രവാചക' ഗ്രന്ഥങ്ങൾ കൂട്ടിചേൎത്ത ആൾ സെഖൎയ്യാവു പ്രവാചകന്റെ ഗ്രന്ഥത്തോടു അതായതു 1—8 വരെയുള്ള അദ്ധ്യായങ്ങളോടു ചേൎത്തു വെച്ചതായിരിക്കണം.

## XII. മലാഖിപ്രവാചകപുസ്തകം.

### 1. ഗ്രന്ഥരചയിതാവു്.

മലാഖി എന്ന പദത്തിൻെറ അൎത്ഥം 'എൻെറ ദൂതൻ' എന്നാണ്. മലാഖി എന്ന നാമധേയത്തോടുകൂടിയ ആളെക്കുറിച്ചു നാം വിശേഷിച്ചൊന്നും അറിയുന്നില്ല. ഈ നാമം മററാരേടത്തും പ്രസ്താവിച്ചിട്ടില്ല. സെഖൎയ്യാവു 9, 1; 12, 1 എന്നീ ഭാഗങ്ങളിൽ കാണുന്ന തിയ്യതിയും ആളുടെ പേരും മററും ഇല്ലാത്ത പ്രത്യേക പ്രവചനതലവാചകം നിമിത്തം ആ ഭാഗങ്ങളുടെ ഗ്രന്ഥകൎത്താവിനെ കുറിച്ചു ഒരു തിട്ടമായ അഭിപ്രായം പറവാൻ അസാദ്ധ്യമാണ് എന്നു നാം മുമ്പു കണ്ടിരിക്കുന്നു. അതേതരത്തിലുള്ള തലവാചകമാണ് ഈ ഗ്രന്ഥത്തിൽ 1, 1ൽ കാണുന്നത്. മേൽ പ്രസ്താവിച്ച ന്യായത്തിന്നനുസരിച്ചു ഈ ഗ്രന്ഥകൎത്താവു ആരാണെന്നു തീൎച്ചപ്പെടുത്തുവാൻ തരം പോരാ.—എന്നാൽ താൎഗ്ഗുമിൽ (അറമിയ ഭാഷയിലേക്കുള്ള എബ്രായ പഴയനിയമ തൎജ്ജമകൾ) മലാഖി പ്രവചനഗ്രന്ഥകൎത്താവു എസ്രയായിട്ടാണ് പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. ജെറോം, കലവിൻ മുതലായവരും ഈ അഭിപ്രായക്കാരായിരുന്നു. ക്രിസ്തുവിന്നു മുമ്പു അഞ്ചാം നാലാം നൂററാണ്ടുകൾ തുടങ്ങി കൎത്താവിൻെറ ജനനം വരെയുള്ള കാലത്തിലുണ്ടായ യെഹൂദസഭയുടെ ജീവിതത്തിന്നു പ്രമാണവും കേന്ദ്രവും ആയിരുന്നതു മോശെയുടെ ന്യായപ്രമാണമായിരുന്നു. പ്രവചനകാലം കഴിഞ്ഞിരുന്നു എന്നു നാം ഓൎക്കുമല്ലോ. ന്യായപ്രമാണത്തെ കുറിച്ചു പ്രത്യേകം പ്രസ്താവയോഗ്യമായതൊക്കയും എസ്രക്കായിരുന്നു ആരോപിക്കപ്പെട്ടത്. മലാഖിയുടെ ഗ്രന്ഥത്തിൽ ന്യായപ്രമാണസംഗതികൾക്കു ഒരു മുഖ്യസ്ഥാനം കല്പിക്കപ്പെട്ടിട്ടുണ്ടല്ലോ. ദൃഷ്ടാന്തം ലേവിയെക്കുറിച്ചു ഈ പുസ്തകത്തിൽ 2, 4. 5ലും സംഖ്യാ 18,

21–32 വരെ പ്രസ്താവിച്ചതും ദശാംശത്തെക്കുറിച്ചു 3, 10ലും ലേവ്യ 27, 30–32 വരെ പ്രസ്താവിച്ചതും 4, 4ലും പുറപ്പാടു 25, 10–13 വരെയും പ്രസ്താവിച്ചതും ഒത്തുനോക്കുക. തന്നിമിത്തം താർഗ്ഗുമിൽ മലാഖിപ്രവചനം എസ്രയുടേതായി ഗണിക്കപ്പെട്ടതിൽ ആശ്ചര്യപ്പെടുവാനില്ല.— എന്നാൽ താർഗ്ഗുമിൽ കാണുന്ന വസ്തുതയിൽനിന്നു മറെറാരു കാര്യമായ അനുമാനം സ്വീകരിക്കാമല്ലോ. അതായതു ഒരു കാലത്തോളം മലാഖിപ്രവചനപുസ്തകത്തിന്നു ഒരു ഗ്രന്ഥകത്താവു കല്പിക്കപ്പെട്ടിട്ടില്ലായിരുന്നു. പ്രവചനഗ്രന്ഥം എഴുതിയ ആളെക്കുറിച്ചു തിട്ടമായ ഒരഭിപ്രായമുണ്ടായിരുന്നെങ്കിൽ 'ചെറിയ പ്രവാചകന്മാരുടെ' ഗ്രന്ഥങ്ങൾ കൂട്ടിച്ചേത്ത ആൾക്കു ഈ ഗ്രന്ഥകത്താവിൻെറ നാമം വിസ്മരിച്ചുപോവാൻ (താർഗ്ഗുമിൽ പറയുംപ്രകാരം എസ്രയാണെങ്കിൽ) തരമുണ്ടായിരുന്നില്ല.

മേൽ പ്രസ്താവിച്ച സംഗതിനിമിത്തം മലാഖി എന്ന പദം ഒരു പ്രത്യേകനാമമായെടുപ്പാൻ തരമില്ലെന്നു അഭിപ്രായപ്പെടാം. 1, 1ൽ കാണുന്ന മലാഖി എന്ന ശബ്ദവും 3, 1ൽ കാണുന്ന 'എൻെറ ദൂതൻ' എന്ന പദവും ഒരേ അത്ഥമുള്ളതാകുന്നു. അതൊരു വിശേഷണപദമായുപയോഗിച്ചു എന്നു വിചാരിപ്പാനാണ് ന്യായം കാണുന്നത്. പ്രവാസത്തിന്നു മുമ്പു വളരെ കള്ളപ്രവാചകന്മാരുണ്ടായിരുന്നുവല്ലോ. അവരാണ് പ്രവാസത്തിന്നു കാരണമായ്ഭവിച്ചതു. പ്രവാസശേഷം ക്രമേണ പ്രവാചകന്മാരുടെ കാലം അവസാനിച്ചു എന്നു നാം അറിയുന്നു. പ്രവാസശേഷമുള്ള ആദ്യപ്രവാചകന്മാരിൽ ഒരുത്തനായ ഹഗ്ഗായി, പ്രവാസത്തിന്നു മുമ്പുണ്ടായിരുന്ന കള്ളപ്രവാചകന്മാരിൽനിന്നു തന്നെ വേർപെടുത്തി തൻെറ യഥാത്ഥ പ്രവചനസ്വഭാവം പ്രദശിപ്പിക്കേണ്ടതിന്നു 'യഹോവയുടെ ദൂതനായ' (1, 13) എന്ന വിശേഷണം തൻെറ നാമത്തിന്നു

...ൻപായി ഉപയോഗിച്ചതായി കാണുന്നു. പഴയനിയമ സംഹിതയിലെ അന്ത്യഗ്രന്ഥത്തിൻെറ കത്താവോ അഥവാ ചെറുപ്രവാചകഗ്രന്ഥങ്ങൾ കൂട്ടിച്ചേൎത്ത ആളോ ഈ പ്രവചനത്തിൻെറ യഥാത്ഥ സ്വഭാവം പ്രത്യക്ഷപ്പെടുത്തുവാൻ മലാഖി (എൻെറ ദൂതൻ) എന്ന വിശേഷണപദം ഗ്രന്ഥത്തിന്നുപയോഗിച്ചതായിരിക്കണം.

## 2. കാലം.

*a*) രണ്ടാം യെശയ്യാവിൻെറ ആശ്വാസ വാക്കുകളാൽ ആവേശിക്കപ്പെട്ടവരും പ്രത്യാശയുള്ളവരുമായി മടങ്ങിവന്നവർ യെരൂശലേമിൽവെച്ചു നേരിട്ട വിവിധ കഷ്ടാനുഭവങ്ങളാലും കൃഷിയിലും മററും ഉണ്ടായ നഷ്ടങ്ങളാലും ദൈവസ്നേഹത്തിൽ ജനം വലിയ സംശയമുള്ളവരായിതീൎന്ന കാലത്തിൽ (1, 2) അവരെ ആശ്വസിപ്പിച്ചു ധൈൎയ്യപ്പെടുത്തേണ്ടതിന്നായി ഈ പ്രവചനം ഉണ്ടായി.

*b*) ഹഗ്ഗായി 1, 1–14; നെഹെമ്യാവു 5, 14 എന്നീ വാക്യാംശങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന ദേശാധിപതി എന്ന ശബ്ദത്തിന്നുപയോഗിച്ച പദം പാൎസ്യവാക്കാണ്. അതേ പാൎസ്യശബ്ദമാണ് 1, 8ൽ ഉപയോഗിച്ചിരിക്കുന്നത്. അതുനിമിത്തം ഈ ഗ്രന്ഥം രചിക്കപ്പെട്ട കാലം രചയിതാവും അദ്ദേഹത്തിൻെറ ദേശവും പാൎസ്യ സാമ്രാജ്യത്തിന്നധീനമായിരുന്ന കാലത്തായിരിക്കണം.

*c*) ദൈവാലയം പണിയപ്പെട്ട പ്രതിഷ്ഠ കഴിഞ്ഞതിൽപിന്നെ (ക്രിസ്തുവിന്നു മുമ്പു 516ൽ) കുറെ കാലത്തോളം ദൈവാലയത്തിൽ കമ്മാനുഷ്ഠാനങ്ങൾ നടന്ന ശേഷമായിരിക്കേണം ഈ പ്രവചനം രചിക്കപ്പെട്ടതു.

*d*) പ്രവാചകഗ്രന്ഥത്തിൽ ആക്ഷേപിക്കുന്ന സംഗതികൾ എസ്രായുടെയോ നെഹമ്യായുടെയോ കാലത്തെ സൂചിപ്പിക്കുന്നു.

1. ജനങ്ങൾ അഗണ്യഭാവമുള്ളവരും അവിശ്വാസികളും ദുന്നടവടിക്കാരും ആയ സ്വഭാവക്കാരായിട്ടാണ് പ്രവാചകൻ അവരെ വണ്ണിക്കുന്നത് (3, 5).

2. ദൈവാലയത്തിലെ കമ്മാനുഷ്ഠാനങ്ങളിൽ കാണായ്വരുന്ന അശുദ്ധിയെ കുറിച്ചു പ്രവചനത്തിൽ പുരോഹിതന്മാരെ ശാസിക്കുന്നു (1, 7. 8. 14).

3. പുരോഹിതന്മാർ ഉൾപ്പെടെ ജനങ്ങളിൽ പലരും അന്യജാതികളായ സ്ത്രീകളെ വിവാഹം കഴിച്ചതുനിമിത്തം പ്രവാചകൻ അവരെ ശാസിക്കുന്നു (2, 11). നെഹെമ്യാവു രണ്ടാം പ്രാവശ്യം യെരുശലേമിൽ തിരിച്ചു വന്നപ്പോഴുള്ള അവസ്ഥ ഇതായിരുന്നു. (എസ്രാ 9, 2; 10, 3. 16–44; നെഹെമ്യാവു 10, 33 മുതലായ വാക്കുകൾ; 13, 7 തുടങ്ങിയ വാക്കുകൾ ഒത്തുനോക്കുക). പ്രവചന ഗ്രന്ഥത്തിൽ എസ്രാ നെഹെമ്യാവു എന്നിവരെക്കുറിച്ചു ഒന്നും തന്നെ പ്രസ്താവിച്ചിട്ടില്ലാത്തതിനാൽ അവരുടെ കാലത്തിന്നു അല്പം മുമ്പായിരിക്കാം പ്രവാചകൻ പ്രവചിച്ചു പ്രവൃത്തിച്ചതു. (ക്രിസ്തുന്നു മുമ്പു 475–450).

## 3. വിശേഷത.

പഴയ നിയമത്തിലെ ഉഭയസമ്മതത്തിൻെറ അന്ത്യപ്രവചനഗ്രന്ഥകത്താവു പുതുനിയമത്തിലെ ഉഭയസമ്മതകത്താവിൻെറ മുന്നോടിയെ കുറിച്ചു പ്രസ്താവിച്ചിട്ടുള്ളത് പ്രസ്താവയോഗ്യമാണ്. പരസ്യാരാധനയിലെ ശുദ്ധീകരണം പ്രവാചകന്നു ഒരു വൻകാൎയ്യമായുള്ള നിലയിലാണ് താൻ പ്രസ്താവിക്കുന്നത്. അപ്രകാരം കമ്മാചാരത്തിലും വലിയ തീക്ഷ്ണത പ്രവാചകൻ പ്രത്യക്ഷപ്പെടുത്തുന്നു.

പ്രവാചകൻെറ ഭാഷ മററു പ്രവാചകന്മാരിൽനിന്നു ഒരുവിധം വ്യത്യസ്ഥപ്പെട്ടതും സാധാരണയായിട്ടുള്ളതും ആണ്. പ്രവാചകൻ ഒരു കാൎയ്യത്തെ സംബന്ധിച്ച സത്യം

ആദ്യം ചുരുങ്ങിയ വിധത്തിൽ പ്രസ്താവിച്ചശേഷം അതിന്നു എതിരായ സംഗതി പ്രസ്താവിച്ചു, കാൎയ്യത്തെ തെളിയിച്ചതിൽപിന്നെ, അവസാനം താൻ ആദ്യം പ്രസ്താവിച്ച സത്യം വീണ്ടും പ്രസ്താവിച്ച ശേഷമാണ് അവസാനിപ്പിക്കാറു. താൻ പ്രബോധിപ്പിപ്പാൻ വിചാരിക്കുന്നത് ചോദ്യോത്തരവിധാനം മുഖാന്തരമായ 'ന്യായവാദത്താലാണ്' നടത്തിയത്. 1, 2 മുതലായ വാക്യങ്ങളും 2, 13–17; 3, 7 മുതലായ വാക്യങ്ങളും 13-ാം വാക്യം നോക്കുക (Peakes).

## 4. വിഷയസംഗ്രഹം.

അദ്ധ്യായങ്ങൾ 4. വാക്യങ്ങൾ 55.

A അദ്ധ്യായം 1. യഹോവെയ്ക്കു തന്റെ ജനത്തോടുള്ള സ്നേഹം.
അദ്ധ്യായം 2. പുരോഹിതന്മാരുടെ പാപം.
അദ്ധ്യായം 3. ജനത്തിന്റെ പാപം.
അദ്ധ്യായം 4. യഹോവയുടെ ദിവസം (Scofield Bible).

B അദ്ധ്യായം 1, 1–5. യഹോവക്കു ജനത്തോടുള്ള സ്നേഹം.

1, 6–2, 9. യിസ്രായേലിന്റെ കൃതഘ്നത. അശുദ്ധിയും ഊനവുമായുള്ള മൃഗങ്ങളെ യാഗത്തിന്നു സ്വീകരിക്കുന്നതിൽ പുരോഹിതന്മാർ കുറ്റക്കാരാകുന്നു.

2, 10–16. അന്യജാതിസ്ത്രീകളുമായ വിവാഹത്തെ ശാസിക്കുന്നു.

2, 17–3, 6. കുറ്റക്കാരായ പുരോഹിതന്മാരുടെ മേലും ജനത്തിൽ ദുഷ്ടന്മാരായവരുടെ മേലും വരുവാനുള്ള യഹോവയുടെ ദിവസം.

3, 7–12 ദശാംശവും മറ്റും കൊടുക്കാത്തതിനാൽ കൃഷിയിലും മറ്റും നഷ്ടം വരുത്തുന്നു. ഗുണകരമായ

മാററം സംഭവിച്ചാൽ അനുഗ്രഹം ഉണ്ടാകും എന്നു വാഗ്ദത്തം ചെയ്യുന്നു.

3, 13–4, 6. യഹോവയുടെ ദിവസം വരുമെന്നു വീണ്ടും പ്രസ്താവിക്കുന്നു. ജനങ്ങളെ യഥാത്ഥമാനസാന്തരത്തിലേക്കു നടത്തുവാൻ ആ ദിവസത്തിലേക്കു ഏലീയാ വരും. (Hastings Dictionary).

ന്യായയുക്തമായുള്ള വിചാരഗതിക്കനുസരിച്ച ഗ്രന്ഥം താഴെ കാണിക്കുന്ന വിധത്തിലായിരിക്കണം.

1, 14 & 3, 7–12.

2, 17–3, 6.

3, 13–4, 3.

(One vol. Commentary).

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M200 *Acc. No.* 13060

This book should be returned on or before the date last stamped below.

7 AUG 1967
4 MAR 1977
2 8 SEP 1980
1 JUN 1987
13 APR 2002
-9 MAR 2004
1 NOV 2012

M200 13060

മാർക്സ്: ഒരു.

[illegible]

[illegible]

KOTTAYAM PUBLIC LIBRARY

Call No. M.220 Acc. No. 13060

Author ..... മർക്ക് ..... ങ്ക ...

Title പന്ത്രണ്ടു ചെറിയ പ്രവാചക
ന്മാരുടെ ഗ്രന്ഥങ്ങൾ